**ധനകാര്യം**

## i) 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. വി. ശശി): സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. പ്രളയബാധിത കേരളത്തിന്റെ പുനഃസൃഷ്ടിക്കായി ഭാവനാശാലിയായ ധനകാര്യ വകുപ്പുമന്ത്രി നടത്തിയ ഉറപ്പും കരുത്തുമുള്ള സാമ്പത്തിക ചുവടുവയ്പാണിത്. നിയമസഭയിൽ ഈ ബഡ്ജറ്റിന്റെ ചർച്ചയ്ക്ക് തുടക്കം കുറിക്കാൻ അവസരം ലഭിച്ചതിൽ എനിക്ക് അഭിമാനവും ആഹ്ലാദവുമുണ്ട്. പ്രളയം അതിജീവിക്കാൻ ലോകം ശ്രദ്ധിച്ച ഒരു ജനകീയ കൂട്ടായ്മ ഇവിടെ രൂപപ്പെട്ടിരുന്നു. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങളുടെയും ദേശീയ വിമോചന പ്രസ്ഥാനത്തിന്റെയും സംഭാവന ആയിരുന്നു ആ കൂട്ടായ്മ. ഈ കൂട്ടായ്മയെ തകർക്കാനുള്ള സുവർണ്ണാവസരമായി ശബരിമല വിഷയത്തെ കൈകാര്യം ചെയ്തവർക്ക് ശക്തമായ മുന്നറിയിപ്പാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം. ജനകോടികൾ അണിനിരന്ന ദേശീയ വിമോചന പ്രസ്ഥാനത്തിന് ഒരു പൊതു

ലക്ഷ്യമുണ്ടായിരുന്നു. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം കാലഗതിയനുസരിച്ച് പുരോഗമിക്കാനും സദ്പാരമ്പര്യങ്ങൾ നിലനിർത്താനും നമ്മുടെ രാജ്യത്തിന് കഴിയണമെന്നതായിരുന്നു ആ പൊതുലക്ഷ്യം. ഭരണഘടന നിർമ്മാണസഭ ചർച്ച ചെയ്തതും ആ പൊതുലക്ഷ്യം സാക്ഷാത്കരിക്കുന്നതിനെക്കുറിച്ചായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് മഹത്തായ നമ്മുടെ ഭരണഘടന രൂപംകൊള്ളുന്നത്. പ്രായപൂർത്തി വോട്ടവകാശവും പാർലമെന്ററി സമ്പ്രദായവും സ്വീകരിച്ചതും വ്യക്തി സ്വാതന്ത്ര്യവും പൗരസ്വാതന്ത്ര്യവും മറ്റ് ജനാധിപത്യ സ്വാതന്ത്ര്യങ്ങളും അംഗീകരിച്ചതും യാദൃച്ഛികമായിട്ടല്ല, ദേശീയ വിമോചന സമരത്തിന്റെ ലക്ഷ്യം പ്രായോഗികമാക്കാനാണ്. മതനിരപേക്ഷതയും സാമൂഹ്യനീതിയും സോഷ്യലിസവും ലക്ഷ്യമായി സ്വീകരിച്ചതും അങ്ങനെയാണ്. കാലഹരണപ്പെട്ട രാജഭരണം നാം അവസാനിപ്പിച്ചു. സതി, അയിത്തം തുടങ്ങിയ അനാചാരങ്ങളെയും നാട്ടുവാഴിത്ത വ്യവസ്ഥിതിയെയും നാം തള്ളിക്കളഞ്ഞു. സ്ത്രീക്കും പുരുഷനും ഹിന്ദുവിനും മുസ്ലീമിനും ക്രിസ്ത്യാനിക്കും അവർണനും സവർണനും ഭാരതത്തിൽ തുല്യ അവകാശമാണെന്ന് നാം അംഗീകരിക്കുകയും ചെയ്തു. എന്നാൽ ദേശീയ വിമോചന പ്രസ്ഥാനവുമായി പുലബന്ധമില്ലാത്ത ചില ശക്തികളും ചിന്തകളും മുളച്ചുപൊങ്ങുകയും ശക്തി

പ്രാപിക്കുകയും ചെയ്തിരുന്നു. ശബരിമലയിൽ പല രൂപങ്ങളിൽ കണ്ടത് അവരുടെ പ്രകടനങ്ങളാണെന്ന് നാം തിരിച്ചറിയുന്നു. ഇവരെ പ്രതിരോധിക്കുവാൻ നമുക്ക് കഴിയണം. ഇക്കൂട്ടർ ഉപയോഗപ്പെടുത്തുന്ന മനുവാദങ്ങളെ നമുക്കൊരിക്കലും അംഗീകരിക്കാനാകില്ല. ഈ സ്മൃതിവാക്യങ്ങളെയാണ് 20-ാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് കുമാരനാശാൻ തന്റെ കാവ്യങ്ങളിലൂടെ ചോദ്യം ചെയ്തത്. ഇവർക്കെതിരായി കുമാരനാശാൻ നടത്തിയ സർഗ്ഗാത്മക കലാപങ്ങളെ സന്ദർഭോചിതമായി ഓർമ്മപ്പെടുത്തികൊണ്ട് ആ കാലഘട്ടത്തിലെ മനുഷ്യാവസ്ഥയെ ചിത്രീകരിക്കുന്ന 'ചിന്താവിഷ്ടയായ സീത'യിൽനിന്നാണ് ബഡ്ജറ്റ് അവതരണം തുടങ്ങുന്നത്. ഇന്നാണ് 'ചിന്താവിഷ്ടയായ സീത' എഴുതിയിരുന്നതെങ്കിൽ നാമജപക്കാർ ശബരിമലയിൽ സ്ത്രീകളെ ആക്രമിച്ചതുപോലെ ശ്രീ. പ്രിയനന്ദനനെ ചാണകവെള്ളം തളിച്ചതുപോലെ കുമാരനാശാനെയും വളഞ്ഞിട്ട് ആക്രമിക്കുമായിരുന്നു. കാരണം, ആശാൻ തന്റെ തൂലികയിലൂടെ ബ്രാഹ്മണ മേധാവിത്വത്തിന്റെ അടിസ്ഥാന ശിലകളെയാണ് എറിഞ്ഞുടച്ചത്. കേരളം ഇന്നോളം കണ്ടിട്ടില്ലാത്ത പ്രതിസന്ധികളെ ഒന്നിച്ച് അതിജീവിക്കേണ്ട കടുത്ത വെല്ലുവിളിയാണ് ഇപ്പോൾ നമുക്ക് മുന്നിലുള്ളത്.

പ്രളയം, ദുരന്തം വിതയ്ക്കുന്നതിനുമുമ്പേ കേന്ദ്ര സർക്കാരിന്റെ ചില നടപടികൾ കേരളത്തെ സാമ്പത്തികമായി വീർപ്പുമുട്ടിച്ചിരുന്നു. നോട്ടുനിരോധനവും മുന്നൊരുക്കങ്ങൾ ഇല്ലാതെയുള്ള ജി.എസ്.ടി. നടപ്പാക്കലും ഓഖി ദുരന്തവുമൊക്കെ സമ്പദ്ഘടനയുടെ നട്ടെല്ലൊടിച്ചു. അതിനുപിന്നാലെ പ്രളയം സാമ്പത്തികമായും നടുവൊടിച്ചു. ഈ അരക്ഷിതാവസ്ഥയിൽനിന്ന് കരകയറാൻ കേരളം നടത്തിയ കഠിന ശ്രമങ്ങൾക്ക് കേന്ദ്ര സർക്കാർ കാഴ്ചക്കാരായി നിന്നു. നേരിട്ട് കാര്യമായി സഹായിച്ചില്ലെന്നുമാത്രമല്ല പുറത്തുനിന്നുള്ള സ്നേഹ സഹായങ്ങൾ പാടെ വിലക്കി. താങ്ങേണ്ടവർ ഇങ്ങനെ തള്ളിവീഴ്ത്തിയപ്പോഴും കേരളം തലയുയർത്തി എഴുന്നേറ്റുനിന്നത് ഇവിടെ ജനങ്ങൾ സോദരത്വേന വാഴുന്നതുകൊണ്ടും സത്വരമായ സംസ്ഥാന ഭരണനടപടികൾ നടക്കുന്നതുകൊണ്ടുമാണ്. സർവ്വോപരി കരുത്തനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ സംഘടനാ വൈഭവം കൊണ്ടുമാണ്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് നവ കേരളത്തിന്റെ പുനഃസൃഷ്ടിയെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി ചിന്തിച്ചത്. കേരളത്തെ പുനഃസൃഷ്ടിക്കാൻ ഒരു വഴിയല്ല, 25 വഴികൾ ബഡ്ജറ്റിലൂടെ ധനമന്ത്രി തുറന്നിട്ടു. മൂലധനച്ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് 53.3 ശതമാനം വർദ്ധിപ്പിച്ചു.

അടിസ്ഥാന സൗകര്യങ്ങളുടെ വ്യാപ്തി ഇത് വെളിപ്പെടുത്തുന്നു. മുൻ വർഷത്തെ വായ്പയുടെ 56.03 ശതമാനം റവന്യൂച്ചെലവ്, 33.40 ശതമാനമായി കുറച്ചുകൊണ്ടാണ് അധികതുക മൂലധനച്ചെലവിനുവേണ്ടി വിനിയോഗിക്കണമെന്ന അടിസ്ഥാന തത്വത്തിലേയ്ക്ക് കേരളം അടുത്തുകൊണ്ടിരിക്കുന്നത്. 1,24,125 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ റവന്യൂ കമ്മി കേവലം 8779.29 കോടി രൂപ മാത്രമാണെന്നത് ആശ്വാസകരമാണ്. കോർപ്പറേറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചുള്ള മാറുന്ന കേരള മാതൃകയാണ് ബഡ്ജറ്റ് മുഖ്യമായും വിഭാവന ചെയ്യുന്നത്. മറ്റു പല സംസ്ഥാനങ്ങളും ഈ വഴിക്ക് മുന്നേറിയിട്ടുണ്ട്. എന്നാൽ നാടിനും നാട്ടാർക്കും പരമാവധി പ്രയോജനപ്പെടുംവിധം കോർപ്പറേറ്റുകളുടെ സാന്നിദ്ധ്യം ഉറപ്പാക്കണമെന്ന് കേരളം ലക്ഷ്യമിട്ടിരുന്നു. അതിന്റെ വ്യവസ്ഥകൾ കേരളാ മോഡലിലുണ്ട്. 15,600 കോടി രൂപയാണ് ഇതിനായി വകയിരുത്തുന്നത്. മലബാർ കോഫിക്ക് മുമ്പില്ലാത്ത രുചി ഇനിയുണ്ടാകും. വയനാടിന്റെ പ്രകൃതി പ്രയോജനപ്പെടുത്തുന്ന ബ്രാൻഡാണിത്. കാപ്പി കർഷകനെ മാത്രമല്ല വയനാടിന്റെ അനുഗ്രഹീതരായ പ്രകൃതിയെയും പൊതുതാൽപ്പര്യത്തിനുവേണ്ടി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ ഈ

പദ്ധതി വിഭാവന ചെയ്യുന്നു. 1017 കിലോമീറ്റർ ദൈർഘ്യം വരുന്ന 24 നദികളെ നവീകരിക്കാൻ നീക്കിവച്ച 25 കോടി രൂപ കേരളത്തിന്റെ പുനഃസൃഷ്ടിയിൽ നിർണ്ണായകമാണ്. പമ്പ, പെരിയാർ, ഭാരതപ്പുഴ എന്നീ നദികളെ അടിസ്ഥാനമാക്കി റിവർ ബെയ്സിൻ അതോറിറ്റി രൂപീകരിക്കാൻ പദ്ധതി വിഭാവന ചെയ്യുന്നു. അതിവേഗ റെയിൽവേയ്ക്ക് പച്ചക്കൊടി കാട്ടിയതും പൊതുമേഖലയുടെ ഉയിർത്തെഴുന്നേൽപ്പും 1000 കോടി രൂപയുടെ കുട്ടനാട് പാക്കേജും കർഷക മേഖലയുടെ സമഗ്ര വികസനവും പൊതുവിദ്യാഭ്യാസത്തോടുള്ള പ്രത്യേക കരുതലും പരമ്പരാഗത വ്യവസായങ്ങളുടെ വീണ്ടെടുപ്പും നവകേരള സൃഷ്ടിക്കുള്ള സാർത്ഥകമായ പദ്ധതികളാണ്. റബർ മേഖലയിൽ സിയാൽ മോഡൽ കമ്പനിയും ഈ പാക്കേജിന്റെ ഭാഗമാണ്. പാവപ്പെട്ട 42 ലക്ഷം കുടുംബങ്ങളെ 5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാക്കുന്നത് ഈ ബഡ്ജറ്റിന്റെ സമാനതകളില്ലാത്ത ജനകീയ മുഖമാണ്. കഴിഞ്ഞ വർഷം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആരോഗ്യ പദ്ധതിയെ വിശ്വസിച്ചുപോയത് 'മല എലിയെ പ്രസവിച്ചതുപോലെ' പരിഹാസ്യമാണെന്ന് ധനമന്ത്രി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതിന്റെ പോരായ്മകൾ തീർത്ത്, പഴുതുകളടച്ച് കേരളം

നടപ്പാക്കുന്ന ഈ ജനക്ഷേമ പദ്ധതികളെ ശത്രുക്കൾപ്പോലും അഭിനന്ദിക്കാതിരിക്കുകയില്ല. സ്ത്രീ ശാക്തീകരണം, നോർക്കാ നിക്ഷേപം, തീരദേശ പുനരധിവാസം, കേരള ബാങ്ക്, സ്റ്റാർട്ടപ്പുകൾ, ഹെറിറ്റേജ് പ്രോജക്ടുകൾ, ഇലക്ട്രിക് വെഹിക്കിൾ, എനർജി മിഷൻ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം തുടങ്ങി സമസ്ത മേഖലകളെയും പുനരധിവാസ പാക്കേജിൽ പരിഗണിച്ചിട്ടുണ്ട്. ഈ സമഗ്ര പദ്ധതികൾക്ക് ധനമന്ത്രി അധിക വിഭവം കണ്ടെത്തിയത് പരമാവധി രണ്ടുവർഷത്തേയ്ക്ക് ഒരു ശതമാനം വീതം പ്രളയ നികുതി ചുമത്തിയാണ്. അത് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമായിരുന്നു. കേന്ദ്ര സഹായത്തിനുപകരം നൽകിയ ഇളവ് അതുപോലെ ജനക്ഷേമകരവും സുരക്ഷിതവുമായ പ്രയോഗത്തിൽ വരുത്താൻ ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചു. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ ഇളവുലഭിച്ച നിരവധി ഉൽപ്പന്നങ്ങൾക്ക് ഈ അധിക നികുതി ബാധ്യതയാകില്ല. ആനുപാതികമായി നികുതി ഘടനയെ മനസ്സിലാക്കാൻ വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം ആവശ്യമുണ്ടെന്ന് തോന്നുന്നു. ഇതേ സന്ദർഭത്തിൽ കേന്ദ്ര റയിൽവേ മന്ത്രി ശ്രീ. പിയൂഷ് ഗോയൽ മറ്റൊരു ബഡ്ജറ്റ് കേന്ദ്രത്തിൽ അവതരിപ്പിച്ചത് നാം കണ്ടു. അത് തെരഞ്ഞെടുപ്പ് പ്രകടന പത്രികയാണെന്ന് ഇതിനോടകം സമൂഹം

വിലയിരുത്തിക്കഴിഞ്ഞു. ശ്രീ. നരേന്ദ്ര മോദി കഴിഞ്ഞ 56 മാസക്കാലം ചെയ്തതിന്റെയും പറഞ്ഞതിന്റെയും നേർ വിപരീതമാണ് കാവൽ സർക്കാരിന്റെ പദവിയിലേയ്ക്കുമാറുന്ന ഈ ഘട്ടത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിലുള്ളത്. പ്രധാനമന്ത്രി ഈ ബഡ്ജറ്റിലൂടെ മുമ്പ് പറഞ്ഞത് ഒന്നൊന്നായി സ്വയം നിഷേധിക്കുകയാണ്. പ്രതിവർഷം 2 കോടി തൊഴിലവസരങ്ങൾ, കള്ളപ്പണം പിടിച്ചെടുത്ത് വിതരണം ചെയ്യുമെന്ന പ്രഖ്യാപനം, കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന പ്രഖ്യാപനം അങ്ങനെ എത്രയോ പ്രഖ്യാപനങ്ങൾ, ഒന്നും നടന്നില്ല. അത് പ്രകടമാക്കുന്ന സാമ്പത്തിക സർവ്വെ റിപ്പോർട്ട് പുറത്തിറക്കാതെ ഒളിപ്പിക്കുകയും ചെയ്തു. അസംഘടിത തൊഴിലാളികൾക്ക് 3,000/- രൂപ പ്രതിമാസം പെൻഷൻ ലഭിക്കണമെങ്കിൽ മാസം 100/- രൂപ തോതിൽ 30 വർഷം നിക്ഷേപിച്ച് കാത്തിരിക്കേണ്ട പദ്ധതിയാണ് വലിയ സംഭവമായി പ്രഖ്യാപിച്ചിരിക്കുന്നത്. 5 ഏക്കർ വരെ ഭൂമിയുള്ള കർഷക കുടുംബങ്ങൾക്ക് പ്രതിമാസം നൽകുമെന്ന് പറയുന്ന തുക വളരെ തുച്ഛമായിട്ടുള്ളതാണ്. 'ആയുഷ്മാൻ ഭാരത്' പദ്ധതി കൊട്ടിഘോഷിക്കുമ്പോൾ ആകെ 6400 കോടി രൂപ മാത്രമാണ് അതിനായി വകയിരുത്തിയിട്ടുള്ളത്. 20,000 കോടി രൂപയെങ്കിലും വേണ്ടതാണ്. ഇൻകം ടാക്സ് പരിധി

ഉയർത്തിയെന്നുപറയുമ്പോഴും നിലവിലെ സ്ലാബ് ഉയർത്തിയിട്ടില്ല. മാത്രമല്ല, സർചാർജ്ജടക്കം വർദ്ധിപ്പിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പിനുമുമ്പായി പൊതുജനത്തെ കയ്യിലെടുക്കുവാൻ ഉദ്ദേശിച്ചുള്ള പദ്ധതികൾപ്പോലും വിശദമായി പരിശോധിച്ചാൽ കാപട്യമാണെന്ന് കാണാൻ കഴിയും. കേരളം പ്രളയക്കെടുതിയെ അതിജീവിക്കുവാനും പുനർനിർമ്മാണ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും ധനസഹായം പ്രതീക്ഷിച്ചുവെങ്കിലും അതുണ്ടായില്ല. ചിരകാലമായി നാം ആവശ്യപ്പെടുന്ന എയിംസ് അനുവദിക്കുമെന്ന് കരുതി, അതും ഉണ്ടായില്ല. കഞ്ചിക്കോട് കോച്ച് ഫാക്ടറിയെക്കുറിച്ച് പരാമർശംപോലും ഉണ്ടായില്ല. കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ പൂർണ്ണമായും കയ്യൊഴിഞ്ഞു. റബർ വിലസ്ഥിരതാ ഫണ്ടിനെക്കുറിച്ച് മൗനമാണ് പുലർത്തിയത്. ഇറക്കുമതി ചുങ്കത്തിന് ഇളവ് അനുവദിക്കുമെന്ന പ്രഖ്യാപനം റബ്ബർകൃഷിയെ കൂടുതൽ തകർച്ചയിലേയ്ക്ക് നയിക്കുമെന്നുറപ്പാണ്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാനോ 100 തൊഴിൽദിനങ്ങൾ ഉറപ്പുവരുത്താനോ ആവശ്യമായ പദ്ധതി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കുതിച്ചുയരുന്ന ഇന്ധനവില പിടിച്ചുനിർത്താൻ ഫലപ്രദമായ ഒരു നിർദ്ദേശവും കേന്ദ്ര ബഡ്ജറ്റിൽ കാണാനില്ല. ഏറ്റവും ഗുരുതരമായ കാര്യം കേന്ദ്ര വിഹിതത്തിൽ

26,639 കോടി രൂപയും ജി.എസ്.ടി. കോമ്പൻസേഷൻ ഫണ്ടിൽനിന്നും 38,265 കോടി രൂപയും കുറഞ്ഞിരിക്കുന്നുവെന്നതാണ്. അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ ഈ കുറവുകൾ കേരളത്തെയും ഗുരുതരമായി ബാധിച്ചു. ഇതുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിലെ ചില കാര്യങ്ങൾകൂടി ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും മറ്റ് വകുപ്പുമന്ത്രിമാരുടെയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. തോന്നയ്ക്കൽ കായിക്കര ആശാൻ സ്മാരകത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനാവശ്യമായ ധനസഹായമുണ്ടാകണം. പ്രേംനസീറിന്റെ ജൻമനാട്ടിൽ ഉചിതമായൊരു സ്മാരകമുണ്ടാകണമെന്നത് ദീർഘകാലമായി ജനങ്ങൾ ആഗ്രഹിക്കുന്ന ഒന്നാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം ഇതിനെസംബന്ധിച്ചുള്ള പരാമർശങ്ങൾ നമ്മുടെ ബഡ്ജറ്റ് സ്പീച്ചിൽ ഉണ്ടാകാറുണ്ട്. പക്ഷെ ഇതുവരെ അതിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടില്ല. ഈ സ്മാരകം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഇപ്പോൾ ലഭ്യമായിട്ടുണ്ട്. അതുകൊണ്ട് ഈ സ്മാരക നിലയം നിർമ്മിക്കുന്നതിന് അഞ്ചുകോടി രൂപയെങ്കിലും ബഡ്ജറ്റിലുണ്ടാകണം, അതിനുള്ള പരാമർശം മറുപടി പ്രസംഗത്തിൽ വേണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന.

ചിറയിൻകീഴിൽ ഒരു മിനി സിവിൽ സ്റ്റേഷനും ഒരാവശ്യമായി ഉന്നയിച്ചിട്ടുണ്ട്. പത്ത് ട്രഷറി ഓഫീസുകൾ പുതുതായി പണിയാൻ ആരംഭിച്ചിട്ടുണ്ട്. അതിലൊന്ന് കടയ്ക്കാവൂരാണ്. ഇതുവരെ അത് നടപ്പാക്കാത്തതിനു കാരണം സ്ഥലം ലഭ്യമല്ലാത്തതുകൊണ്ടാണ്. ഇപ്പോൾ അതിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. അതുകൂടി അവിടെ ഉണ്ടാകണം. ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഒരു സർക്കാർ കോളേജില്ലെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യമായി ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജില്ല. അവിടെയൊരു എയ്ഡഡ് കോളേജുള്ളത് തുമ്പയിലാണ്. തുമ്പ ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽപ്പെട്ടതാണെങ്കിലും ഏതാണ്ട് തിരുവനന്തപുരം സിറ്റിയോടു ചേർന്നുകിടക്കുന്ന പ്രദേശമാണ്. ഒരു എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജോ, ഗവൺമെന്റ് കോളേജോ ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഇല്ല. ഇത് സ്ഥാപിക്കുന്നതിന് ആവശ്യമായ അഞ്ചേക്കറിൽ കൂടുതൽ ഭൂമി അഴൂർ ഗ്രാമപഞ്ചായത്തിലുണ്ട്. തീർച്ചയായും അതിനാവശ്യമായ ഭൂമി നമുക്ക് ലഭ്യമാക്കാൻ സാധിക്കും. അതും വരും ദിവസങ്ങളിൽ ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ വികസന പട്ടികയിൽ

ഉൾപ്പെടുത്താൻ അങ്ങ് സഹായിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

അയ്യങ്കാളി നയിച്ച വിദ്യാഭ്യാസ അവകാശ സമരത്തിന്റെ ഭാഗമായിരുന്നു പഞ്ചമി എന്ന ബാലികയുടെ സ്കൂൾ പ്രവേശന സമരം. ഊരുട്ടമ്പലം സ്കൂൾ അങ്കണത്തിൽ നടന്ന സംഘട്ടനത്തെ തുടർന്ന് വെങ്ങാനൂരിൽ അയ്യങ്കാളി സ്ഥാപിച്ച കുടിപ്പള്ളിക്കൂടത്തിലാണ് പിന്നീട് പഞ്ചമി പഠിച്ചത്. പഞ്ചമി പഠിച്ച സ്കൂൾ ഇന്ന് എയ്ഡഡ് യു.പി. സ്കൂളാണ്. പല കാരണങ്ങളാൽ ഈ സ്കൂളിന്റെ പ്രവർത്തനം ഇന്ന് സ്തംഭനാവസ്ഥയിലാണ്. അതിന്റെ കാരണം ഞാനിവിടെ വിശദീകരിക്കുന്നില്ല. പക്ഷെ പല കാരണങ്ങളാൽ ഇന്നത് അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കണം. അയ്യങ്കാളി മെമ്മോറിയൽ എം.ആർ.എസ്. ആയി പ്രവർത്തിക്കാനുള്ള തീരുമാനമുണ്ടാകണം. കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഈ നിർദ്ദേശം  വച്ചിരുന്നു. ഒരു കോടി രൂപ ആവശ്യപ്പെട്ടു. ഏറ്റവും അവസാന വർഷം ഒരു കോടി രൂപ അനുവദിച്ചു. പിന്നീടുവന്ന യു.ഡി.എഫ്. ഗവൺമെന്റും ആ ഒരു കോടി രൂപ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിറക്കി. പക്ഷെ നിർഭാഗ്യവശാൽ ആ തുക നമുക്ക് പൂർണ്ണമായും ഇപ്പോഴും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. പത്തോ ഇരുപതോ ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. അതാണ് ഞാൻ പറഞ്ഞത്

പല കാരണങ്ങളാൽ ആ സ്കൂളിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണെന്ന്. അതൊന്നുപരിശോധിച്ച് ഈ സ്കൂൾ എം.ആർ.എസ്. ആക്കി മാറ്റണം. അവിടെയിപ്പോൾ അമ്പതിൽതാഴെ വിദ്യാർത്ഥികൾ മാത്രമാണുള്ളത്. പത്തുവർഷങ്ങൾക്കുമുമ്പ് അറുന്നൂറോളം വിദ്യാർത്ഥികൾ പഠിച്ചിരുന്ന സ്കൂളായിരുന്നു. ദയവായി സ്കൂളിന്റെ ഇന്നത്തെ സ്ഥിതി മനസ്സിലാക്കി ഗവൺമെന്റ് ഏറ്റെടുത്ത് എം.ആർ.എസ്. സ്കൂളാക്കി മാറ്റിയാൽ അയ്യങ്കാളി ആദ്യമായി സ്ഥാപിച്ച സ്കൂൾ, പഞ്ചമി പഠിച്ച സ്കൂൾ എന്നീ രീതിയിലുള്ള പ്രാധാന്യമുണ്ടാകും. ഇതവതരിപ്പിക്കാൻ കാരണം നമ്മുടെ ബഡ്ജറ്റിന്റെ മുഖചിത്രം അയ്യങ്കാളിയുടെയും പഞ്ചമിയുടെയുമാണ്. ഭാവനാശാലിയാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയെന്ന് തുടക്കത്തിൽ ഞാൻ സൂചിപ്പിച്ചു. നല്ല സാമ്പത്തിക ശാസ്ത്രജ്ഞരെല്ലാം അത്തരക്കാരാണ്. ധനവിനിയോഗ പദ്ധതികളെ കേവലം നിർമ്മാണ പ്രവർത്തനങ്ങളായി മാത്രം അവർ കാണാറില്ല. ഒരു നാടിന്റെ പുനഃസൃഷ്ടിയിൽ സാംസ്കാരിക നിർമ്മിതിക്കുള്ള പങ്ക് ധനകാര്യ വകുപ്പുമന്ത്രി ഒട്ടും കുറച്ചുകാണുന്നില്ല. ബഡ്ജറ്റിന്റെ തുടക്കത്തിലും ഒടുക്കത്തിലും കേരളത്തിന്റെ നവോത്ഥാന മഹാകവി കുമാരനാശാനെ അദ്ദേഹം സന്ദർഭോചിതമായി ഓർമ്മിച്ചു. ഉള്ളടക്കത്തിലേയ്ക്ക് കടക്കുംമുമ്പ് ബഡ്ജറ്റിന്റെ

പുറംചട്ടയിലേയ്ക്ക് നോക്കണം. സൂക്ഷമമായ നോട്ടത്തിൽ അവിടെയും ഈ ബഡ്ജറ്റിന്റെ അന്തഃസത്ത മുഴുവനായും പ്രതിഫലിച്ചിട്ടുള്ളതായി കാണാം.

"തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചിടും കല്ലുകൾ ഭാരതാംബേ
താണു കിടക്കുന്നു നിൻ കുക്ഷിയിൽ
ചാണ കാണാതെ ആറേഴ കോടിയിന്നും"

കുമാരനാശാന്റെ ദുരവസ്ഥ എന്ന കവിതയിൽനിന്നുള്ള വരികാളാണിത്. ആ കോടികൾ ഭാരതത്തിൽ വർഷാവർഷം കൂടിക്കൊണ്ടിരിക്കുകയാണ്. ആ താണുകിടക്കുന്നവർക്കുവേണ്ടിയാണ് കേരളത്തിന്റെ ഈ എളിയ ബഡ്ജറ്റ്. കേരളത്തിന്റെ പുനഃസൃഷ്ടി സ്വപ്നംകണ്ടുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. ഭരണകക്ഷി അംഗമെന്ന നിലയിൽ നടത്തുന്ന ഔപചാരികമായ പിന്തുണയല്ലിത്. കേന്ദ്രസർക്കാരിന്റെ ജനദ്രോഹ സാമ്പത്തിക നടപടികളും പ്രകൃതി ദുരന്തങ്ങളും തകർത്തെറിഞ്ഞ കേരളത്തിന്റെ

സമ്പദ്വ്യവസ്ഥയും ജീവിതാവസ്ഥയും പുനരുദ്ധരിച്ചെടുക്കാനുള്ള ആസൂത്രിതമായ ചുവടുവയ്പാണ് ഈ ബഡ്ജറ്റ്. കഴിഞ്ഞ ആഴ്ചയിൽ നാം രണ്ട് ബഡ്ജറ്റുകൾക്ക് സാക്ഷ്യം വഹിച്ചു. നരേന്ദ്ര മോദി സർക്കാരിന്റെ ഇടക്കാല ബഡ്ജറ്റും ഡോ. ടി. എം. തോമസ് ഐസക്കിന്റെ സംസ്ഥാന ബഡ്ജറ്റും. തേൻ പുരട്ടിയ അമ്പുപോലെയാണ് കേന്ദ്ര ബഡ്ജറ്റ് ജനങ്ങളുടെ നെഞ്ചിൽ തറച്ചതെങ്കിൽ നവകേരള നിർമ്മിതിക്കായുള്ള ആസൂത്രിത ചുവടുവയ്പാണ് സംസ്ഥാന ബഡ്ജറ്റ് മുന്നോട്ടുവച്ചിട്ടുള്ളത്. വിളവുകൾക്ക് ന്യായമായ വില ലഭിക്കാത്തതുമൂലം കടക്കെണിയിലായ കർഷകർക്ക് അടുത്ത വിള ഇറക്കണമെങ്കിൽ വായ്പ ലഭ്യമായേ തീരൂ. വിളയിറക്കിയില്ലെങ്കിൽ അത് കർഷകരെ മാത്രമല്ല, രാജ്യത്തിന്റെ കാർഷിക സമ്പദ്വ്യവസ്ഥയെക്കൂടിയാണ് ബാധിക്കുന്നത്. നിലവിൽ കടമുള്ള കർഷകന് രാജ്യത്തെ ഒരു ബാങ്കും പുതിയ വായ്പ നൽകുകയില്ല. ഈ പ്രതിസന്ധി മറികടക്കാൻ രണ്ട് മാർഗ്ഗങ്ങളാണ് സർക്കാരിന് അവലംബിക്കാനുള്ളത്. ഒന്ന്, കുത്തക സംഭരണത്തിലൂടെ കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക. രണ്ട്, നിലവിലുള്ള കടങ്ങൾ എഴുതിതള്ളുകയോ അല്ലെങ്കിൽ മൊറട്ടോറിയം പ്രഖ്യാപിക്കുകയോ ചെയ്യുക. ഇത് രണ്ടും ചെയ്യാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. അതിനുപകരം

വർഷത്തിൽ ആറായിരം രൂപ നൽകാമെന്ന് വാഗ്ദാനം ചെയ്ത് കർഷകരെ പറ്റിക്കുകയാണ് ചെയ്തത്. ടൺ കണക്കിന് ഉള്ളിയും തക്കാളിയും വിലയില്ലാതെ തെരുവിൽ ഉപേക്ഷിക്കാൻ നിർബന്ധിതരായ കർഷകരെ ആക്ഷേപിക്കുകയാണ് കേന്ദ്ര ബഡ്ജറ്റിലൂടെ ശ്രീ. നരേന്ദ്ര മോദി ചെയ്തത്. അസംഘടിത മേഖലയിലെ പെൻഷൻ പ്രഖ്യാപനവും ഇതുപോലെയൊരു തെരഞ്ഞെടുപ്പ് ഗിമ്മിക് ആയിരുന്നില്ലേ? പത്തുകോടി ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകാൻ നീക്കിവച്ച തുക വെറും അഞ്ഞൂറുകോടി രൂപയാണെന്നറിയുമ്പോൾ ഈ പ്രഖ്യാപനത്തിന്റെ പൊള്ളത്തരം വ്യക്തമാകും. പത്തുമുപ്പതു വർഷക്കാലം തൊഴിലാളികൾ അടച്ച പണമത്രയും ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനികൾക്ക് നൽകുകയും അതിനുശേഷം അവർ നൽകുന്ന പെൻഷൻ വാങ്ങാൻ തൊഴിലാളികളെ നിർബന്ധിതരാക്കുകയും ചെയ്യുന്നത് തട്ടിപ്പാണ്. ഞാനിവിടെ നിൽക്കുന്നത് കേന്ദ്ര ബഡ്ജറ്റിനെ വിലയിരുത്താനല്ല എന്നറിയാം. വരുമാനമെല്ലാം കേന്ദ്രത്തിനും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ബാധ്യത സംസ്ഥാനത്തിനുമെന്ന ദുരവസ്ഥയിൽ കേന്ദ്രം എന്തുചെയ്യുന്നുവെന്ന് സൂചിപ്പിക്കുകയായിരുന്നു. സംസ്ഥാന ബഡ്ജറ്റിന്റെ ആമുഖത്തിൽ പറഞ്ഞതുപോലെ രണ്ട് ദുരന്തങ്ങളാണ് ഈ വർഷം കേരളത്തെ വേട്ടയാടുന്നത്.

പ്രളയത്തെ നാം അതിജീവിച്ചു. പുനരധിവാസ പ്രവർത്തനങ്ങളും നടന്നുവരുന്നു. പ്രളയാനന്തരം കേന്ദ്ര സർക്കാരിന്റെ കേരളത്തോടുള്ള സമീപനം ഒരർത്ഥത്തിൽ ശത്രുതാപരമായിരുന്നുവെന്ന കാര്യം ഞാൻ വിശദീകരിക്കേണ്ടതില്ല. അംഗീകൃത വായ്പകൾ വെട്ടിച്ചുരുക്കിയും വായ്പകൾ നിഷേധിച്ചും കേരളത്തെ ഞെരുക്കാനാണ് മോഡി സർക്കാർ ശ്രമിച്ചത്. പക്ഷെ, നാം തളർന്നില്ല. ഈ പ്രളയം ഒരു നിമിത്തമാണ്. കാലാകാലമായി ആസൂത്രണമില്ലാതെ നടത്തിവന്ന വികസന പ്രവർത്തനങ്ങൾ മുതൽ ലാഭക്കൊതിയന്മാരുടെ കയ്യേറ്റംവരെ നമ്മുടെ നാടിനെയും പ്രകൃതിയെയും അലങ്കോലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ പുനർ നിർമ്മാണത്തെക്കുറിച്ച് ചിന്തിക്കുന്ന ഈ ഘട്ടത്തിൽ നാടിന്റെ ഉല്പാദന വ്യവസ്ഥകളോടും പ്രകൃതിയോടും ചെയ്തുകൂട്ടിയ അപരാധങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യേണ്ടതുണ്ട്. അതിലേക്കുള്ള ചുവടുവെയ്പ്പുകളാണ് ഈ ബഡ്ജറ്റിനെ മാതൃകാപരമാക്കുന്നത്. കർഷകരും തൊഴിലെടുത്ത് ഉപജീവനം കഴിക്കുന്നവരും രക്ഷപ്പെട്ടാലേ സംസ്ഥാനം രക്ഷപ്പെടൂവെന്ന ബോധ്യത്തിലൂടെയാണ് ഈ ബഡ്ജറ്റ് മുന്നോട്ട് പോകുന്നത്. അതിനാലാണ് പത്ത് കോടി തൊഴിൽ ദിനങ്ങൾ ലക്ഷ്യം വച്ചുകൊണ്ടുള്ള തൊഴിലുറപ്പ് പദ്ധതിക്കായി വലിയ തുക നീക്കിവച്ചത്. പ്രളയത്തിൽ നഷ്ടമായ

ജീവനോപാധികൾ പുനഃസ്ഥാപിക്കുമെന്നുള്ള ഉറപ്പും ഈ ബഡ്ജറ്റ് നൽകുന്നുണ്ട്. നവകേരളത്തിനായി രൂപപ്പെടുത്തിയ 25 പദ്ധതികളും പ്രശംസനീയമാണ്. 'തൊഴിലാളി കർഷക ഐക്യം' എന്ന മുദ്രാവാക്യം വിളിച്ച് രാഷ്ട്രീയത്തിൽ പ്രവർത്തിച്ചയാളാണ് ഞാൻ. കാർഷിക വിപ്ലവവും ജനാധിപത്യ വിപ്ലവവും തമ്മിൽ ഒരു പാരസ്പരിക ബന്ധമുണ്ട്. ഭൂപരിഷ്കരണത്തിന്റെ ഒരു ഘട്ടം വിജയകരമായി പൂർത്തിയാക്കിയ സംസ്ഥാനമാണ് കേരളം. ജന്മിത്തം അവസാനിപ്പിക്കുകയും ഭൂപരിധി നിയമം പ്രാബല്യത്തിൽ വരികയും ചെയ്ത സംസ്ഥാനമാണിത്. പക്ഷെ അതേ കേരളത്തിൽ കൃഷി ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരികയും കാർഷിക വൃത്തിയിൽ നിന്ന് ആളുകൾ പിന്തിരിയുകയും ചെയ്യുന്ന അവസ്ഥയുണ്ട്. കുന്നിടിച്ചും വയൽ നികത്തിയും വികസനം കൊണ്ടുവരാമെന്ന സ്വപ്നം മിഥ്യയാണെന്ന് നാം തിരിച്ചറിഞ്ഞ് തുടങ്ങിയിട്ടുണ്ട്. ഇനി വേണ്ടത് ഭൂപരിഷ്കരണത്തിന്റെ അടുത്ത ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യാനും കാർഷികോല്പന്നങ്ങൾക്ക് കുത്തക സംഭരണം ഏർപ്പെടുത്താനും അനുബന്ധ വ്യവസായങ്ങൾ വികസിപ്പിക്കാനും സാഹചര്യമുള്ള സംസ്ഥാനമാണ് കേരളം. നമ്മുടെ സഹകരണ മേഖല ശക്തമാണ്.

ബോധപൂർവ്വമായ പ്രവർത്തനത്തിലൂടെ കർഷക-കർഷകത്തൊഴിലാളി വർഗ്ഗങ്ങളുടെ ഐക്യവും ഉല്പാദന വളർച്ചയും നേടിയെടുക്കാൻ നമുക്കാവണം. ആധുനിക കൃഷിരീതികളും സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തി കോർപ്പറേറ്റുകളുടെ നിക്ഷേപത്തെക്കാൾ ഫലം തരുന്ന ഈ സാധ്യതയിലേയ്ക്ക് നാം ചുവടുവയ്ക്കണം. അതിനുള്ള സാഹചര്യങ്ങൾ ഈ ബഡ്ജറ്റ് മുന്നോട്ട് വയ്ക്കുന്നുണ്ട്. കാർബൺ ന്യൂട്രൽ വയനാടും മലബാർ കോഫിയും കേര ഗ്രാമം പദ്ധതിയും റൈസ് പാർക്കുകളും ചക്കയുടെ മൂല്യവർദ്ധനയ്ക്കുള്ള പദ്ധതികളുമെല്ലാം അതിലേക്കാണ് വിരൽ ചൂണ്ടുന്നത്. 'വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിക്കാനില്ലത്രേ' എന്ന കുട്ടനാടിന്റെ അവസ്ഥയ്ക്ക് അന്ത്യം കുറിക്കുകയാണ് ഈ ബഡ്ജറ്റ്. 250 കോടി രൂപയുടെ കുട്ടനാട് കുടിവെള്ള പാക്കേജ് അതാണ് നമ്മോട് പറയുന്നത്. ഖനനംമൂലവും കടൽ കയറിയും തീരദേശം ശോഷിച്ചുവരുന്ന സംസ്ഥാനമാണ് കേരളം. മണലൂറ്റിയും കയ്യേറിയും പുഴയോരങ്ങൾ ശോഷിച്ചുവരുന്ന സംസ്ഥാനവുമാണിത്. എല്ലാ തീരദേശ അക്രമങ്ങളും ലാഭത്തിനുവേണ്ടിയാണ്. അതുമൂലമുണ്ടാകുന്ന നഷ്ടത്തെക്കുറിച്ച് ആർക്കും വേവലാതിയില്ല. ഈ പ്രശ്നത്തെയും ബഡ്ജറ്റ് അഭിസംബോധന ചെയ്യുന്നുണ്ട്. ഞാനിവിടെ ബഡ്ജറ്റ് പ്രസംഗം നടത്തുകയല്ല, എന്തുകൊണ്ട്

ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നുവെന്ന് വിശദീകരിക്കുകയാണ്. ബഡ്ജറ്റിലെ നിർദ്ദേശങ്ങളെല്ലാം ഇവിടെ വിശദീകരിക്കേണ്ടതില്ല. പട്ടികവിഭാഗങ്ങളുടെ ക്ഷേമത്തിന്, സ്ത്രീ ശാക്തീകരണത്തിന്, ഭവന നിർമ്മാണത്തിന്, വിദ്യാഭ്യാസ ശാക്തീകരണത്തിന്, ആരോഗ്യ സുരക്ഷയ്ക്ക് എന്നിങ്ങനെ സർവ്വതല സ്പർശിയായ ബഡ്ജറ്റാണിത്. ഞാൻ ഈ ബഡ്ജറ്റിനെ പാടിപ്പുകഴ്ത്താനല്ല ശ്രമിച്ചത്, ഒരു ഇടതുപക്ഷ സർക്കാർ വികസനത്തെ എങ്ങനെ കാണുന്നുവെന്ന് ചൂണ്ടിക്കാണിക്കാനാണ്. പക്ഷെ, യു.ഡി.എഫ്. നേതൃത്വത്തിന്റെ പ്രതികരണങ്ങൾ നാം കണ്ടു. അതിലെനിക്ക് അത്ഭുതം തീരെയില്ല. അവരെ സംബന്ധിച്ച് ഭരണമെന്നത് കേവലമൊരു ശർക്കരക്കുടം മാത്രമാണ്. ബഡ്ജറ്റാകട്ടെ ഒരു വിൽപ്പന ചരക്കും. ബഡ്ജറ്റിലൂടെ ബാർക്കോഴ സംഘടിപ്പിക്കുന്നതുപോലെയുള്ള സ്വാർത്ഥ മോഹങ്ങളുമായി നടക്കുന്നവർക്ക് നവകേരള നിർമ്മാണം പോലെയുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ പ്രയാസമാണ്. ഇതേ നാണയത്തിന്റെ മറുവശമാണ് ബി.ജെ.പി. അതിർത്തിയിൽ കാവൽ നിൽക്കുന്ന പട്ടാളക്കാരുടെ ആത്മാഭിമാനം വരെ പണയംവച്ച് ആയുധക്കച്ചവടം നടത്തുന്നവർക്ക് രാഷ്ട്ര പുനർ നിർമ്മാണത്തെക്കുറിച്ച് അറിയേണ്ട കാര്യമേയില്ല. ഓരോ തെരഞ്ഞെടുപ്പ്

വരുമ്പോഴും രാമക്ഷേത്ര നിർമ്മാണവും ഇടക്കാല തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളും മുന്നോട്ടുവച്ച് ജനങ്ങളെ ഇക്കിളിപ്പെടുത്തിയാൽ മതി. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി സുസ്ഥിര വികസനത്തിനുവേണ്ടിയുള്ള ഈ ഇടതുപക്ഷ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ജനവികാരം മനസ്സിലാക്കുന്ന ഒരാൾക്കും ഈ ബഡ്ജറ്റിനെ അനുകൂലിക്കാൻ സാധിക്കുകയില്ല. നമ്മുടെ മാധ്യമങ്ങൾ ജനങ്ങളുടെ വികാരത്തിന്റെ കണ്ണാടിയാണ്. ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ അടുത്ത ദിവസം കേരളത്തിലെ മാധ്യമങ്ങളുടെ വിലയിരുത്തൽ മാത്രം നോക്കിയാൽ മതി. മലയാള മനോരമ – *പ്രളയഭാരം വീണ്ടും ജനങ്ങളുടെ ചുമലിൽ, 922 ഉല്പന്നങ്ങൾക്ക് സെസ്, പ്രളയത്തീവില;* മാതൃഭൂമി - *നികുതി ശരണം*; കേരള കൗമുദി - *വരവും ചെലവും കൂട്ടി ഐസക്കിന്റെ ബഡ്ജറ്റ്, നവകേരള ജാലവിദ്യ*; ദീപിക – *നികുതി പ്രളയം, പ്രളയ സെസ് ഒരു ശതമാനം, മിക്കതിനും വില കൂടും*; മാധ്യമം - *25 പദ്ധതികൾ, വില പ്രളയം*; Indian Express - *Here comes the tax man.* ഡോ. കുര്യൻ മിൽക്ക്മാനായിരുന്നു, ഡോ. ഐസക് ടാക്സ്മാനായി. ഇതാണ് കേരളത്തിലെ മാധ്യമങ്ങളുടെ സത്യസന്ധമായ

വിലയിരുത്തൽ. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതുപോലെ ഇത് യു.ഡി.എഫ്.-ന്റെ കാഴ്ചപ്പാടല്ല, കേരള സമൂഹം വിലയിരുത്തുന്നത് ഈ രീതിയിലാണ്. പ്രളയക്കെടുതിമൂലം എല്ലാം നഷ്ടപ്പെട്ട കേരളത്തിലെ സാധാരണ ജനങ്ങളുടെ തലയിൽ വീണ ഇടിത്തീയാണ് ഈ ബഡ്ജറ്റ്. കടുത്ത സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുന്നു. വളരെ ക്രൂരമായിപ്പോയി. അങ്ങയെപ്പോലെയുള്ള ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ ഇതുപോലൊരു ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ലായിരുന്നു. ഒറ്റ വാക്കിൽ പറഞ്ഞാൽ ഇടി വെട്ടിയവനെ പാമ്പ് കടിച്ചതുപോലെയാണ് ഈ ബഡ്ജറ്റ്. വിശ്വാസ്യതയില്ലാത്ത, സാധാരണക്കാരന്റെ കുടുംബ ബഡ്ജറ്റ് തകർക്കുന്ന ഒരു ബഡ്ജറ്റാണിത്. അങ്ങയുടെ പ്രളയ സെസ് കേരളത്തെ വലിയ inflation-ലേയ്ക്ക് തള്ളിവിടും. കഴിഞ്ഞ ബഡ്ജറ്റിൽ കിഫ്ബിയുടെ ആധികാരികത പറയാൻ വേണ്ടി അങ്ങ് ഇന്റർനാഷണൽ റേറ്റിംഗ് ഏജൻസിയായ CRISIL-നെ ക്വാട്ട് ചെയ്യുകയുണ്ടായി. അവരുടെ അവസാനത്തെ റിപ്പോർട്ട് " The Report *'States of Growth 2.0'*, which compared the States on three macroeconomic yardsticks-growth, inflation and fiscal deficit has rated Kerala and Punjab as the worst performers in 2018 fiscal. Kerala is having the

highest consumer price inflation among all States, its debt overshooting the level set by the government and the economic growth at five per cent the second slowest among the 17 medium-to-big States." CRISIL, അങ്ങേയ്ക്ക് വിശ്വാസ്യതയുള്ള ഏജൻസിയാണല്ലോ. അവർ പറയുന്നത്, 17 സംസ്ഥാനങ്ങളിൽ ഏറ്റവും രൂക്ഷമായ വിലക്കയറ്റമുള്ള സംസ്ഥാനമാണ് കേരളം. അവിടെ അവസാനിക്കുന്നില്ല " ....the highest consumer inflation reported in Kerala at six per cent and the lowest in Odisha 2.2 per cent;" ഇങ്ങനെ അതിരൂക്ഷമായ വിലക്കയറ്റത്തിന്റെ കെടുതിയിലായ കേരളത്തെ അങ്ങയുടെ പുതിയ നികുതി നിർദ്ദേശങ്ങൾ വീണ്ടും വലിയ സാമ്പത്തികഭാരം അടിച്ചേൽപ്പിക്കുകയും ജനങ്ങളുടെ ജീവിതം ദു:സ്സഹവുമാക്കും. അങ്ങ് പറഞ്ഞ ബഡ്ജറ്റ് വാഗ്ദാനങ്ങൾ, കഴിഞ്ഞ ബഡ്ജറ്റിന്റെ സമയത്ത് നമ്മളെല്ലാവരും ഓഖി ദുരന്തത്തിന്റെ വേദനയിലായിരുന്നു. അങ്ങ് ആ വികാരം ഉൾക്കൊണ്ടു. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പാരഗ്രാഫ് (3)-ൽ അങ്ങ് തീരദേശത്തിന് രണ്ടായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. അതെവിടെയായി? കഴിഞ്ഞ സഭയിൽ ശ്രീമതി മേഴ്സിക്കുട്ടി അമ്മ നൽകിയ ഉത്തരത്തിൽ പറയുന്നത് പാക്കേജ് രൂപീകരണത്തിനുള്ള ഡി.പി.ആർ

തയ്യാറാക്കുന്നതിന് ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കി വരുന്നുവെന്നാണ്. ഒരു വർഷമായിട്ടും ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതാണ് നിങ്ങളുടെ പെർഫോർമൻസിന്റെ സ്ഥിതി, അങ്ങയുടെ ബഡ്ജറ്റിന്റെ വാഗ്ദാനങ്ങളുടെ സ്ഥിതി. അങ്ങ് ഇപ്പോൾ പറയുന്നത്, ഇത് വിപുലീകരിച്ചുകൊണ്ട് റീ ബിൽഡ് കേരളയിൽ ഒരു സമഗ്ര പരിപാടിക്ക് 2019-20-ൽ തീരദേശ വികസനത്തിനായി ആയിരം കോടി രൂപ ചെലവഴിക്കുമെന്നാണ്. ഇനി അങ്ങ് ആ പദ്ധതിയുടെ രൂപം മാറ്റാൻ പോവുകയാണ്. വാഗ്ദാനങ്ങൾ മാത്രം പോര. കഴിഞ്ഞ തവണ പറഞ്ഞ രണ്ടായിരം കോടി രൂപ ഇത്തവണ ആയിരം കോടി രൂപയായി ചുരുങ്ങി. ഇത് ആരെ കബളിപ്പിക്കാനാണ്?

ലൈഫ് പാർപ്പിട പദ്ധതി, കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പാരഗ്രാഫ് 35-ൽ പറയുന്നു, " ലൈഫ് പദ്ധതിക്കായി ഈ വർഷം 2500 കോടി രൂപ വകയിരുത്തുന്നു." ഈ സഭയിലെ ഭരണകക്ഷി അംഗമായ ശ്രീ. കെ. വി. വിജയദാസിന് നൽകിയ ഉത്തരം എന്റെ കയ്യിലുണ്ട്. ലൈഫ് പദ്ധതിക്കായി എത്ര കോടി രൂപ നാളിതുവരെ നൽകിയിട്ടുണ്ട് എന്ന

ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ പറയുന്നത് "ലൈഫ് മിഷന് നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്കായി 142.69 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്". പ്രഖ്യാപനം 2500 കോടി രൂപ, ചെലവാക്കിയത് 142.6 കോടി രൂപ. അങ്ങയുടെ ഗവൺമെന്റിന്റെ പ്രസ്റ്റീജിയസ് പ്രോഗ്രാമാണ് ലൈഫ് പദ്ധതി. ആ പദ്ധതി ഇപ്പോൾ എവിടെ നിൽക്കുകയാണ്? ലൈഫ് മിഷനുവേണ്ടി സംസ്ഥാന ഗവൺമെന്റ് വീട് നിർമ്മിക്കാൻ ഒരു പൈസ പോലും കൊടുത്തിട്ടില്ല. കുറേ വീടുകളുടെ നിർമ്മാണം നടക്കുന്നുണ്ട്, അത് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടും, പഞ്ചായത്ത് ഹഡ്കോയിൽ നിന്നും ലോണെടുത്തതും എസ്.റ്റി ഡിപ്പാർട്ടുമെന്റിന്റെ ഫണ്ടുമാണ്. ഇതല്ലാതെ അങ്ങ് വകയിരുത്തിയ 2500 കോടി രൂപയിൽ ഒരു പൈസപോലും ലൈഫ് മിഷനുവേണ്ടി കൊടുത്തിട്ടില്ല. അങ്ങയുടെ വാഗ്ദാനങ്ങൾ കേവലം വാഗ്ദാനങ്ങളായി മാത്രം അവശേഷിക്കുന്നു. പാരഗ്രാഫ് 78-ൽ SCP/TSP-യ്ക്കുവേണ്ടി പി കെ കാളൻ പദ്ധതിയിൽ മാറ്റിവച്ച 110 കോടി രൂപ ചെലവാക്കിയോ; ഒരു പൈസ ചെലവഴിച്ചോ? അതുപോലെ RSBY (Rashtriya Swasthya Bima Yojana) പദ്ധതി, കേന്ദ്ര ഗവൺമെന്റ് യാർഡ്സ്റ്റിക്കിൽ മാറ്റം വരുത്തി, തന്മൂലം കേരളത്തിന് ദോഷകരമാണെന്ന്

അങ്ങ് പറഞ്ഞു. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുമെന്ന് അങ്ങ് പറഞ്ഞിട്ട് ഒരു വർഷം കഴിഞ്ഞു. ഇപ്പോഴത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പാരഗ്രാഫ് 108-ൽ പറയുന്നത്, "അത് നടപ്പിലാക്കാനായില്ല, മൂന്ന് തലമായി നടപ്പാക്കുമെന്ന് പറയുന്നു, അങ്ങേയ്ക്കൊരു വ്യക്തതയുണ്ടോ? സമഗ്ര ആരോഗ്യ പദ്ധതി ഒരു വർഷമായിട്ടും നടപ്പാക്കിയിട്ടില്ല, ഒരു കോംപ്രിഹൻസീവ് സ്കീമില്ല. ഇപ്പോഴും പറയുന്നത് മൂന്ന് ഘട്ടമായി നടപ്പാക്കുമെന്നാണ്. അതിലും ഏറ്റവും ക്രൂരമായ കാര്യം, യു.ഡി.എഫ് ഗവൺമെന്റ് കൊണ്ടുവന്ന കാരുണ്യ പദ്ധതി. ശ്രീ. കെ. എം. മാണിയുടെ ബ്രെയിൻ ചൈൽഡാണ്. ഖജനാവിൽ നിന്ന് ഒരു പൈസപോലും ചെലവഴിക്കാതെ ലോട്ടറിയിൽ നിന്നുള്ള വരുമാനംകൊണ്ടുമാത്രം നടപ്പിലാക്കിയ പദ്ധതി. ആയിരക്കണക്കിന് ഹൃദ്രോഗികൾക്കും കാൻസർ രോഗികൾക്കും ജീവിതത്തിൽ പ്രയാസം നേരിടുന്നവർക്കും വലിയ ആശ്വാസമായിരുന്ന കാരുണ്യ പദ്ധതി. അങ്ങ് എന്ത് ചെയ്തു, സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയുമില്ല, കാരുണ്യ പദ്ധതിയെ കഴുത്തുഞ്ഞെരിച്ച് കൊല്ലുകയുമാണ്. ദയവായി അത് ചെയ്യരുത്. അങ്ങേയ്ക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുണ്ടാക്കാം. കേന്ദ്ര ഗവൺമെന്റ് പ്ലാനിംഗ് കമ്മീഷൻ

നിർത്തലാക്കി. ഒരു കൊല്ലം പ്ലാൻ ഹോളിഡേയാണ്. നീതി ആയോഗ് കൊണ്ടുവന്നില്ല. പുതിയ പദ്ധതി വരട്ടെ, കാരുണ്യ പദ്ധതി സംസ്ഥാന ഖജനാവിന്റെ മുതൽമുടക്കുള്ളതല്ല, ഒരു പൈസ മാറ്റിവയ്ക്കുന്നില്ല, ദയവായി കാരുണ്യ പദ്ധതി നിർത്തലാക്കുന്നത് പുനരാലോചിക്കണം. അങ്ങ് ഈ പദ്ധതി നവീകരിക്കുന്നത്, കുളിപ്പിച്ച് കുളിപ്പിച്ച് കുഞ്ഞിനെ ഇല്ലാതാക്കും പോലെയാണ്.

അതുപോലെ, അങ്ങ് നവകേരളത്തിനായി കുറേ പദ്ധതികൾ പ്രഖ്യാപിച്ചു. അങ്ങയുടെ ബഡ്ജറ്റിന്റെ അടിത്തറ കിഫ്ബിയാണ്. Budget minus KIIFB is a big zero. നമുക്കറിയാം, കേരളത്തിന്റെ വരുമാന സ്രോതസ് കുറവാണ്, നോൺ ബഡ്ജറ്ററി ഇൻകം കണ്ടെത്തണം. ഞങ്ങൾ അത് സ്വാഗതം ചെയ്യുന്നു. പക്ഷെ അങ്ങ് യാതൊരു വിധത്തിലുള്ള യാഥാർത്ഥ്യബോധവുമില്ലാതെയാണ് കിഫ്ബിക്കുവേണ്ടി പദ്ധതി പ്രഖ്യാപിക്കുന്നത്. കിഫ്ബിക്കുവേണ്ടി 41,326 കോടി രൂപയുടെ പദ്ധതികൾക്ക് അനുവാദം കൊടുത്തുവെന്ന് അങ്ങ് തന്നെ പറയുന്നു. ഈ വർഷം വരാൻ പോകുന്നത് പതിനായിരം കോടി രൂപയുടെ പേമെന്റാണ്. അങ്ങ് സഭയിൽ പറഞ്ഞത് ആകെ കിഫ്ബിക്ക് കൈവശമുള്ളത് 1772.64 കോടി രൂപ. പെട്രോൾ-ഡീസൽ സെസും മോട്ടോർ വെഹിക്കിൾ

ടാക്സും മാത്രം. മറ്റ് വരുമാനം ലഭിക്കുന്നില്ല. അങ്ങനെയുള്ള കിഫ്ബിയെ ആശ്രയിച്ചുകൊണ്ട് 46,000 കോടി രൂപയുടെ വർക്ക് കൊടുക്കുന്നത് എന്ത് സാമ്പത്തിക ശാസ്ത്രത്തിന്റെ പേരിലാണ്? ഇത് ചൂണ്ടിക്കാണിക്കുന്നത് അങ്ങ് ഗൗരവത്തിൽ കാണണം. കേരളം വളരെ ഗുരുതരമായ കടക്കെണിയിലേയ്ക്ക് പോകാൻ പോവുകയാണ്, debt trap-ലേയ്ക്ക് പോവുകയാണ്. വരുമാനം അറിഞ്ഞ് ചെലവഴിക്കാൻ സാധിക്കണം. വരുമാന സ്രോതസ്സ് കണ്ടെത്തണം. കേവലം വാഗ്ദാനം കൊണ്ട് നടപ്പിലാകില്ല. അങ്ങ് പ്രഖ്യാപിച്ച പ്രവാസി ചിട്ടി ഇപ്പോൾ എവിടെയാണ്? നാളിതുവരെ കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടിക്കുവേണ്ടി എത്ര കോടി രൂപ സമാഹരിച്ചു എന്ന ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ 13-12-2018-ലെ ചോദ്യത്തിന് ഉത്തരമായി അങ്ങ് തന്നെ നിയമസഭയിൽ പറഞ്ഞത് പ്രവാസി ചിട്ടിക്കുവേണ്ടി ആകെ ലഭിച്ചത് 3.3 കോടി രൂപയെന്നാണ്. ചെലവെത്രയാണ്? പ്രവാസിചിട്ടിയുടെ പരസ്യ ഇനത്തിൽ കിഫ്ബി, കെ.എസ്.എഫ്.ഇ അഞ്ച് കോടി ഒരു ലക്ഷം രൂപ ചെലവഴിച്ചു. വരുമാനം മൂന്നര കോടി രൂപ, ചെലവ് 5 കോടി രൂപ. ഇങ്ങനെയുള്ള സ്രോതസുകളെ ആശ്രയിക്കാൻ സാധിക്കുമോ? വയബിളായ സ്കീം കണ്ടെത്തണം. അതിനുപകരം വരുമാന സ്രോതസ്സില്ലാതെ പണം

ചെലവഴിക്കുന്നതിന് ഒരിക്കലും ന്യായീകരണമില്ല. അങ്ങ് പ്രഖ്യാപിച്ച 25 പദ്ധതികൾ, അങ്ങ് റീ-ബിൽഡ് കേരളയ്ക്ക് ഒരു രൂപമുണ്ടാക്കി. ഇതുവരെ അതൊരു vague concept ആയിരുന്നു. എന്താണ് റീ-ബിൽഡ് കേരളയെന്ന് ആർക്കും അറിയില്ല, എല്ലാവരും പ്രസംഗിച്ചു നടക്കുകയാണ്. റീ-ബിൽഡ് കേരള എന്നുപറയുന്നത് 25 പദ്ധതികൾ. ഞാൻ ചോദിക്കുന്നു, ഈ പദ്ധതികളിൽ ഏതെങ്കിലും ഒന്ന് പുതിയ പദ്ധതിയാണോ? ഇതെല്ലാം ആവർത്തനമാണ്. കഴിഞ്ഞ ബഡ്ജറ്റുകളിൽ ഉന്നയിച്ച കാര്യങ്ങൾ, ഭാഷ മാറി, പറയുന്ന രീതി മാറി, പക്ഷെ അതിനപ്പുറം ഒന്നുമുണ്ടായിട്ടില്ല. അങ്ങയുടെ ബഡ്ജറ്റിന് ക്രെഡിബിലിറ്റി ഇല്ല. അങ്ങ് മൂന്ന് വർഷത്തിനുള്ളിൽ 50 ലക്ഷം ചതുരശ്ര അടി ഐ.ടി പാർക്ക് നിർമ്മിക്കുമെന്ന് പറഞ്ഞു. മൂന്ന് വർഷം കൊണ്ട് എവിടെയെല്ലാമാണ് 50 ലക്ഷം ചതുരശ്ര അടി ഐ.ടി പാർക്കുണ്ടാക്കിയതെന്ന് ഉത്തരം പറയുമ്പോൾ പറയണം. ജനങ്ങളെ കബളിപ്പിക്കരുത്. അങ്ങ് പറഞ്ഞ വയനാട് കാർബൺ ന്യൂട്രൽ ആവർത്തനമാണ്; നദീ പുനരുജ്ജീവനം ആവർത്തനമാണ്. കുടുംബശ്രീക്ക് സഹായം പ്രഖ്യാപിച്ചു, കഴിഞ്ഞ തവണയും പ്രഖ്യാപിച്ചു. അതുപോലെ പ്രവാസികളുടെ കാര്യത്തിൽ കുറച്ചുകൂടി ഗൗരവം കാണിക്കണം. ആഗോള സാമ്പത്തിക മാന്ദ്യം, ഗൾഫ് രാജ്യങ്ങളിലെ

സ്വദേശിവൽക്കരണം..., ഇനി കേരളം നേരിടാൻ പോകുന്ന പ്രധാന പ്രശ്നം പ്രവാസികളുടെ മടങ്ങിവരവാണ്. അതിനായി യാതൊരു സ്കീമും ഈ ബഡ്ജറ്റിലില്ല. ഞങ്ങളുടെ കാലത്ത് ഒരു സ്കീം കൊണ്ടുവന്നു. പക്ഷെ ബാങ്കുകൾ സഹകരിക്കുന്നില്ല. ബാങ്കുകളുമായി നിരവധി തവണ ചർച്ചകൾ നടത്തി. മടങ്ങി വരുന്ന പ്രവാസികൾക്ക് ജോലി കണ്ടെത്തുന്നതിനുള്ള മാർഗ്ഗം കാണാൻ ഗൗരവമായി ശ്രമിക്കാനുള്ള ചുമതല കേരളത്തിനുണ്ട്. കാരണം കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ സംഭാവന നൽകിയത് പ്രവാസികളാണ്. അവരെ അവഗണിച്ച് പോകരുത്. പ്രവാസികളുടെ മൃതദേഹം കൊണ്ടുവരാൻ ഫണ്ട് നൽകുമെന്ന് അങ്ങ് പറഞ്ഞു. അത് പുതിയ കാര്യമൊന്നുമല്ല. യു.ഡി.എഫ്.-ന്റെ കാലത്തും എംബസികളുടെ ബെനവലന്റ് ഫണ്ട്, സ്പോൺസർമാർ പണം ചെലവഴിച്ചില്ലെങ്കിൽ കേരളം ചെലവഴിക്കുമായിരുന്നു. പ്രവാസികളുടെ മൃതദേഹം തിരിച്ചുകൊണ്ടുവരാൻ വേണ്ടി 16 കോടി വകയിരുത്തുമെന്ന് അങ്ങ് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞു. ഇത്തവണയും ആവർത്തിക്കുകയാണ്. ആവർത്തന വിരസമാണ് ഈ പ്രസംഗം. പുതിയതായി ഒന്നുമില്ല. ജനങ്ങൾക്ക് വലിയ സാമ്പത്തികഭാരമുണ്ടാക്കുന്നു. അന്യസംസ്ഥാന ലോട്ടറി മടങ്ങിവരാൻ അവസരമുണ്ടാക്കാത്ത രീതിയിലുള്ള നിയമം കൊണ്ടുവരാൻ ദയവായി അങ്ങ്

മുൻകയ്യെടുക്കണം. അതുപോലെ കേരള പ്രൈവറ്റ് ബാങ്കേഴ്സ് അസോസിയേഷന്റെ നിവേദനം ലഭിച്ചതായി പറഞ്ഞു. ക്യാഷ്ലെസ് ട്രാൻസാക്ഷനിലേയ്ക്ക് മുഴുവൻ പോകാത്ത സാഹചര്യത്തിൽ രണ്ടുലക്ഷം രൂപയെങ്കിലും അവർക്ക് പണമായി കൈകാര്യം ചെയ്യാനുള്ള അവസരം കൊടുക്കണം. കേരളത്തിലെ അടയ്ക്കാ കച്ചവടക്കാരുടെ വിഷയം അങ്ങേയ്ക്ക് അറിയാം, പിരിക്കാത്ത നികുതി അവരിൽ നിന്ന് ഈടാക്കുന്നത് ശരിയല്ല. പിരിക്കാത്ത നികുതി അടയ്ക്കാൻ അവർക്ക് നോട്ടീസ് കൊടുത്തിരിക്കുന്നു. ഇത്തരം കാര്യങ്ങൾ പരിഗണിക്കണം. ഈ ബഡ്ജറ്റ് നിരാശാജനകമാണ്. കേരളത്തെ അങ്ങ് കടക്കെണിയിലാക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. സി. കെ. നാണു</u>: സർ, സംസ്ഥാനം ഒരു കാലത്തും അഭിമുഖീകരിച്ചിട്ടില്ലാത്ത ഗുരുതരമായ സ്ഥിതി നേരിട്ടശേഷം സംസ്ഥാനം അനുഭവിച്ച യാതനകൾ നേരിടാനുള്ള സഹായം നൽകാൻ ബാധ്യതപ്പെട്ട കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ സഹായിക്കാത്ത ഘട്ടത്തിൽ ഒരു സംസ്ഥാന ഗവൺമെന്റിനുവേണ്ടി അവതരിപ്പിക്കാൻ സാധിക്കുന്ന ഏറ്റവും ഫലപ്രദമായ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചത്. ഇപ്പോൾ സംസ്ഥാനത്തെ എല്ലാ

നിയോജകമണ്ഡലങ്ങളിലും സ്വകാര്യ ആശുപത്രികളിലേയ്ക്ക് പോകാതെ സാധാരണക്കാരായ ആളുകൾക്ക് രോഗം വന്നാൽ ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. വിദ്യാഭ്യാസ മേഖലയിൽ കോളേജുകൾ തുടങ്ങി താഴെവരെ സ്വകാര്യ കോളേജുകളെ ആശ്രയിക്കുന്നതിനുപകരം സർക്കാർ മേഖലയിലുള്ള സ്ഥാപനങ്ങൾ, ചെറിയ ക്ലാസ് മുതൽ പ്രൊഫഷണൽ കോളേജുകൾ വരെ ആശ്രയിക്കാൻ സാധിക്കുന്ന അവസ്ഥ ഇന്ന് നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഒരു ഗവൺമെന്റിൽ നിന്ന് നാട്ടിലെ ജനങ്ങൾക്ക് എന്തെല്ലാം ആവശ്യമുണ്ടോ ആ ആവശ്യങ്ങൾ മെല്ലെമെല്ലെ നേടിക്കൊടുക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക്, ഗവൺമെന്റിന് സാധിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ, അദ്ദേഹം അഞ്ചുകൊല്ലം മുമ്പ് അധികാരത്തിൽ വരുന്ന അവസരത്തിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനവും ഈ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന അവസരത്തിൽ അവർ പറഞ്ഞതും ജനങ്ങളുടെ മുമ്പിൽ സമർപ്പിച്ചാൽ ആ ഗവൺമെന്റ് എങ്ങനെ നീങ്ങുമെന്ന് ജനങ്ങൾക്ക് മനസ്സിലാകും. ഇത് അതുപോലെയല്ല. അടിസ്ഥാനപരമായി ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നു. പ്രതിസന്ധികളുണ്ട്. ആ പ്രതിസന്ധികളെ അതിജീവിക്കാൻ സഹായിക്കുന്ന ഒരു കേന്ദ്ര ഗവൺമെന്റല്ല.

സംസ്ഥാനത്തിന്റെ കാർഷികമേഖലയിലെ വരുമാനങ്ങൾ എങ്ങനെ കുറവ് ചെയ്യാൻ സാധിക്കും, ആ രൂപത്തിൽ ചിന്തിക്കുന്ന ഒരു ഗവൺമെന്റാണ്. റബ്ബറിന്റേത് ഉൾപ്പെടെ പല മേഖലകളിലും നമുക്ക് അതുകൊണ്ട് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള ഒരു സ്ഥലത്ത് കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഫലപ്രദമായ രൂപത്തിലുള്ള നടപടികളാണ് ഇവിടെ ചെയ്തുവരുന്നത്. നാളികേര കൃഷിയെ മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുവരുന്നു. നാളികേര ഉല്പാദനം വർദ്ധിച്ചാൽ സ്വാഭാവികമായും കേരളത്തിന്റെ സമ്പദ്ഘടന ഗുണകരമായ നിലയിലേയ്ക്ക് വരും. അതിന് സഹായകരമായ രൂപത്തിലുള്ള പലതും ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നു. അടയ്ക്കാ പോലെയുള്ള കാർഷിക ഉല്പന്നങ്ങൾ, ആ കാർഷിക ഉല്പന്നങ്ങൾ വർദ്ധിച്ചുവരാനുള്ള സൗകര്യങ്ങൾ, അതിന് സാമ്പത്തികമായ സഹായം നൽകുന്നു. നമുക്ക് രോഗമുണ്ടാകുന്നതിനുള്ള പ്രധാനപ്പെട്ട കാരണം, ആരോഗ്യത്തിന് ഗുണപരമല്ലാത്ത രൂപത്തിലുള്ള മലിനമായ കുടിവെള്ളം പല മേഖലകളിൽ നിന്നുമുണ്ടാകുന്നു. അതിനെ മാറ്റാൻ മിക്കവാറും എല്ലാ വീടുകളിലേയ്ക്കും കുടിവെള്ളമെത്തിക്കാൻ സാധിക്കുന്ന രൂപത്തിലുള്ള സംവിധാനങ്ങൾ...., ഇങ്ങനെ ഓരോ മേഖലയും. ജനങ്ങളുടെ

അടിസ്ഥാനപരമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിന് സഹായകരമായ സംവിധാനങ്ങളിലേയ്ക്ക് ഗവൺമെന്റ് പോയിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഗൾഫിലും സാമ്പത്തിക പ്രതിസന്ധി വന്നിരിക്കുന്നു. നമ്മൾ പ്രതീക്ഷിച്ചതുപോലെ കേരളത്തെ സഹായിക്കാൻ ഗൾഫ് മേഖലയിലുള്ളവർക്ക് സാധിക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അഭിമുഖീകരിക്കാൻ പോകുന്ന ഗുരുതരമായ പ്രശ്നം, വളരെക്കാലമായി ഗൾഫിൽ ജോലിയെടുത്തിരുന്ന ആളുകൾ നമ്മുടെ നാട്ടിലേയ്ക്ക് തിരികെവരുന്നു. അങ്ങനെ വരുന്നവരിൽ ജീവിക്കാനാവശ്യമായ പുതിയ സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകാൻ നമ്മുടെ ഗവൺമെന്റ് സന്നദ്ധമാകേണ്ട പുതിയ പ്രതിസന്ധി അഭിമുഖീകരിക്കാൻ പോകുന്നു. വിദേശത്തുള്ള മലയാളികളിൽ ഒരു വലിയ വിഭാഗം നാട്ടിലേയ്ക്ക് തിരിച്ചുവരികയാണ്. ഇതുപോലെ ഗവൺമെന്റ് പ്രതീക്ഷിക്കാത്ത പ്രതിസന്ധികളൊക്കെ ഉണ്ടെങ്കിലും, ഒരു ഗവൺമെന്റ് എന്ന നിലയിൽ നമ്മുടെ നാട്ടിലുള്ള അടിസ്ഥാനപരമായ പ്രശ്നങ്ങൾ, ഉദാഹരണത്തിന് വിദ്യാഭ്യാസ മേഖലയിൽ ഗ്രൗണ്ട്, സ്റ്റേഡിയം...., എനിക്ക് അഭ്യർത്ഥിക്കാനുള്ളത് എന്റെ നിയോജകമണ്ഡലത്തിൽ ഒരു ഇൻഡോർ സ്റ്റേഡിയമുണ്ട്. ആ ഇൻഡോർ

സ്റ്റേഡിയത്തിന് കുറച്ചുകൂടി ഫണ്ട് അനുവദിച്ചാൽ അത് മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഇൻഡോർ സ്റ്റേഡിയമായി മാറും. സാമ്പത്തിക പ്രതിസന്ധിയുണ്ട് എങ്കിലും അതിന്റെയെല്ലാം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെ അടയ്ക്കാ കച്ചവടക്കാരെ ബാധിക്കുന്ന പ്രശ്നമുണ്ട്. നാട്ടിൽ ചെല്ലുമ്പോൾ അവിടത്തെ അടയ്ക്കാ കച്ചവടക്കാർ ആ പ്രതിസന്ധിയുമായി വരും. ഇവിടെ വരുമ്പോൾ അവരുടെ സംഘടന..., അവർക്ക് പിടിച്ചുനിൽക്കാൻ സാധിക്കാത്ത തരത്തിൽ നികുതി അടയ്ക്കാൻ നിർബന്ധിക്കപ്പെടുന്ന ഒരു സാഹചര്യം. അത് പരിശോധിച്ച് ഒഴിവാക്കാൻ സാധിക്കുമെങ്കിൽ അതിന് ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധമാകണം. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല, ഒരു വല്ലാത്തൊരു ഘട്ടത്തിലാണ് നമ്മൾ. പഴയ കാലത്ത് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം അധികാരത്തിൽ വന്ന ഗവൺമെന്റുകൾ സ്വീകരിച്ച സമീപനം പോലുള്ള സമീപനങ്ങളല്ല നിലവിലെ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഇപ്പോൾ മൂന്നുനാല് സംസ്ഥാനങ്ങളിൽ കേന്ദ്രം ഭരിക്കുന്ന കക്ഷി പരാജയപ്പെട്ട ശേഷം അവർ സ്വീകരിക്കുന്ന ചില നടപടികൾ പ്രധാനമായും ഭയപ്പാടുണ്ടാക്കുന്നതാണ്. അത് എങ്ങനെ ഒരു സംസ്ഥാനമെന്ന

നിലയിൽ നമ്മുടെ നേർക്കുവരും. ആ രൂപത്തിലാണ് നമ്മൾ ഇപ്പോൾ പ്രശ്നങ്ങളെ സംബന്ധിച്ച് ചിന്തിക്കുന്നത്. പല സംസ്ഥാനങ്ങളിലും..., ഇപ്പോൾ പശ്ചിമബംഗാളിലെ മുഖ്യമന്ത്രിക്ക് നേരെ സ്വീകരിക്കുന്നത്, ഏതെല്ലാം തരത്തിൽ അവർക്ക് അധികാരത്തിൽ വരാൻ സാധിക്കും. ആ സാഹചര്യങ്ങൾ മാത്രമേ വേണ്ടൂ. ഈ ബഡ്ജറ്റ് അവതരിപ്പിച്ച് കുറച്ചുദിവസങ്ങൾക്കുശേഷം നമ്മൾ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ പോകുകയാണ്. തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ പോകുന്ന സാഹചര്യത്തിൽ അതിനെയെല്ലാം നേരിടാൻ സാധിക്കുന്ന രൂപത്തിൽ പരിചയ സമ്പന്നനായ, പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്ന ഒരു ധനകാര്യ മന്ത്രിക്ക് അവതരിപ്പിക്കാൻ സാധിക്കുന്ന ഒരു നല്ല ബഡ്ജറ്റാണ് അദ്ദേഹം അവതരിപ്പിച്ചത്. അത് നമ്മുടെ കാർഷിക മേഖലയ്ക്കും..., ഖാദി, കൈത്തറി ഇതെല്ലാം നമ്മൾ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ഖാദിയുടെ വളർച്ചയ്ക്ക് കൂടുതൽ എന്തെല്ലാം ചെയ്യാൻ സാധിക്കും; ഖാദിയുടെ പ്രചരണം, കൈത്തറിയുടെ പ്രചരണം. ഇത്തരം മേഖലകളിലെല്ലാം അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്. അത് സന്തോഷകരമാണ്. നമ്മുടെ നാട്ടിലെ സാധാരണക്കാരായ ആളുകൾക്ക് തൊഴിൽ ലഭിക്കണം. അവർക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പുതിയ

സാഹചര്യങ്ങളുണ്ടാകണം. കഴിഞ്ഞ രണ്ട് വർഷങ്ങളായുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനത്തിന്റെ ഫലമായി പട്ടിണി കിടക്കുന്ന സാധാരണക്കാരുടെ കുടുംബങ്ങൾ ഇന്ന് നമ്മുടെ നാട്ടിലില്ല. ഇപ്പോൾ ജോലിക്ക് പോകുന്ന സഹോദരിമാരായാലും ആരായാലും അപൂർവ്വമായി മാത്രമേ...., പണ്ടത്തെപ്പോലെ എന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമാണ്, എന്നെ സഹായിക്കണം എന്നുപറയുന്ന നിലയില്ല. സ്ത്രീകളടക്കം ജോലി ചെയ്യാനാവശ്യമായ രൂപത്തിലുള്ള..., കുടുംബശ്രീ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ മുഖേന ഇന്ന് കേരളം ഇന്ത്യക്ക് മാതൃകയാകുന്ന രൂപത്തിൽ വളർന്നുവരുന്ന ഘട്ടമാണ്. ആ രീതിയിൽ എല്ലാ വിഭാഗത്തെയും ശ്രദ്ധിക്കുന്ന, നമ്മുടെ നാടിന്റെ ഇന്നത്തെ സ്ഥിതിക്ക് അവതരിപ്പിക്കാൻ സാധിക്കുന്ന മെച്ചപ്പെട്ട ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിന്റെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിശോധിക്കുമ്പോൾ ഇതിലും കൂടിയ ബഡ്ജറ്റ് അവതരിപ്പിക്കാൻ ആർക്കെങ്കിലും കഴിയുമെന്ന് ഞാൻ കരുതുന്നില്ല. കാരണം, ഡോ. ടി. എം. തോമസ് ഐസക് നല്ല ധനകാര്യ വിദഗ്ധനാണെന്ന് തന്നെയാണ് എന്റെ

അഭിപ്രായം. കുറ്റം കണ്ടാൽ കുറ്റം പറയും. ഇവിടത്തെ ഒരു പ്രത്യേകത, നല്ലത് പറഞ്ഞാലും ചീത്ത പറഞ്ഞാലും കുഴപ്പമാണ്. ഇപ്പോഴത്തെ പ്രത്യേക സാമ്പത്തിക സാഹചര്യത്തിൽ ഇതിൽ കൂടുതൽ ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധാരണ ആർക്കും കഴിയില്ല എന്നാണ് എന്റെ വിശ്വാസം. അതാണ് ഞാൻ പറഞ്ഞത്. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഞാൻ ഒരുപാട് നാളുകൊണ്ട് ബഡ്ജറ്റ് കേട്ടുകൊണ്ടിരിക്കുന്ന ആളാണ്. പല മാന്യന്മാരുടെയും ബഡ്ജറ്റ് കേട്ടിട്ടുണ്ട്. അതുമായി താരതമ്യം ചെയ്യുമ്പോൾ എത്രയോ നല്ല ബഡ്ജറ്റാണിത്. അതാണ് ഞാൻ ഇവിടെ പറഞ്ഞത്.

എനിക്ക് ചില നിർദ്ദേശങ്ങൾ അങ്ങയോട് പറയാനുണ്ട്. വില വർദ്ധനവിനുള്ള സാധ്യതയുള്ളതുകൊണ്ടാണ് ഡോ. ടി. എം. തോമസ് ഐസക്കിനോട് ഇക്കാര്യം പറയുന്നത്. ഓൺലൈൻ ടാക്സിയുടെ നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടില്ല. ടാക്സി എന്ന നിലയിൽ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഓൺലൈൻ ടാക്സി മൂന്നോ നാലോ സമ്പന്നന്മാരായ ചില ആളുകളിലേയ്ക്ക് മാറിയിരിക്കുകയാണ്. അവർ ഓൺലൈൻ ടാക്സി ഡ്രൈവർമാരെ പിഴിഞ്ഞെടുക്കുകയാണ്. അവരുടെ ടാക്സി കൂലി നേരിട്ട് അവർക്ക് കൊടുക്കാൻ

കഴിയുന്ന ഒരു നടപടിയുണ്ടായാൽ വളരെ നന്നായി എന്നാണ് എന്റെ അഭിപ്രായം.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, അടയ്ക്കാകച്ചവടക്കാർ വർഷങ്ങൾക്ക് മുമ്പ് നടത്തിയ കച്ചവടമാണ്. അവർ രണ്ട് ശതമാനം സി.എസ്.ടി. അടച്ചാണ് കച്ചവടം നടത്തിയിട്ടുള്ളത്. ഇപ്പോൾ അത് അഞ്ച് ശതമാനം ആയതുകൊണ്ട് ബാക്കി പണം തിരികെ അടയ്ക്കണമെന്ന് പറയുകയാണ്. അവർ എവിടെ നിന്നാണ് അടയ്ക്കുന്നത്; അവരുടെ കയ്യിൽ പണമുണ്ടോ? മറ്റ് സംസ്ഥാനങ്ങളിൽ പോയ പണം എങ്ങനെ തിരിച്ചുകൊണ്ടുവരാൻ കഴിയും? നിയമം നോക്കിയാൽ യാതൊരു കാരണവശാലും അവരിൽ നിന്ന് തുക വേണ്ടായെന്ന് പറയാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിയില്ലായെന്ന് എനിക്കറിയാം. അതിനുള്ള അധികാരവും അങ്ങേയ്ക്കില്ല. പക്ഷെ, പാവങ്ങളുടെ ജപ്തി നടപടി അൽപ്പം താമസിപ്പിച്ച്, 60-70 ഗഡുക്കളാക്കി കൊടുത്ത് അവരെ സഹായിക്കാൻ കഴിയുമോ എന്ന് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണമെന്ന അഭിപ്രായമുണ്ട്.

അയ്യാ വൈകുണ്ഠസ്വാമികൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് 20 കോടി രൂപ മുടക്കുമെന്ന് കഴിഞ്ഞ കാലത്ത് പറഞ്ഞതാണ്. പാവപ്പെട്ട നാടാർ

സമുദായത്തിന്റെ ആത്മീയ ആചാര്യനാണ് അദ്ദേഹം. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന് ലോകത്തോട് ആദ്യമായി പറഞ്ഞ ആളാണ് അയ്യാ വൈകുണ്ഠസ്വാമികൾ. ശ്രീനാരായണ ഗുരുദേവനൊക്കെ പിന്നീടാണ് ആവർത്തിച്ചത്. ഗുരുദേവനാണ് അത് പ്രാവർത്തികമാക്കിയത്. വൈകുണ്ഠസ്വാമികളുടെ സ്മാരകം നിർമ്മിക്കാൻ ശക്തമായ ഇടപെടൽ ഈ വർഷം ഉണ്ടാകണമെന്ന് പറയുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ വിലക്കയറ്റ ബഡ്ജറ്റിനെ എതിർക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായ ഡോ. ടി. എം. തോമസ് ഐസക് എന്റെ പഴയകാല സുഹൃത്തായിരുന്നു; ഇപ്പോഴും സുഹൃത്താണ്. അദ്ദേഹത്തിന്റെ ചോർന്ന ഒരു ബഡ്ജറ്റടക്കം പത്താമത്തെ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്. മറ്റുള്ളവരുടെ സ്വത്തിനും ജീവനും വിലകൽപ്പിക്കുന്ന, വലിയ അഹങ്കാരമോ ധാർഷ്ട്യമോ ഇല്ലാത്ത ഒരു പാവം കമ്മ്യൂണിസ്റ്റുകാരനായിട്ടാണ് ഞാൻ അദ്ദേഹത്തെ കണ്ടിട്ടുള്ളത്. ജി.എസ്.ടി. അഥവാ ഗബ്ബർസിംഗ് ടാക്സ് പിരിച്ച് അദ്ദേഹത്തിന് ഗബ്ബർസിംഗിന്റെ സ്വഭാവമായി; സാക്ഷാൽ ഗബ്ബർ സിംഗായി അദ്ദേഹം മാറിയിട്ടുണ്ട്. പിടിച്ചുപറി അദ്ദേഹത്തിന്റെ ഹോബിയായി മാറിയെന്നാണ് എല്ലാ ജനങ്ങളും പറയുന്നത്.

ഈ ബഡ്ജറ്റിനെ പറ്റി പരിശോധിക്കുന്നതിന് മുമ്പ് കഴിഞ്ഞ ബഡ്ജറ്റിന് എന്തു സംഭവിച്ചുവെന്ന് പരിശോധിക്കണ്ടേ?

ഓഖി ഫണ്ടിലേയ്ക്ക് നീക്കി വച്ച 2000 കോടി രൂപയിൽ എത്ര രൂപ ചെലവായി; തുറമുഖ വികസനത്തിനായി നീക്കിവച്ച 584 കോടി രൂപവച്ച് എത്ര തുറമുഖങ്ങൾ വികസിപ്പിച്ചു; വൈറ്റില മൊബിലിറ്റി ഹബ്ബ് പോലെ കോഴിക്കോട് മൊബിലിറ്റി ഹബ്ബ്, വയനാട് കാപ്പി ബ്രാന്റഡായി മാർക്കറ്റിൽ ലഭിക്കുമെന്ന് പറഞ്ഞു. ഏത് മാർക്കറ്റിലാണ് ലഭിക്കുന്നത്? കൊച്ചി മെട്രോ നീട്ടും, എവിടേയ്ക്കാണ് നീട്ടിയത്, ഓർഗാനിക് കൃഷിക്ക് 10 കോടി രൂപ, മൂന്ന് കോടി മരത്തൈകൾ, മാലിന്യ പ്ലാന്റിന് കോടാനുകോടി, ട്രാൻസ്ജെൻഡറുകൾക്ക് പത്ത് കോടി രൂപ, വനിതാ സുരക്ഷയ്ക്ക് 50 കോടി രൂപ, പൊതുടോയ്ലറ്റ്, ഷീ ലോഡ്ജ്, നിർഭയ തുടങ്ങിയ കുറേ പദ്ധതികൾ പറയുന്നുണ്ട്. ഞാൻ മറ്റുള്ള കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഇന്നത്തെ കാലഘട്ടത്തിൽ അങ്ങേയ്ക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എത്ര പാട്ടകുടിശ്ശിക പിരിച്ചു, അവ പിരിച്ചെടുക്കാത്തത് എന്തുകൊണ്ടാണ്? പഞ്ചായത്തുകൾക്ക് കൊടുത്ത പണം അങ്ങ് മടക്കി വാങ്ങിയില്ലേ? ഇന്നത്തെ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ശരിക്കും മനസ്സിലാക്കിയിട്ടാണോ അങ്ങ്

ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചത്. ജനങ്ങളുടെയിടയിലുള്ള ക്യാഷ് ഫ്ലോ വളരെ കുറഞ്ഞിട്ടുണ്ട്. അത് 50 ശതമാനമായി ചുരുങ്ങിയിരിക്കുകയാണ്. ഇക്കാര്യം കച്ചവടക്കാരോടും കൃഷിക്കാരോടും ചോദിച്ചാൽ മനസ്സിലാകും. അവരുടെ കയ്യിലേയ്ക്ക് 50 ശതമാനം പണമാണ് വരുന്നത്. മുൻകാലങ്ങളെക്കാൾ 50 ശതമാനം കച്ചവടം കുറഞ്ഞിരിക്കുകയാണ്. വിദേശ രാജ്യങ്ങളിൽ നിന്ന് പ്രവാസികൾ അയയ്ക്കുന്ന പണം അതിലേറെ കുറഞ്ഞിരിക്കുകയാണ്. ആരും പണം അയയ്ക്കുന്നില്ല. അടച്ചിട്ടുണ്ടെങ്കിൽതന്നെ, അത് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. ഒരു നയാപൈസ പോലും ഇവിടെ ചെലവാക്കുന്നില്ല, വിൽക്കലും വാങ്ങലും നടക്കുന്നില്ല. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ തന്നെയാണ് ജി.എസ്.ടി. ഇതേ രീതിയിലേയ്ക്ക് എത്തിയത്. അല്ലെങ്കിൽ കുറച്ചുകൂടി നന്നാകുമായിരുന്നു. ഭാവിയിൽ അതിനേക്കാൾ ഗംഭീരമായി രൂക്ഷമാവുകയാണ് ചെയ്യുന്നത്. ഇന്നത്തെ നിലയിൽ നമ്മുടെ സാമ്പത്തിക സ്ഥിതി വളരെ ഗംഭീരമായ മാന്ദ്യം നേരിടുകയാണ്. അത് അങ്ങ് അംഗീകരിക്കാത്തതാണ് പ്രശ്നം. അതിനനുസരിച്ചുള്ള ബഡ്ജറ്റല്ലയിത്.

ഒരു കാരണവശാലും അങ്ങ് ആഗ്രഹിക്കുന്നതുപോലെ 30 ശതമാനം ഇംപ്രൂവ്മെന്റ്/ഇൻക്രീസ് ജി.എസ്.ടി.യിൽ വരില്ല. ദയവ് ചെയ്ത് അത്

വാങ്ങിവയ്ക്കുക അതൊരിക്കലും വരാൻ പോകുന്നില്ല. മുമ്പ് മണൽ വാരി പണമുണ്ടാക്കുമെന്ന് പറഞ്ഞപ്പോൾ ഞങ്ങളെല്ലാവരും പറഞ്ഞതാണ് അത് ലഭിക്കില്ലായെന്ന്. പക്ഷെ, അതേ രീതിയിൽ തന്നെ ആകുമോ ജി.എസ്.ടി. മുപ്പത് ശതമാനം വർദ്ധിക്കുമെന്ന് പറഞ്ഞതും. മുഖ്യമന്ത്രിയും അങ്ങുമൊക്കെ നന്ദിപ്രമേയ ചർച്ചയിൽ ആശുപത്രികളിലും സ്കൂളുകളിലും കുട്ടികൾ ധാരാളമായി വർദ്ധിച്ചുവെന്ന് പറഞ്ഞു. അക്കാര്യം ശരിയാണ്. അസെറ്റ് ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് സ്കൂളുകളും ആശുപത്രികളും നന്നാക്കിയിട്ടുണ്ട്. ഇപ്രാവശ്യം കിഫ്ബിയിൽ നിന്ന് കുറേ സംഖ്യ വന്നിട്ടുണ്ട്. ചില സ്ഥലങ്ങളിൽ വർക്ക് തുടങ്ങി എന്റെ മണ്ഡലത്തിൽ തുടങ്ങിയിട്ടില്ല. അതിന്റെ ഫലമായി കുട്ടികളുടെ എണ്ണം വർദ്ധിച്ചുവെന്നുള്ളത് ശരിയാണ്. അതൊന്നുമല്ല പ്രധാനപ്പെട്ട ഇഷ്യൂ. ജനങ്ങളുടെ കയ്യിൽ ചെലവാക്കാൻ പണമില്ല. പ്രൈവറ്റ് സ്കൂളുകളിൽ നിന്ന് കുട്ടികളുടെ പേര് വെട്ടി ഗവൺമെന്റ് സ്കൂളുകളിൽ കൊണ്ട് ചേർക്കുകയാണ്. സ്വകാര്യ ആശുപത്രികളിൽ ചാർജ് കൂടുതലായതിനാൽ ഗവൺമെന്റ് ആശുപത്രിയിൽ പോയി ഉള്ള മരുന്ന് വാങ്ങി കഴിച്ച് ജീവിക്കുകയാണ്.

അങ്ങ് ഇവിടെ ഒരു ശതമാനം സെസ് ചാർജ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു സംശയവുമില്ല. ഇത് വളരെ വലിയ നഷ്ടത്തിലേയ്ക്കാണ് പോകുന്നത്.

സ്വർണ്ണാഭരണങ്ങൾക്ക് കാൽ ശതമാനം സെസ് ഏർപ്പെടുത്തിയിട്ടുണ്ട്. അവർ ചെയ്യുന്നത്, വലിയ ഷോപ്പുകളിൽ പോയി സാധനങ്ങൾ സെലക്ട് ചെയ്ത് ബില്ലിംഗ് തമിഴ്നാട്ടിൽ നിന്ന് ഉണ്ടാക്കി ഡെലിവറിയും സെലക്ഷനും ഇവിടെ വച്ച് നടത്തുകയും ചെയ്യും. അതാണ് സംഭവിക്കാൻ പോകുന്നത്. ധാരാളം സാധനങ്ങൾ അവിടെനിന്നും ഇവിടെനിന്നും കൊണ്ടുവരും. സെസിൽ നിന്നും പിരിക്കുന്ന തുക മുഴുവനും കൊടുക്കേണ്ടത് പ്രളയബാധിതർക്കാണ്. അവർ കഷ്ടപ്പെടുന്നു, ഒരു ശതമാനം സെസ് എന്ന് പറയുന്നത് ഒരിക്കലും നടക്കാത്ത കാര്യമാണ്. ഇവിടെ കുറേയധികം പുനർനിർമ്മാണം നടത്തണം. നിർമ്മാണ സാധനങ്ങൾക്കൊക്കെ വില വർദ്ധിച്ചിരിക്കുകയാണ്. അതുകൊണ്ട് ഒരു ശതമാനം സെസ് ഏർപ്പെടുത്തിയിരിക്കുന്നത് അങ്ങ് മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. വെള്ളപ്പൊക്കത്തിന്റെ ദുരിതം മുഴുവൻ അനുഭവിക്കാൻ വിധിക്കപ്പെട്ട കേരള ജനതയോടല്ല, മറിച്ച് ഡാം തുറന്നുവിടാൻ മടി കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ, മന്ത്രിമാർ ഇവരിൽ നിന്നാണ് 33,000 കോടി രൂപ പിരിക്കേണ്ടത്. ഇതൊരു മാൻ മേയ്ഡ് ഡിസാസ്റ്ററാണ്, എം.എം.ഡിസാസ്റ്റർ ആണ്. അതുകൊണ്ട് അവരിൽ നിന്നാണ് ഈ തുക പിരിക്കേണ്ടത് അല്ലാതെ പാവപ്പെട്ട ജനങ്ങളിൽ നിന്നല്ല.

ഇന്ത്യയൊട്ടാകെ ഒരേ വില, ഒരേ ടാക്സ് എന്ന് പറഞ്ഞിരുന്നു. One Nation One Tax. ഇപ്പോൾ അതിന് ഘടകവിരുദ്ധമല്ലേ ഈ സെസ്. ഇന്ന് പ്രളയ സെസ്, നാളെ വേറൊരു സെസ്. പഴയ രീതിയിലേയ്ക്ക് തന്നെ നമ്മൾ പോവുകയാണ്. കുറേക്കാലം കഴിഞ്ഞാൽ മറ്റൊരു ഗവൺമെന്റ് വരുമ്പോൾ വേറൊരു സെസായിരിക്കും. ഏറ്റവും കൂടുതൽ ടാക്സ് കൊടുക്കുന്ന സംസ്ഥാനം എന്ന രീതിയിലേയ്ക്ക് മാറാനുള്ള ആദ്യത്തെ സ്റ്റെപ്പാണിത്. ഇതുശരിയല്ല, ജി.എസ്.ടി.യുടെ നിയമം തന്നെ ഇല്ലാതാക്കുന്നതാണ്. അങ്ങ് പുനഃപരിശോധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ബഡ്ജറ്റിൽ ശബരിമലയ്ക്ക് 739 കോടി രൂപയും ദേവസ്വം ബോർഡിന് 100 കോടി രൂപയുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. വളരെ നല്ലത്. ഇതൊക്കെ കൊടുക്കേണ്ടതാണ്. പക്ഷെ, ഒരാളെ ചവിട്ടികൊന്നിട്ട് ആ കൊന്നയാൾ തന്നെ കൊല്ലപ്പെട്ടവന് വേണ്ടി ഗംഭീര സദ്യയും അടിയന്തിരവും നടത്തുന്ന അതേ രീതിയാണിത്. ഗൾഫ് നാടുകളിലൊക്കെ blood money എന്നാണ് പറയുന്നത്. അതാണ് ഇവിടെ സംഭവിക്കുന്നത്.

മുന്നോക്ക ക്ഷേമവകുപ്പിന് 42 കോടി രൂപയും പിന്നോക്ക സമുദായ ക്ഷേമത്തിന് 114 കോടി രൂപയും പട്ടികവർഗ്ഗ ക്ഷേമത്തിന് 662 കോടി രൂപയും

നീക്കിവച്ചിട്ടുണ്ട്. ഇതൊക്കെ കൊടുക്കേണ്ടതാണ്. പക്ഷെ, കേരളത്തിന്റെ ജനസംഖ്യയിൽ പകുതിയോളം വരുന്ന ന്യൂനപക്ഷങ്ങൾക്ക് കഴിഞ്ഞ വർഷം 97 കോടി രൂപ വച്ചിരുന്നിടത്ത് ഇപ്രാവശ്യം 49 കോടി രൂപയാക്കി വെട്ടിച്ചുരുക്കിയിരിക്കുകയാണ്. യു.ഡി.എഫ്.ന്റെ അവസാന ബഡ്ജറ്റിൽ 170 കോടി രൂപയാണ് വച്ചിരുന്നത്. ന്യൂനപക്ഷങ്ങൾക്ക് നീക്കിവച്ച 49 കോടി രൂപ എന്നുള്ളത് വർദ്ധിപ്പിക്കണം. ഇടതുപക്ഷം എപ്പോഴും ന്യൂനപക്ഷങ്ങളെപറ്റി വലിയ കാര്യമായി സംസാരിക്കുകയും അവരുടെ പ്രശ്നങ്ങളെപ്പറ്റി വലിയ തോതിൽ പ്രസംഗിക്കുകയും ചെയ്യാറുണ്ട്. ബഡ്ജറ്റിൽ നേരെമറിച്ചും. ഇതിന്റെ പേരെന്താണ്? പേരിന് നായാട്ട്; വീട്ടിൽ കറിക്ക് മുരിങ്ങയില എന്ന രീതിയാണ്. പേരിന് ന്യൂനപക്ഷങ്ങൾ......

തൊഴിലില്ലായ്മ ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ഇന്ത്യാ രാജ്യത്തെ ജനസംഖ്യയിൽ 50 ശതമാനം പേരും 25 വയസ്സിന് താഴെയുള്ളവരാണ്. ഭാവിയിൽ ലോകത്തിലെ ഏറ്റവും വലിയ വർക്ക് ഫോഴ്സ് ഇന്ത്യാക്കാരായിരിക്കും; പ്രത്യേകിച്ച് മലയാളികൾ. ഇവരെ സ്കിൽഡ് ഫോഴ്സാക്കണമെങ്കിൽ നമുക്കിപ്പോൾ ഉള്ളതിനേക്കാൾ എത്രയോ അധികം കോളേജുകൾ, ടെക്നിക്കൽ കോളേജുകൾ,

യൂണിവേഴ്സിറ്റികൾ വേണം. ഉന്നതവിദ്യാഭ്യാസ രംഗത്തിനായി ബഡ്ജറ്റിൽ തുക എന്തെങ്കിലും വച്ചിട്ടുണ്ടോ? ഇതൊക്കെയല്ലേ നമ്മൾ നോക്കേണ്ടത്. ലോകത്തെ തന്നെ നിയന്ത്രിക്കുന്ന രാജ്യമായി ഇന്ത്യാ രാജ്യം മാറുമ്പോൾ അതിൽ മലയാളികളായിരിക്കും ഏറ്റവും കൂടുതലുള്ളത്. അവർക്കുവേണ്ടിയുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണമെങ്കിൽ കൂടുതൽ ഫണ്ട് അനുവദിക്കണം. ശ്രീ. കെ. ടി. ജലീലുമായുള്ള വ്യത്യാസം വേറെ. അത് പറയുന്നില്ല. ആ വ്യത്യാസം നൂറ് ശതമാനം നിലനിൽക്കും. ഞങ്ങൾ വിജയിക്കുക തന്നെ ചെയ്യും. അതാണ് എനിക്ക് അതിനെപ്പറ്റി പറയാനുള്ളത്. പ്രവാസി ചിട്ടികളിലൂടെ 1200 കോടി രൂപ പിരിക്കുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. എഴുപത്തി അയ്യായിരത്തോളം ആളുകൾ യു.എ.ഇ.-യിൽനിന്ന് ജോയിൻ ചെയ്യുമെന്ന് പറഞ്ഞിരുന്നു. അതിന്റെ മൂന്ന് ശതമാനം മൂന്ന് കോടി മുപ്പത് ലക്ഷമാണെന്നൊന്നും ഞാൻ പറയുന്നില്ല. തുടക്കത്തിൽ അങ്ങനെയൊക്കെ സംഭവിക്കും. എഴുപത്തി അയ്യായിരം ആളുകൾ പ്രവാസി ചിട്ടിയിൽ ജോയിൻ ചെയ്യുമെന്ന് പറഞ്ഞിട്ട് 1949 ആളുകളെ മാത്രമാണ് നമുക്ക് ചേർക്കാൻ കഴിഞ്ഞത്. എന്താണ് അതിന് കാരണം? ഇന്നത്തെ ഗൾഫിന്റെ അവസ്ഥ അതാണ്. അവർക്ക് തരാൻ പണമില്ല. ഇത് പ്രവാസികളോട് ചെയ്യുന്ന ഏറ്റവും

വലിയ ക്രൂരതയാണ്. അവർ വാങ്ങുന്ന ഓരോ എയർ ടിക്കറ്റിനും 100 രൂപ സെസ് ചുമത്തുന്നതിലൂടെ സർക്കാരിന് ഒരു ദിവസം ഏകദേശം പത്ത് ലക്ഷം രൂപ കിട്ടും. വിദേശരാജ്യങ്ങളിൽ പ്രവാസികൾ മരണപ്പെട്ടാൽ അവരുടെ ഡെഡ് ബോഡി കൊണ്ടുവരുന്ന ചെലവ് സർക്കാർ വഹിക്കുമെന്നാണ് വലിയ രീതിയിൽ നമ്മൾ കൊട്ടിഘോഷിക്കുന്നത്. എത്ര ഡെഡ് ബോഡിക്ക് അങ്ങനെ പണം കൊടുക്കേണ്ടിവരും? അവരുടെ കത്തിന്റെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിലൊക്കെ സർക്കാർ അങ്ങനെ കൊടുത്തിരുന്നു. പക്ഷേ എത്ര ഡെഡ് ബോഡികൾക്കാണ് സർക്കാർ പണം കൊടുക്കേണ്ടത്. മരണപ്പെടുന്ന പ്രവാസികൾ ജോലി ചെയ്തിരുന്ന കമ്പനിയും ഇൻഷ്വറൻസ് കമ്പനിയുമൊക്കെ അവർക്ക് പണം കൊടുക്കും. മാസത്തിൽ മൂന്നോ നാലോ ഡെഡ് ബോഡി കൊണ്ടുവരുന്നതിന് അവരിൽനിന്നും 100 രൂപ സെസ് വാങ്ങുന്നത് ശരിയല്ല. പാവപ്പെട്ട ആളുകളാണ് പ്രവാസികൾ. അതുകൊണ്ട് ആ ടിക്കറ്റ് ഫെയർ ഈടാക്കുന്നത് മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്.

വിദേശ രാജ്യങ്ങളിൽ ജോലി നഷ്ടപ്പെടുന്ന ഏതൊരാൾക്കും അഞ്ച് മാസത്തെ ശമ്പളം കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ പ്രാവശ്യം ദുബായിൽ പോയപ്പോൾ പറഞ്ഞു. ആർക്കെങ്കിലും ഒരാൾക്ക്

കൊടുക്കാൻ കഴിഞ്ഞോ; എന്തിനാണ് പറ്റാത്ത കാര്യങ്ങൾ പറയുന്നത്? ഇപ്പോൾ ലോക കേരളസഭ നമ്മൾ നടത്താൻ പോകുകയാണ്. ഒരു പദ്ധതിപോലും അവർക്ക് കൊടുക്കുന്നില്ലെങ്കിൽപ്പിന്നെ എന്തിനാണ് ലോക കേരളസഭ. ഇതുപോലെയുള്ള പരിപാടികൾ തട്ടിക്കൂട്ടി കുറച്ച് നേതാക്കന്മാരെ വിളിച്ചുവരുത്തി പ്രസംഗിപ്പിച്ചതുകൊണ്ടോ മുന്തിയ ഹോട്ടലുകളിൽ അവരെ താമസിപ്പിച്ചതുകൊണ്ടോ അവർക്കൊക്കെ എം.എൽ.എ., എം.പി. പട്ടം പതിച്ചുകൊടുത്തതുകൊണ്ടോ സാധാരണക്കാരായ പ്രവാസികൾക്ക് ഇതുകൊണ്ട് ഒരു ഗുണവുമുണ്ടാകില്ല. അത് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, എല്ലാവർക്കും അധികമായി രണ്ട് മിനിട്ട് കൊടുത്തു. അതുകൊണ്ട് എനിക്ക് ഒരു മിനിട്ടെങ്കിലും തരണം. ഈ സർക്കാരിന് ഇനി ശേഷിക്കുന്നത് വെറും 28 മാസങ്ങൾ മാത്രമാണ്. കഴിഞ്ഞ 32 മാസത്തിനിടയിൽ ഏതെങ്കിലുമൊരു വലിയ പദ്ധതി ഇവിടെ നടന്നോ? കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തെ മൂന്ന് വർഷവും ഈ സർക്കാരിന്റെ മൂന്ന് വർഷവുമെടുത്ത് തട്ടിച്ചുനോക്കിയാൽ ഇവിടെ ഒരു

പദ്ധതിയും നടന്നിട്ടില്ലെന്ന് നിങ്ങൾക്ക് അറിയാൻ സാധിക്കും. വികസന മുരടിപ്പിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടാനാണ് സുപ്രീംകോടതി എന്നൊക്കെപ്പറഞ്ഞ് കുറേ ആക്ടിവിസ്റ്റുകളെ പോലീസ് യൂണിഫോമിൽ ശബരിമലയിൽ കയറ്റാൻ തിടുക്കം കൂട്ടിയത്. കേരളത്തെ ഭിന്നിപ്പിക്കാനായി സർക്കാരും ബി.ജെ.പി.-യും ചെയ്യുന്ന ഒത്തുകളിയാണിതെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സാധാരണഗതിയിൽ മുൻ ഇടതുപക്ഷ സർക്കാരുകളൊക്കെ ചീത്തപ്പേര് വരുത്തുക നാലാമത്തേയോ അഞ്ചാമത്തേയോ വർഷത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് നൂറ് ദിവസത്തിനുള്ളിൽ ചീത്തപ്പേര് വരുത്തി. സി.പി.ഐ.(എം) നേതൃത്വം നൽകുന്ന അവസാനത്തെ സർക്കാരായിരിക്കും ഇതെന്നാണ് ജനങ്ങളിപ്പോൾ പറയുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വരുന്ന തെരഞ്ഞെടുപ്പുകളിൽ ഈ സൂചന മുഴുവൻ ജനങ്ങൾ തിരിച്ചറിയുമെന്നും അതിനനുസരിച്ചായിരിക്കും അവർ വോട്ട് ചെയ്യുകയെന്നും സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. വി. ജോയി: സർ, പ്രിയങ്കരനായ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2019-2020

വർഷത്തെ ബഡ്ജറ്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇത്രയും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലും വികസന പ്രവർത്തനങ്ങൾക്ക് ഭംഗം വരാതെ നാട്ടിലെ ഓരോ നിയമസഭാ മണ്ഡലത്തിലും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചതിന്റെ ഏറ്റവും സന്തോഷകരമായ ഒരു സാഹചര്യത്തിലാണ് ഞാൻ നിൽക്കുന്നത്. എനിക്കുമുമ്പ് സംസാരിച്ച പലരും ഇവിടെ വികസന മുരടിപ്പാണെന്നും യാതൊന്നും നടക്കുന്നില്ലെന്നുമൊക്കെ സൂചിപ്പിക്കുകയുണ്ടായി. അവർ അവരുടെ കാലത്തെ പ്രവർത്തനങ്ങളെ ഉദ്ദേശിച്ചായിരിക്കും സൂചിപ്പിച്ചത്. കഴിഞ്ഞ 28 മാസക്കാലത്തിനിടയിൽ ഈ ഗവൺമെന്റ് ഏതെങ്കിലുമൊരു പാവപ്പെട്ട ആളിന് പെൻഷൻ നൽകാതിരുന്നിട്ടുണ്ടോ? 23 മാസത്തെ പെൻഷൻ കുടിശ്ശിക വരുത്തിയിട്ട് പോയവരാണ് നിങ്ങൾ. ആ പെൻഷൻ കുടിശ്ശികയടക്കം കൊടുത്തുതീർക്കുകയും പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്ത ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഇവിടെ ധാരാളം സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും സർക്കാരുദ്യോഗസ്ഥരുടെ ശമ്പളവും പെൻഷൻകാരുടെ പെൻഷനും മുടങ്ങിയോ? ട്രഷറി അനിശ്ചിതകാലത്തേയ്ക്ക് പൂട്ടിയിട്ട സാഹചര്യമുണ്ടായോ?

ഇതൊന്നുമുണ്ടായില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം വലിയ സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും അത് സാധാരണക്കാരായ ജനങ്ങളെ ബാധിക്കാത്ത തരത്തിൽ ധനകാര്യ മാനേജ്മെന്റ് വളരെ ഭംഗിയായി കൈകാര്യം ചെയ്യാൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കുഴയുന്നില്ലല്ലോ, ട്രഷറി പൂട്ടുന്നില്ലല്ലോ എന്നുള്ളതാണ് നിങ്ങളെ സംബന്ധിച്ചിടത്തോളമുള്ള പ്രധാനപ്പെട്ട കാര്യം. പക്ഷേ അതിനൊന്നും വക നൽകാതെ നന്നായി കൊണ്ടുപോകാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

പരമ്പരാഗത മേഖലയ്ക്കാണ് ഈ ബഡ്ജറ്റ് കൂടുതൽ പ്രാധാന്യം നൽകുന്നത്. 'കേരളത്തിന്റെ സൈന്യം'-എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശേഷിപ്പിച്ച മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള പദ്ധതികളാണ് അതിൽ ഏറ്റവും പ്രധാനം. സമുദ്രനിരപ്പിൽനിന്നും 50 മീറ്റർ ഉള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് 200 മീറ്ററിന് പുറത്തേയ്ക്കുവന്ന് താമസിക്കാൻ 10 ലക്ഷം രൂപയാണ് ഈ ബഡ്ജറ്റിന്റെ ഭാഗമായി നൽകുന്നത്. അതിന് കഴിയാത്തവർക്ക് ഫ്ലാറ്റ് അടക്കമുള്ള സംവിധാനങ്ങൾ ഇതിൽ പറയുന്നുണ്ട്. ലൈഫ് മിഷൻ മുഖേന മുഴുവൻ ആളുകൾക്കും വീട് നൽകുന്ന പദ്ധതി

ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ കടലാക്രമണം പ്രധാനമാണ്. അത് തടയുന്നതിനുവേണ്ടി കടൽ ഭിത്തി, പുലിമുട്ട്, ഫിഷിംഗ് ഹാർബറുകൾ, തുറമുഖം കൂടാതെ ഫിഷിംഗ് മാർക്കറ്റുകൾ, തൊഴിലാളികളുടെ സുരക്ഷ അടക്കമുള്ള കാര്യങ്ങൾക്ക് പ്രധാനമായും ഇതിനകത്ത് ഊന്നൽ നൽകിയിട്ടുണ്ട്. മാത്രമല്ല, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് 109 കോടി രൂപ ഇതിനകത്ത് നീക്കിവച്ചിട്ടുണ്ട്. ഓഖി ദുരന്തത്തെക്കുറിച്ച് ഇവിടെ ആരോ സംസാരിച്ചു. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുട്ടികൾക്ക് 2030-വരെയുള്ള വിദ്യാഭ്യാസാനുകൂല്യം അവരുടെ പേരിൽ ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഇതെല്ലാം മറന്നുകൊണ്ടാണ് ഇവിടെ കാര്യങ്ങൾ സൂചിപ്പിച്ചത്.

മറ്റൊന്ന് കയറുമായി ബന്ധപ്പെട്ടുള്ളതാണ്. ബഹുമാന്യനായ ടി. എം. തോമസ് ഐസക് കയർ വകുപ്പിന്റെകൂടി മന്ത്രിയാണ്. ഞാൻ കയറിന്റെ നാട്ടിൽനിന്നും വരുന്ന ഒരു എം.എൽ.എ. ആണ്. ബഹുമാനപ്പെട്ട മന്ത്രി കയർ മേഖലയെ പ്രത്യേകം ശ്രദ്ധിച്ചിരുന്നില്ലെങ്കിൽ മുൻകാലങ്ങളിലേതുപോലെ കയർ നാമാവശേഷമായേനെ. ഇപ്പോൾത്തന്നെ കയർ മേഖല ഒരു വല്ലാത്ത പ്രതിസന്ധി നേരിടുകയാണെങ്കിലും അതിനെ മുന്നോട്ട് കൊണ്ടുപോകുന്നതിന്

ഈ ബഡ്ജറ്റിന്റെ ധനസഹായം ഉപകരിക്കുന്നുണ്ടെന്നുള്ളത് നാം കാണണം. കയർ പിരി മേഖലയിലും ഉല്പന്ന മേഖലയിലുംകൂടി അമ്പതിനായിരത്തോളം തൊഴിലാളികളാണ് ഇന്ന് പ്രവർത്തിക്കുന്നത്. ഇതിൽ ക്ഷേമനിധിയിൽ രണ്ട് ലക്ഷം പേരുണ്ടെന്നുള്ളത് ശരിയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം അടച്ചിട്ടിരുന്ന നൂറോളം കയർ സംഘങ്ങൾ ഇന്ന് തുറന്ന് പ്രവർത്തിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. കൂടുതൽ വിലയ്ക്ക് കയർ വാങ്ങി കുറഞ്ഞ വിലയ്ക്ക് നൽകുന്ന PPSS (Purchase Price Stabilization Scheme) സ്കീമുണ്ട്. ഇതിന് വെറും 45 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അത് കുറച്ചുകൂടി വർദ്ധിപ്പിച്ച് നൽകിയാൽ ഉപകാരപ്രദമായിരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ കശുവണ്ടി ഫാക്ടറികളെ സംബന്ധിച്ചിടത്തോളം ഒരു നല്ല നിലപാട് സ്വീകരിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറപ്പിക്കുന്നതിനും കാഷ്യൂ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികളിൽ കൂടുതൽ തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നതിനുമൊക്കെയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പരമ്പരാഗത മേഖലയ്ക്ക് പ്രത്യേകമായ പ്രാധാന്യം ഈ ബഡ്ജറ്റിൽ നൽകിയ അങ്ങയെ വീണ്ടും അഭിനന്ദിക്കുകയാണ്.

ഇവിടെ വികസന പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലായെന്ന് പറഞ്ഞു. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടുള്ള അഭ്യർത്ഥന, ഓരോ മണ്ഡലത്തിലും ഇടതുപക്ഷ ജനാധിപത്യമുന്നണി വന്നതിനുശേഷം നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ ഒരു പട്ടിക ഇവിടെ പ്രസിദ്ധീകരിക്കാൻ തയ്യാറാകണം. ഞാൻ ചോദിക്കട്ടെ, പൊതുമരാമത്ത് വകുപ്പിന്റെ ഏത് റോഡാണ് ഇവിടെ മോശമായി കിടക്കുന്നത്? എല്ലാ പ്രതിപക്ഷ എം.എൽ.എ.-മാർക്കും തുല്യമായിട്ട് ഫണ്ട് കിട്ടുന്ന ഒരു കാലം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? ഇല്ല. പ്രതിപക്ഷ എം.എൽ.എ.-മാർക്കും ഭരണപക്ഷ എം.എൽ.എ.-മാർക്കും ഒരുപോലെ ഫണ്ട് കൊടുത്തുകൊണ്ട്..... എല്ലാവരും ബഹുമാനപ്പെട്ട ജി. സുധാകരൻ സാറിനെ അഭിനന്ദിക്കുകയാണ്. ആരും മോശമായിട്ട് പറയുന്നില്ല. ആ നിലയിൽ ഇന്ന് ഫ്ലക്സ് കടയിൽ പോയാൽ മുഖ്യമന്ത്രിയുടെ പടം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പടം അടിക്കുന്നത് ബഹുമാന്യനായ ജി. സുധാകരൻ സാറിന്റെ പടമാണ്. ഫ്ലക്സ് കടക്കാർ ഇന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത് ചിരിച്ചുകൊണ്ടിരിക്കുന്ന കുറച്ചുകൂടി നല്ല പടം വേണമെന്നാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഫ്ലക്സ് നിരോധിച്ചു കൊണ്ടിരിക്കുകയാണ്. ...........(മൈക്ക് ഓഫ്)................

<u>ശ്രീ. വി. ജോയി</u>: സർ, അതെ, ഫ്ലക്സ് നിരോധിച്ചു കൊണ്ടിരിക്കുകയാണ്. അത് കുഴപ്പമില്ല. ഇത് നമ്മൾ പ്രധാനമായും മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. എല്ലാ കാര്യങ്ങളും ഇല്ല. ടൂറിസം മേഖല, വർക്കലയെ സംബന്ധിച്ചിടത്തോളം അതൊരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ്. ആ കേന്ദ്രത്തിന്റെ വികസനത്തിനുവേണ്ടി ബഹുമാന്യനായ കടകംപള്ളി സുരേന്ദ്രൻ പ്രത്യേക താല്പര്യം തന്നെ സ്വീകരിച്ചിട്ടുണ്ടെന്നുള്ളത് നമുക്ക് കാണാൻ കഴിയും. വർക്കലയിലെ ടൂറിസ്റ്റ് റീജിയൺ വളരെ പ്രധാനമാണ്. 19 രാജ്യങ്ങൾ സന്ദർശിക്കുന്നതിന്റെ കൂട്ടത്തിൽ കേരളത്തെയും സി.എൻ.എൻ.-ന്റെ ട്രാവൽ റിപ്പോർട്ടിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ടൂറിസം രംഗവും വളരെ ഭംഗിയായി കൊണ്ടുപോകാൻവേണ്ടി നമുക്ക് സാധിക്കുന്നുണ്ടെന്നുള്ളതാണ്.

കായികരംഗത്തെ മാറ്റം പ്രധാനമാണ്. എന്റെ മണ്ഡലത്തിലെ ഇടവ സ്റ്റേഡിയം ജില്ലാ സ്റ്റേഡിയമായി ഉയർത്തിയതിന്റെ തറക്കല്ലിടൽ നാളെ നടക്കുകയാണ്. എല്ലാ മേഖലകളിലും വികസനമെന്നുള്ളത് നാം മനസ്സിലാക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ ഒരു കാര്യം

സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ ഒരു പ്രതിപക്ഷ എം.എൽ.എ., ബഡ്ജറ്റിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഒരു ചാനലിൽ സംസാരിക്കുന്നത് ഞാൻ കേട്ടു. വീണ്ടും വീണ്ടും ആവർത്തിച്ച് പറയുകയാണ്. കിഫ്ബി എന്നുപറയുന്നത്, ഒരു ദിവാസ്വപ്നമാണ്. അതൊരു സ്വപ്നമാണെന്ന് കഴിഞ്ഞ ദിവസവും ആവർത്തിച്ച് പറയുന്നത് കേട്ടു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കിഫ്ബിയുമായി ബന്ധപ്പെട്ട് നടന്ന വികസന പ്രവർത്തനങ്ങൾ പരിശോധിച്ചാൽ, ഇവിടെ ഭരണപക്ഷത്തുള്ളവർക്ക് കിട്ടിയതിനേക്കാൾ എത്രയോ അധികമാണെന്ന് കാണാൻ കഴിയും. 31.12.2018-ൽ വിദ്യാഭ്യാസ വകുപ്പ് ഇറക്കിയിട്ടുള്ള ഒരു ഉത്തരവിൽ കിഫ്ബി വഴി നൽകുന്ന സ്കൂളുകളുടെ ധനസഹായത്തെക്കുറിച്ചാണ് സൂചിപ്പിച്ചിട്ടുള്ളത്. അതിൽ ആയിരം കുട്ടികളിൽ കൂടുതൽ വന്നാൽ 3 കോടി രൂപയും 500-നും 1000-നുമിടയിൽ വന്നാൽ ഒരു കോടി രൂപയുമാണ് നൽകുന്നത്. ഈ പ്രതിപക്ഷ എം.എൽ.എ.യുടെ മണ്ഡലത്തിൽ, ന്യായമായിട്ട് കിട്ടേണ്ടതാണെങ്കിൽ പോലും, 20 കോടി രൂപയാണ് ഈ ഇനത്തിൽ മാത്രം കിട്ടിയത്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് സ്കൂളുകൾ ഉയർത്തുന്നതിന് നേരത്തെ കൊടുത്തിട്ടുള്ള 3 കോടി രൂപയ്ക്കുപുറമേ, ഈ ഉത്തരവിന്റെ

ഭാഗമായിട്ട് മാത്രം 20 കോടി രൂപയാണ് ആ മണ്ഡലത്തിൽ വന്നിട്ടുള്ളതെന്ന് നാം കാണണം. ഇതെല്ലാം വേണം; ഇതെല്ലാം വാങ്ങണം; ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും നടത്തണം. ഇതെല്ലാം നടത്തിയിട്ടോ, പരസ്യമായിട്ട് പറയുകയാണ് ഇവിടെ വികസന മുരടിപ്പാണ്; ഇവിടെ യാതൊന്നും നടക്കുന്നില്ലായെന്ന്. അതുകൊണ്ടാണ് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്, ഓരോ മണ്ഡലത്തിലെയും കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കൃത്യമായിട്ടുള്ള ഒരു അവതരണം വേണമെന്ന് പറയുകയാണ്. ഇവിടെ കഴിഞ്ഞ ദിവസം, സംയുക്തമായിട്ടുള്ള ഒരു അഭ്യർത്ഥന വന്നിരുന്നു. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്നുപറഞ്ഞ മഹാത്മാ ഗാന്ധിയെ ഒരു തനിവർഗ്ഗീയവാദി വീണ്ടും ഒരിക്കൽക്കൂടി വെടിവച്ച് കൊല്ലുന്ന ചിത്രം വാർത്താമാധ്യമങ്ങളിൽ കൂടി കണ്ടു. മഹാത്മാഗാന്ധിയുടെ വാക്കുകളെ ഭയക്കുന്നവർ ആ മഹാത്മാവിനെ ഇനിയും കൊന്നുകൊണ്ടേയിരിക്കുമെന്നുള്ളത് ശരിയാണ്.

'ഈശ്വർ അല്ലാഹ് തേരേ നാം

സബ്കോ സന്മതി ദേ ഭഗവാൻ' ഞാനൊരു ഉത്തമനായ ഹിന്ദുവാണ്, അതോടൊപ്പംതന്നെ ഞാൻ ഉത്തമനായ മുസ്ലീമുമാണ് എന്നാണ് പറയുന്നത്.

എല്ലാവർക്കും നന്മകൾ ഉണ്ടാകട്ടെയെന്ന് പറഞ്ഞ മഹാത്മാവിനെ ഒരിക്കൽക്കൂടി വെടിവച്ച്, നമ്മുടെ രാജ്യത്ത് വർഗ്ഗീയതയുടെ വിഷലിപ്തമായിട്ടുള്ള കാര്യങ്ങൾ വീണ്ടും വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുന്ന ചിത്രം നാം കാണുന്നു. രാജ്യത്താകമാനം ഒരു വലിയ പ്രതിഷേധം ഈ കാര്യത്തിൽ ഉയർന്നു വരേണ്ടതായിരുന്നു. രാജ്യത്തെ ഏറ്റവും വലിയ ജനാധിപത്യ മതേതര പാർട്ടിയെന്ന് അവകാശപ്പെടുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് രാജ്യത്താകമാനം ഇതിനെതിരെ പ്രതിഷേധിക്കുന്നതിനുവേണ്ടി ഒരു ചെറുവിരൽ അനക്കിയോയെന്നുള്ളത് പ്രധാനപ്പെട്ട വിഷയമാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം ചുരുക്കിപറയുക.

ശ്രീ. വി. ജോയി: സർ, ഞാൻ വീണ്ടും പറയുകയാണ്. ഇവിടെ യൂത്ത് കോൺഗ്രസ്സും മൂത്ത കോൺഗ്രസ്സുമുണ്ടായിരുന്നല്ലോ; ഏതെങ്കിലും ഒരു തെരുവിലിറങ്ങി നാല് മുദ്രാവാക്യം വിളിക്കാൻ, ഇതിനെതിരായി ഒരു പ്രതിഷേധം രേഖപ്പെടുത്താൻ നിങ്ങൾക്ക് സാധിച്ചോ? ഇല്ല; ഇവിടെ നാഥുറാം വിനായക് ഗോഡ്സെയെ വീണ്ടും തൂക്കിലേറ്റിക്കൊണ്ട് 1000 കേന്ദ്രങ്ങളിൽ ഡിവൈ.എഫ്.ഐ. എന്നുപറയുന്ന ചെറുപ്പക്കാരുടെ

സംഘടനയാണ് പ്രതിഷേധമുയർത്തിയതെന്നുള്ളത് നാം കാണണം. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഒരിക്കൽ കൂടി ഇതിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, .......... പോയിന്റ് ഓഫ് ഓർഡർ............

മി. ചെയർമാൻ: അദ്ദേഹം സംസാരിച്ചുകഴിഞ്ഞു. ഇനി പോയിന്റ് എങ്ങനെയാണ്; അടുത്ത് ആൾ സംസാരിക്കുമ്പോൾ പറയാം. ഇപ്പോൾ അദ്ദേഹം സംസാരിച്ചു കഴിഞ്ഞ് ഇരിക്കുകയും ചെയ്തു. ഇനി എങ്ങനെയാണ് മറുപടി പറയാൻ കഴിയുക; എന്ത് പോയിന്റാണ് പറയാനുള്ളത്? എന്താണ് പറയാനുള്ളത്, പറയൂ.

ശ്രീ. എം. വിൻസെന്റ്: സർ, മഹാത്മാഗാന്ധിയെ വീണ്ടും വർഗ്ഗീയവാദികൾ വെടിവച്ചതിനെതിരായിട്ട് ഒരക്ഷരംപോലും കോൺഗ്രസ്സ് ഉരിയാടിയില്ലായെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. ഇൻഡ്യയിലെ എല്ലാ സംസ്ഥാന തലസ്ഥാനങ്ങളിലും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ പ്രതിഷേധപരിപാടി നടക്കുകയാണ്. ഡൽഹിയിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഇതിനെതിരെ പ്രതിഷേധ പരിപാടി നടക്കുകയാണ്. തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട അംഗത്തിന്

വന്നുനോക്കാം. ഇന്ന് വൈകുന്നേരം ഗാന്ധിപാർക്കിൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ ഞങ്ങൾ പ്രതിഷേധ പരിപാടി നടത്തുകയാണ്. അടിസ്ഥാനരഹിതമായി ഉന്നയിച്ച വാക്കുകൾ സഭാരേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: തെറ്റായ പരാമർശമുണ്ടാകില്ല, ഉണ്ടെങ്കിൽ അത് പരിശോധിക്കാം.*

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഈ നൂറ്റാണ്ടിന്റെ മഹാപ്രളയത്തിൽ തകർന്നുപോയ കേരളത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും മഹാപ്രളയം തകർത്തെറിഞ്ഞ ജീവിതമാർഗ്ഗങ്ങളെ തിരിച്ചുപിടിക്കുന്നതിനും തികഞ്ഞ യാഥാർത്ഥ്യത്തിൽ ഊന്നിനിന്നുകൊണ്ട് ധനമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയാണ്. ബേപ്പൂർ കടലോര മണ്ഡലമാണ്. പ്രളയസമയത്ത് ബേപ്പൂരിലെ മത്സ്യത്തൊഴിലാളികൾ അവരുടെ ബോട്ടുകൾ ലോറികളിൽ കയറ്റി മലപ്പുറം ഭാഗത്തും ചാലിയൻ ഭാഗത്തുമുള്ള മത്സ്യത്തൊഴിലാളികൾ പ്രളയം ബാധിച്ച പല സ്ഥലങ്ങളിലും മനുഷ്യരുൾപ്പെടെയുള്ള ജീവജാലങ്ങളെ സംരക്ഷിക്കാൻ സ്തുത്യർഹമായ

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ. നം. 699/ഇ.ബി./2019 തീയതി 05.02.2019) രേഖയിൽ നിലനിർത്തി.

പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് ഇവിടെ പറയുകയും അവരെയെല്ലാം ഒരിക്കൽക്കൂടി അഭിനന്ദിക്കുകയും ചെയ്യുന്നു. മത്സ്യത്തൊഴിലാളികൾ ധാരാളമുള്ള ബേപ്പൂർ പോർട്ടിന്റെ എതിർവശത്ത് ചാലിയത്ത് പ്രവർത്തിക്കുന്ന ഫിഷ് ലാൻഡിംഗ് സെന്റർ യാതൊരു സൗകര്യവുമില്ലാത്തതും വൃത്തിയാക്കാൻ കഴിയാത്തതുമായ ഒരു സ്ഥലമാണ്. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ ജീവിക്കുന്ന പ്രദേശമാണെങ്കിലും അവിടെ ഒരു ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ ബഡ്ജറ്റിൽ ചാലിയം ഫിഷ് ലാൻഡിംഗ് സെന്റർ അനുവദിച്ചത് വളരെയേറെ സന്തോഷകരമാണ്. ഇത് അനുവദിച്ച ധനകാര്യ വകുപ്പുമന്ത്രിയെയും സ്ഥലമൊരുക്കുന്നതിന് സഹായിച്ച വ്യവസായ വകുപ്പുമന്ത്രിയേയും വനം വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിനന്ദനം അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഇല്ലാതിരുന്നിട്ടും ചെലവ് ചുരുക്കുകയെന്ന കുറുക്കുവഴിയിലൂടെ മറികടക്കാനല്ല മറിച്ച്, നൂതനവും കൃത്യവുമായ മാർഗ്ഗങ്ങളിലൂടെ ലക്ഷ്യം നേടിയെടുക്കുകയെന്നതാണ് ബഡ്ജറ്റ് ലക്ഷ്യമിടുന്നതെന്ന് കാണാൻ കഴിയും. പ്രതിശീർഷ ഉപഭോഗത്തിൽ കേരളം

ഒന്നാം സ്ഥാനത്ത് നിൽക്കുമ്പോഴും അതിനനുസൃതമായി നികുതി വരുമാനം എന്തുകൊണ്ട് ഉണ്ടാകുന്നില്ലായെന്നത് തികച്ചും ശാസ്ത്രീയമായി അപഗ്രഥിക്കാനും പരിഹാരമാർഗ്ഗങ്ങൾ തേടാനും ബഡ്ജറ്റ് തയ്യാറായിയെന്നത് എടുത്തുപറയേണ്ടതു തന്നെയാണ്. കേരളത്തിലെ ഉപഭോഗത്തിലെ ഏറിയ പങ്കും മറ്റുസംസ്ഥാനങ്ങളിലെ ഉല്പാദനശാലകളിൽ നിന്നുള്ള ഉല്പന്നങ്ങളാണ്. അന്തർസംസ്ഥാന വ്യാപാരത്തിലുണ്ടാകുന്ന ചോർച്ച തടയുന്നതിനാവശ്യമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരണം. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ ഉറച്ച തീരുമാനത്തോടെ പ്രവർത്തിക്കുമെന്ന പ്രഖ്യാപനം ഇടതു സർക്കാരിന്റെ പ്രഖ്യാപിത നയം തന്നെയാണ്. വ്യവസായ വ്യാപാര രംഗത്ത് മാന്ദ്യം അനുഭവപ്പെടുന്ന ഈ ഘട്ടത്തിൽ 30 ശതമാനം വർദ്ധന ഉറപ്പുവരുത്തുന്നതിന് മുന്നോട്ടുവച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ഈ നിർദ്ദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നികുതി വകുപ്പിനെ ശക്തിപ്പെടുത്തുന്ന നടപടികളും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. വാറ്റ് (VAT) കുടിശ്ശിക തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി നടപ്പിലാക്കണമെന്നത് കേരളത്തിലെ വ്യാപാരി വ്യവസായ സമൂഹത്തിന്റെ

വലിയൊരു ആവശ്യമാണ്. ഇത് നടപ്പിലാക്കിയത് വലിയൊരു ആശ്വാസമായി വ്യാപാര വ്യവസായ സമൂഹം കാണുന്നു. കൂടാതെ സർക്കാരിലേക്ക് ലഭിക്കേണ്ട കുടിശ്ശിക വലിയൊരളവിൽ തീർപ്പാക്കുന്നതിനും പിടിച്ചെടുക്കുന്നതിനും സഹായകമാകുകയും ചെയ്യും. 1963-നുശേഷം (കഴിഞ്ഞ 55 വർഷമായി) വിൽപ്പന നികുതി വകുപ്പ് പല തവണയായി ആംനസ്റ്റി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വിൽപ്പന നികുതി വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും ഉദാരമായ ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. അതിന് ധനകാര്യവകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഇതിൽ ഡിസ്പ്യൂട്ടഡ് ടാക്സുകൾ ഉണ്ടാകും. അതുകൊണ്ട് ഡിസ്പ്യൂട്ടഡ് ടാക്സുകൾക്ക് പ്രത്യേകമായൊരു ഇളവുകൂടി പ്രഖ്യാപിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ചെറുകിട സേവന ദാതാക്കൾക്കായി 6 ശതമാനം നിരക്കിൽ ഒരു കോംപോസിഷൻ രീതി നടപ്പിൽ വരുത്താനുള്ള തീരുമാനം നല്ലതാണ്. ഇനിയും ചരക്കുസേവന നികുതിയിൽ രജിസ്റ്റർ ചെയ്യാത്ത വ്യാപാരികളെ രജിസ്ട്രേഷനിലേയ്ക്ക്

കൊണ്ടുവരാൻ ഇത് സഹായകരമാകും. അതോടൊപ്പം തന്നെ ഏതൊരു ഉപഭോക്താവും ബിൽ ചോദിച്ചുവാങ്ങുന്ന ഒരു സംസ്കാരത്തിലേക്ക് കേരളം എത്തണം. ഇതിനാവശ്യമായ നടപടികൾ ബഡ്ജറ്റിൽ മുന്നോട്ടുവയ്ക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. ഉദാരമായ കുറെ നടപടികൾ ഈ ബഡ്ജറ്റിൽ ഉണ്ട്. പ്രധാനമായും ചരക്കുകൾ വിതരണം ചെയ്യുന്ന വ്യാപാരികളുടെ രജിസ്ട്രേഷൻ പരിധി 20 ലക്ഷത്തിൽ നിന്ന് 40 ലക്ഷം രൂപയായി ഉയർത്തിയതും ചെറുകിട കച്ചവടക്കാർക്ക് വളരെയേറെ ഗുണം ചെയ്യുന്നതാണ്. കോമ്പൗണ്ടഡ് നികുതിയുടെ പരിധി ഒരു കോടിയിൽ നിന്ന് ഒന്നര കോടിയായി ഉയർത്തിയതും പ്രത്യേകം എടുത്തുപറയേണ്ടതാണ്. സേവന മേഖലയെ 50 ലക്ഷം രൂപ കോമ്പൗണ്ട് ചെയ്ത് 6 ശതമാനം ടാക്സിൽ കൊണ്ടുവന്നത് ചെറുകിട നിർമ്മാണ മേഖലയ്ക്ക് വലിയ ആശ്വാസം തന്നെയാണ്. ചെറുകിട വീട് നിർമ്മാണത്തിന് 18 ശതമാനം വരെയുണ്ടായിരുന്ന നികുതി കോമ്പൗണ്ട് ചെയ്യുന്നതോടെ കരാറുകാർക്ക് അടയ്ക്കേണ്ട നികുതി 6 ശതമാനമായി കുറയുന്നുവെന്നതാണ് ഇതിന്റെ ഗുണം.

പ്രളയദുരന്തം വരുത്തിവച്ച കഷ്ടനഷ്ടങ്ങൾക്ക് പരിഹാരം കാണാൻ പല

വഴികളും നോക്കുന്ന കൂട്ടത്തിൽ ഒരു ശതമാനം സെസ് ചുമത്തിയത് എല്ലാവരും അംഗീകരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. എം.ആർ.പി.-യുള്ള വസ്തുക്കൾക്ക് സെസ് എം.ആർ.പി.-ക്ക് അകത്താണ്. ഇതിന്റെ നഷ്ടം വ്യാപാരികൾക്കാണ്. വ്യാപാരികളുമായി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നടത്തിയ ചർച്ചയിൽ, മഹാദുരന്തം നടന്ന നമ്മുടെ നാടിനെ രക്ഷിക്കാൻ ഈ നഷ്ടം സഹിക്കാൻ വ്യാപാരികൾ തയ്യാറാകുകയാണ് ചെയ്തത്. ഒരു ശതമാനം സെസ് ചുമത്തിയാൽ നിത്യോപയോഗ സാധനങ്ങൾക്കെല്ലാം വില കയറുമെന്ന് പറയുന്നത് വസ്തുതകൾക്ക് നിരക്കാത്തതാണ്. ഇത് വ്യാജ പ്രചരണമാണ്. ജീവനക്കാരുടെ സാലറി ചലഞ്ചിന് പാര വച്ചവർ തന്നെയാണ് ഇതിന്റെയും പ്രചാരകർ. ഭക്ഷ്യവസ്തുക്കളെയെല്ലാം സെസിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അവശ്യ സാധനങ്ങളായ അരി, പച്ചക്കറി, വെളിച്ചെണ്ണ, മറ്റു ഭക്ഷ്യ എണ്ണകൾ, ധാന്യം, പയറുവർഗ്ഗങ്ങൾ, കോഴിയിറച്ചി, മറ്റു ഇറച്ചികൾ, പഞ്ചസാര എന്നിവയൊക്കെ സെസിന് പുറത്താണ്. 5 ശതമാനം വരെ നികുതിയുള്ള എല്ലാത്തിനെയും ഒഴിവാക്കിയിട്ടുണ്ട്. ചെറുകിട കച്ചവടക്കാർക്ക് 40 ലക്ഷം വരെ നികുതി ഇല്ല.

ഒന്നരകോടി വരെയുള്ള വിൽപ്പനയ്ക്ക് ഒരു ശതമാനം നികുതിയേയുള്ളൂ. ഇവരെല്ലാം സെസിന് പുറത്താണ്. എം.ആർ.പി. അടിക്കാത്ത വസ്തുക്കൾക്ക് മാത്രമേ ഒരു ശതമാനം നികുതി ചുമത്തുന്നുള്ളൂ. ഇത് ഹോട്ടൽ മേഖലയെ ബാധിക്കുമെന്ന് പറയുന്നതിൽ വസ്തുതയില്ല. കാരണം ഹോട്ടൽ നികുതി പരമാവധി 5 ശതമാനമാണ്. ഹോട്ടൽ മേഖലയിൽ 99 ശതമാനവും കോമ്പൗണ്ട് ചെയ്യുവരാണ്. ചുരുക്കത്തിൽ കേരളത്തിന്റെ അവശ്യ സാധനങ്ങൾക്കും സാധാരണകാർക്കും താഴ്ന്ന വരുമാനക്കാർക്കും സെസ് ബാധകമാകുകയില്ലെന്ന് കാണാൻ കഴിയും.

സ്വർണ്ണത്തിന് കാൽ ശതമാനമാണ് സെസ് ചുമത്തിയിട്ടുള്ളത്. സ്റ്റാർ ഹോട്ടലിൽ താമസിക്കുന്നതിനും ഭക്ഷണത്തിനും വില കൂടിയ കാറുകൾ മുതലായവയ്ക്കാണ് സെസ് ബാധകമാകുന്നത്. വസ്തുതകൾ ഇതായിരിക്കെ രാഷ്ട്രീയ അന്ധത കൊണ്ട് കേരളം ഒരു തരത്തിലും രക്ഷപ്പെടരുതെന്ന വിചാരം നല്ലതല്ല. ഇതൊരു കണ്ണിൽ ചോരയില്ലാത്ത ഏർപ്പാടാണ്. ഇതെല്ലാം പ്രബുദ്ധ കേരളം തിരിച്ചറിയും, തീർച്ചയാണ്. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ നികുതി 22 ശതമാനം ഉണ്ടായിരുന്നത് 18 ശതമാനമായും 18 ശതമാനമുണ്ടായിരുന്നത് 12

ശതമാനമായും കുറച്ചുകൊടുത്തു. എന്നാൽ ഇതിനനുസൃതമായി കമ്പനികൾ എം.ആർ.പി.-യിൽ മാറ്റം വരുത്തിയില്ല. Hindustan Unilever Limited (HUL) 495 കോടിയും Jubilant FoodWorks Ltd. (Domino's) 41 കോടിയും Himalya 19 കോടിയും McDonald's India 7 കോടി രൂപയും ഈ ഇനത്തിൽ അമിത ലാഭം ഉണ്ടാക്കിയതായി The National Anti-profiteering Authority (NAA) കണ്ടെത്തിയിട്ടുണ്ട്. ജി.എസ്.ടി. കുറച്ചിട്ടും അതിന്റെ പ്രയോജനം ഉപഭോക്താക്കൾക്ക് ലഭ്യമായില്ലെന്നാണ് കാണാൻ സാധിക്കുന്നത്. അത് വൻകിട കമ്പനികൾ തട്ടിയെടുക്കുകയാണ്. ഇതിനിടയിൽ വ്യാപാരി വ്യവസായി ക്ഷേമ ബോർഡിന് 10 കോടി രൂപയും ദുരിതത്തിൽ അകപ്പെട്ട വ്യാപാരികളെ സഹായിക്കുന്നതിന് 20 കോടി രൂപയും അനുവദിച്ചതിനെ പ്രത്യേകം സ്വാഗതം ചെയ്യുന്നു.

നികുതി പിരിവ് കാര്യക്ഷമമാക്കാനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം. അനുബന്ധ സൗകര്യങ്ങളുണ്ടാകണം. ഇതിനെല്ലാമുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ടെന്നത് സർക്കാരിന്റെ ആത്മാർത്ഥതയെയാണ് കാണിക്കുന്നത്. ആലപ്പുഴ, കണ്ണൂർ എന്നിവിടങ്ങളിൽ ജി.എസ്.ടി. സമുച്ചയവും

എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അഡീഷണൽ കോംപ്ലക്സുകൾ നിർമ്മിക്കാനുള്ള നിർദ്ദേശവും ഇതിന്റെ ഭാഗമാണെന്ന് കാണാൻ കഴിയും. കോഴിക്കോട് ട്രിബ്യൂണൽ ഓഫീസ് പരിതാപകരമായ അവസ്ഥയിലാണ് പ്രവർത്തിക്കുന്നത്. കോഴിക്കോട് അഡീഷണൽ കോംപ്ലക്സ് നിർമ്മിക്കാനുള്ള തീരുമാനം ജീവനക്കാർക്ക് മാത്രമല്ല ആ ഓഫീസിൽ വരുന്ന നികുതി ദായകർക്കും വലിയ ആശ്വാസം തന്നെയാണ്.

സർക്കാരിന് നികുതിയിനത്തിൽ വൻ നഷ്ടമുണ്ടാകുന്ന സ്വർണ്ണ കള്ളക്കടത്ത് തടയുന്നതിന് ശക്തമായ നടപടിയുണ്ടാകണം. സ്വർണ്ണത്തിന്റെ ഇറക്കുമതി, കള്ളക്കടത്ത് കുറഞ്ഞാൽ മാത്രമേ ബിൽ എഴുതുന്ന വ്യാപാരികൾക്ക് ഇന്നുള്ള പ്രയാസങ്ങൾ കുറയ്ക്കാൻ കഴിയുകയുള്ളൂ. അതിനാൽ ആവശ്യമായ നടപടികളുണ്ടാകണം.

അംഗീകരിച്ച് തീർപ്പാക്കിയ ടാക്സ് അസെസ്മെന്റുകൾ 'മിസ് ക്ലാസിഫിക്കേഷൻ' എന്ന പേരിൽ റീ-ഓപ്പൺ ചെയ്യുന്ന നടപടികൾ അവസാനിപ്പിക്കണം. വകുപ്പിലെ ചില ഉദ്യോഗസ്ഥന്മാർ വ്യാപാരികളോടും വ്യവസായികളോടും ശത്രുത നിലപാട് സ്വീകരിക്കുന്നത് ഇപ്പോഴും കണ്ടുവരുന്നുണ്ട്. ഇത്തരത്തിലുള്ള നിലപാടുകൊണ്ട് പല വ്യാപാരികളും

വലിയതോതിൽ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നുണ്ട്. പരിശോധനാ വേളയിൽ ഉദ്യോഗസ്ഥർ മനപൂർവ്വം ചെയ്യുന്ന തെറ്റിനുപോലും ഒരു നടപടിയും ഉണ്ടാകുന്നില്ല. ഇതുപോലുള്ള കാര്യങ്ങളിൽ പ്രത്യേകമായ ശ്രദ്ധയും നിലപാടുകളും ഉണ്ടാകണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കായി 37247 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 18467 കോടി രൂപ ഇനിയും ചെലവഴിക്കാനുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ 7000 കോടി രൂപയിൽ 2977 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 8097 കോടി രൂപയിൽ 3617 കോടി രൂപയും ഇനിയും ചെലവഴിക്കാനുണ്ട്. കേന്ദ്ര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ തുക നഷ്ടമാകുമെന്ന് അങ്ങേയ്ക്ക് അറിവുള്ളതാണ്. ഇവിടെയാണ് ഭരണപരിഷ്കാര കമ്മീഷന്റെ കണ്ടെത്തൽ എടുത്തുപറയേണ്ടത്. സർക്കാർ സംവിധാനം കാര്യക്ഷമമല്ല, ജീവനക്കാരുടെ പ്രതിബദ്ധത കുറഞ്ഞിരിക്കുന്നുവെന്ന ഭരണ പരിഷ്കാര കമ്മീഷന്റെ കണ്ടെത്തലുകൾ സർക്കാർ ഗൗരവത്തോടെ എടുക്കുന്നുണ്ടോയെന്നാണ് എന്റെ

സംശയം. ശ്രീനാരായണഗുരു ദർശനം ഏറ്റവും പ്രസക്തമായ കാലമാണിതെന്നാണ് ബഡ്ജറ്റ് പ്രസംഗത്തിന്റെ ആമുഖത്തിൽ പറഞ്ഞിരിക്കുന്നത്. ഗുരു വിഭാവനം ചെയ്ത 'മനുഷ്യജാതി'യിലുള്ളവരായി നവോത്ഥാനം മലയാളികളെ പുനഃസൃഷ്ടിച്ചു എന്നാണ് അങ്ങ് പറഞ്ഞത്. എന്നുമുതലാണ് നിങ്ങൾ ഗുരുദേവനെ അംഗീകരിച്ചു തുടങ്ങിയത്? 2015 സെപ്റ്റംബർ 5-ാം തീയതി ഓർമ്മയുണ്ടോ? കൂവോട്ട് നിന്നും ഏഴാം മൈലിലേക്ക് നിങ്ങൾ നടത്തിയ ഘോഷയാത്രയിൽ ഗുരുദേവനെ കുരിശിൽ തറച്ചതായ നിശ്ചല ദൃശ്യം അവതരിപ്പിച്ചില്ലേ? 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് ' എന്ന ഗുരുവചനം 'പല ജാതി പല മതം പല ദൈവം മനുഷ്യന് എന്ന് തിരുത്തിയില്ലേ? ഗുരുദേവന്റെ ഇരുവശവും ചുറ്റികയും കൊടുത്ത് തലയിൽ കെട്ടുമായി ആളിനെ നിർത്തിയ നിശ്ചലദൃശ്യം അവതരിപ്പിച്ചില്ലേ? സി.പി.ഐ.(എം) പോളിറ്റ്ബ്യൂറോയും സംസ്ഥാന നേതൃത്വവും ഇതിൽ ഖേദം പ്രകടിപ്പിച്ചപ്പോൾ, ശ്രീനാരായണ ഗുരുദേവന്റെ ആശയങ്ങളെയാണ് കുരിശിലേറ്റിയതെന്നാണ് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. അത് തുറന്നുകാട്ടുന്ന ടാബ്ലോയിൽ താത്വീകമായി യാതൊരു കുഴപ്പവുമില്ല എന്നാണ് അങ്ങ് പറഞ്ഞത്. അന്നത്തെ ന്യായീകരണം തെറ്റാണെന്ന് ഇപ്പോൾ അങ്ങേയ്ക്ക്

തോന്നുന്നുണ്ടോ? അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം പത്രത്തിലുണ്ട്. അവ അങ്ങേയ്ക്ക് ഞാൻ കാണിച്ചുതരാം. എല്ലാം ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ട്. തൊട്ടടുത്ത് പറയുന്നത് കുമാരനാശാൻ നവോത്ഥാനത്തിന്റെ മഹാകവിയെന്നാണ്. നിങ്ങളുടെ താത്വിക ആചാര്യനായ ഇ.എം.എസ്. നമ്പൂതിരിപ്പാട് കുമാരനാശാനെ വിശേഷിപ്പിച്ചിരുന്നത് ബൂർഷ്വാ എന്നാണ്. വെയിൽസ് രാജകുമാരനിൽ നിന്നും പട്ടും വളയും സ്വീകരിച്ചപ്പോൾ ആശാനെ 'രാജാധിപത്യത്തിന്റെ ചെരുപ്പുനക്കി' എന്നും ഇ.എം.എസ്. വിളിച്ചു. വിപ്ലവത്തിന്റെ ശുക്രനക്ഷത്രമാണ് കുമാരനാശാനെന്ന് ശ്രീ. ജോസഫ് മുണ്ടശ്ശേരി പറഞ്ഞപ്പോൾ, ഇ.എം.എസ്. അത് തിരുത്തി, ബൂർഷ്വാ വിപ്ലവകാരൻ എന്ന് പറഞ്ഞു, ഗുരുദേവനെ ശ്രീനാരായണൻ എന്നാണ് ഇ.എം.എസ്. അന്ന് അഭിസംബോധന ചെയ്തിരുന്നതെന്നത് ഓർമ്മയുണ്ടോ; ആധുനിക കേരള സൃഷ്ടിയിൽ ശ്രീനാരണ പ്രസ്ഥാനങ്ങൾ ഒരു പങ്കും വഹിച്ചിട്ടില്ലെന്നാണ് ഇ.എം.എസ്.-ന്റെ പക്ഷം. ആശാനെ വിലയിരുത്തുമ്പോഴും ഇ.എം.എസ്. വാളോങ്ങിയിരുന്നത് ഗുരുദേവനിലേയ്ക്കാണെന്നത് വസ്തുതയാണ്. ഇന്നലെകളിൽ ചെയ്ത നെറികേടുകൾ മറച്ചുപിടിക്കാനുള്ള കമ്മ്യൂണിസ്റ്റ് കാപട്യമാണോ ഇവിടെ കാണുന്നത്; അതോ

സ്വന്തം പാർട്ടി പിൻതുടർന്ന ചരിത്രം തെറ്റായിരുന്നതുകൊണ്ടാണോ ഡോ. ടി. എം. തോമസ് ഐസക് കേരള നവോത്ഥാന ചരിത്രത്തിൽ ഗുരുദേവനെയും ആശാനെയും വാനോളം പുകഴ്ത്തുന്നത് എന്ന് സംശയമുണ്ട്. ഇ.എം.എസ്. പ്രഥമ മന്ത്രിസഭയുടെ കാലത്ത് പത്രാധിപർ കെ. സുകുമാരൻ നടത്തിയ കുളത്തൂർ പ്രസംഗം സി.പി.ഐ.(എം)-ന്റെ പിന്നോക്ക വിദ്വേഷപാരമ്പര്യത്തെ ഓർമ്മിപ്പിക്കുകയാണ്. പിന്നോക്ക സമുദായങ്ങൾക്ക് സർക്കാർ സർവ്വീസിൽ പ്രാതിനിധ്യസംവരണം ചെയ്തിരിക്കുന്നതുകൊണ്ട് സർക്കാരിന്റെ കാര്യക്ഷമത നശിക്കുന്നുവെന്നാണ് ഇ.എം.എസ്.-ന്റെ കമ്മിറ്റി കണ്ടെത്തിയത് എന്നാണ് കെ. സുകുമാരൻ പറഞ്ഞത്. ഇതേ നയമല്ലേ കെ.എസ്.-ന്റെ കാര്യത്തിലും ആദ്യം നിങ്ങൾ കൈക്കൊണ്ടത്. ഭൗതികവാദത്തിൽ അധിഷ്ഠിതമാണ് കമ്മ്യൂണിസമെങ്കിലും സമ്പൂർണ്ണ ഭൗതികവാദ പാർട്ടിയായി മാറാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഒരു മനുഷ്യായുസ്സ് മുഴുവൻ ഒപ്പം കഴിഞ്ഞിട്ടും ഭാര്യയെ ഭൗതികവാദിയാക്കാൻ കമ്മ്യൂണിസ്റ്റ് താത്വിക ആചാര്യനുപോലും കഴിഞ്ഞിട്ടില്ല. സന്ധ്യാദീപം കൊളുത്തുക, നാമം ജപിക്കുക, മക്കൾക്ക് ഗുരുവായൂരിലും ചോറ്റാനിക്കരയിലും ചോറൂണ്ണ്, മൂകാംബികയിലും പനച്ചിക്കാട്ടും എഴുത്തിനിരുത്ത്, ആറ്റുകാലിൽ പൊങ്കാല, പറശ്ശിനിക്കടവിലെ നേദ്യം,

കാടാമ്പുഴയിലെ പൂമൂടലും മുട്ടറുക്കലും മണ്ണാറശ്ശാലയിലെ ഉരുളികമഴ്ത്തൽ, ശബരിമല ദർശനം മുതലായവ ആളുകൾ കാലാകാലങ്ങളിൽ അനുഷ്ഠിച്ചുവരുന്ന പരമ്പരാഗത ആചാരങ്ങളാണ്. സി.പി.ഐ.(എം)-കാർ രഹസ്യമായി അനുഷ്ഠിക്കുന്ന ആചാരങ്ങളാണ്. യഥാർത്ഥത്തിൽ ചെകുത്താനും കടലിനും ഇടയ്ക്കുള്ള ഞാണിൻമേൽ കളിയാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നടത്തുന്നത്. ഒരു വശത്ത് സാമ്പത്തിക മാന്ദ്യഭീഷണി, മറുവശത്ത് വർദ്ധിച്ചുവരുന്ന പൊതുചെലവ് പ്രതിവർഷം റവന്യൂ 10 ശതമാനം വളരുമ്പോൾ ചെലവ് 16 ശതമാനമാണ്. ഇത് സംസ്ഥാനത്തെ കടക്കെണിയിലാക്കും, ജി.എസ്.ടി.-ക്ക് ശേഷം നികുതിവെട്ടിപ്പുതന്നെ 4000 കോടി രൂപ കഴിഞ്ഞിരിക്കുയാണ്. അത് തടയാൻ ഒരു ശ്രമവുമില്ല. പ്രളയ ദുരിതം മറികടക്കാൻ 4700 കോടി രൂപയുടെ ജീവനോപാധി പാക്കേജാണ് ഈ ബഡ്ജറ്റിലെ വലിയ പ്രഖ്യാപനം. എന്നാൽ ഇതിലേയ്ക്കും മറ്റ് മുഖ്യപദ്ധതികളിലേയ്ക്കും പണം കണ്ടെത്താൻ സെസ് ഏർപ്പെടുത്തി. പ്രളയബാധിതരെ തന്നെ കൊള്ളയടിക്കുന്നത് നിർഭാഗ്യകരമാണ്. ഭൂമിയുടെ ന്യായവില കഴിഞ്ഞവർഷം വർദ്ധിപ്പിച്ചിരുന്നു. ഇപ്പോൾ വീണ്ടും റവന്യൂ വകുപ്പിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും തുക വർദ്ധിപ്പിച്ചു. അപ്പീലോ

റിവിഷനോ നൽകാനുള്ള ഫീസ് 10 രൂപയായിരുന്നത്, ഇപ്പോൾ 50 രൂപയാക്കി. കൂടാതെ സർക്കാരിന്റെ എല്ലാ വകുപ്പുകളും നൽകുന്ന സേവനങ്ങൾക്ക് ഫീസ് വർദ്ധിപ്പിച്ചു, സർചാർജ്ജും ഏർപ്പെടുത്തി. വാഹനങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചതോടൊപ്പം റോഡ് ടാക്സും വർദ്ധിപ്പിച്ചു. സിനിമാ ടിക്കറ്റിനുവരെ നികുതി വർദ്ധിപ്പിക്കുകയാണുണ്ടായത്. കഴിഞ്ഞ ബഡ്ജറ്റിൽ തീരദേശത്തിന് 2000 കോടി രൂപ പ്രഖ്യാപിച്ചു. റിപ്പോർട്ട് തയ്യാറാക്കാൻ ഏൽപ്പിച്ചിരുന്ന മുൻചീഫ് സെക്രട്ടറി അത് സ്വകാര്യ കമ്പനിക്ക് മറിച്ചുവിറ്റിരിക്കുന്നുവെന്നാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞത്. നാളിതുവരെയും അവർ ഒന്നും ചെയ്തിട്ടില്ല. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നാളിതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടാം കുട്ടനാട് പാക്കേജിന് 1000 കോടി രൂപ വകയിരുത്തി. എന്നാൽ ഒന്നാം പാക്കേജിന്റെ അവസ്ഥയെന്താണ്? തെക്ക്-വടക്ക് സമാന്തര റെയിൽപ്പാത സ്വപ്നം കാണുന്ന അങ്ങ്, തലസ്ഥാനത്തും കോഴിക്കോട്ടും ആരംഭിക്കാനിരുന്ന ലൈറ്റ് മെട്രോയുടെ ഓഫീസുകൾ അടച്ചുപൂട്ടി മെട്രോമാനായ ശ്രീ. ഇ. ശ്രീധരനെ ഓടിച്ചത് എന്തിനാണെന്ന് പറയാൻ സാധിക്കുമോ? നിലവിലുള്ള റെയിൽപ്പാത ഇരട്ടിപ്പിക്കാൻ കോട്ടയം ജില്ലയിൽ 3.5 ഹെക്ടർ ഭൂമി ഏറ്റെടുത്ത്

നൽകാൻ നാളിതുവരെയും കഴിഞ്ഞിട്ടില്ലെന്നത് ഓർത്താൽ നന്നായിരിക്കും. മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് സിയാൽ മോഡൽ കമ്പനി രൂപീകരിക്കുമെന്ന വാഗ്ദാനം കൊള്ളാം. അത് വിജയിപ്പിക്കാനുള്ള സാമ്പത്തികശേഷിയും ആധുനിക അനുഭവസമ്പത്തും കൈവശമുണ്ടോ? ആറായിരം കിലോമീറ്റർ റോഡിന്റെ മുഖച്ഛായ രണ്ട് വർഷംകൊണ്ട് മാറ്റിമറിച്ച് അവതരിപ്പിക്കുമെന്ന് പറയുന്നു. എന്ത് മായയാണ് അങ്ങ് നടത്താൻ പോകുന്നത്. പ്രളയാനന്തരമുള്ള ബുദ്ധിമുട്ടുകൾ നിലവിലുള്ളപ്പോൾ നവോത്ഥാനത്തിനും മതിലിനും സ്മാരകം പണിയാനും ഉദാരമാകുന്ന ബഡ്ജറ്റ്, ചെലവ് ചുരുക്കലിനെപ്പറ്റി മിണ്ടുന്നതേയില്ല. പ്രളയ സെസ് എന്ന പേരിൽ 1785 കോടി രൂപയുടെ അധികനികുതി കൊണ്ടുവന്നു. 12 ശതമാനം, 18 ശതമാനം, 28 ശതമാനം എന്നിങ്ങനെ ജി.എസ്.ടി. സ്ലാബുകൾ കൊണ്ട് മുഴുവൻ അവശ്യവസ്തുക്കളുടെയും വില വർദ്ധിപ്പിക്കുന്നു. നികുതിക്ക് പുറമെ സെസ് എന്നതിന് പകരം അടിസ്ഥാനവിലയിൽ സെസ് ചുമത്തുകയെന്ന മണ്ടൻ ആശയമാണ് നടപ്പിലാക്കുന്നത്. ഈ ബഡ്ജറ്റ്, പദ്ധതികളുടെ എണ്ണം കൊണ്ട് ഇവിടെ ജാലവിദ്യ നടത്തുകയാണ്. മറ്റേതൊരു ധനകാര്യ വകുപ്പുമന്ത്രിയേയും തോൽപ്പിക്കുന്ന കൗശലം അങ്ങേയ്ക്കുണ്ടെന്ന് പറയേണ്ടതായിട്ടുണ്ട്. എന്നാൽ

ഇതെല്ലാം നടപ്പിലാക്കാൻ കിഫ്ബി എന്ന മാന്ത്രികദണ്ഡ് മാത്രമാണ് ആകെ അങ്ങയുടെ കൈവശമുള്ളത്. ഇതിലേയ്ക്ക് എങ്ങനെ പണം വന്നുചേരുമെന്നും ആർക്കും ഒരു എത്തുംപിടിയുമില്ല. ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്ന് ശതമാനത്തിൽ കൂടുതൽ വായ്പ പാടില്ല എന്ന തത്വം മറികടക്കാനല്ലേ നിങ്ങൾ കിഫ്ബിയെ ഉപയോഗപ്പെടുത്തുന്നത്. കടക്കെണിക്കുമേൽ പുതിയ പദ്ധതികൾ പ്രഖ്യാപിക്കാനും നിലവിലുള്ളവ പൂർത്തിയാക്കാനും കഴിയാത്തതിന്റെ ക്ഷീണം മാറ്റാൻ നിലവിലുള്ള നവകേരളവുമായി ഘടിപ്പിക്കുക എന്ന കൗശലമാണ് 25 പദ്ധതികളിലൂടെ ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങ് ചെയ്യുന്നത്. നവകേരള നിർമ്മിതി ലക്ഷ്യംവച്ചുകൊണ്ടുള്ള ബഡ്ജറ്റെന്നാണ് അങ്ങ് പറയുന്നത്. എന്നാൽ സാധാരണക്കാരൻ പ്രതീക്ഷിച്ച യാതൊന്നും ഇതിലില്ല. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് അടുത്ത കാലവർഷത്തിനുമുമ്പ് വീട് നൽകാൻ മുൻഗണന നൽകുന്നില്ല. ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് അത് വീണ്ടെടുക്കാനുള്ള പദ്ധതികളൊന്നുമില്ല. പ്രളയം കശക്കിയെറിഞ്ഞവർക്ക് അടിസ്ഥാന സൗകര്യം പുനർനിർമ്മിക്കാൻ സമയബന്ധിത പദ്ധതികളൊന്നും കാണുന്നില്ല. നികുതിയും സെസ്സും വർഷാവർഷം കൂട്ടുമ്പോഴും കഴിഞ്ഞ ബഡ്ജറ്റിൽ പിരിച്ചെടുക്കാതെ കുടിശ്ശികയായി കിടക്കുന്ന 11866 കോടി

രൂപയുടെ കാര്യത്തിൽ ഒരുമിണ്ടാട്ടവുമില്ലാതെ ഇരിക്കുകയാണ്. പ്രളയംമൂലം ദുരിതം അനുഭവിക്കുന്ന അനേകം ആളുകൾ ഇന്ന് കേരളത്തിലുണ്ട്. പ്രളയകാലഘട്ടത്തിൽ ഉരുൾപ്പൊട്ടൽമൂലം അനേകം ആളുകളുടെ ഭൂമിയും വീടും നഷ്ടപ്പെട്ടു. അവർക്ക് ആകെ കിട്ടിയത് പതിനായിരം രൂപ മാത്രമാണ്. വീട് തകർന്നവരോട് ഇപ്പോൾ പട്ടയം കൊണ്ടുവരാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. 01-01-1977-ന് മുമ്പ് ഭൂമി കൈവശമുണ്ടായിരുന്ന ആളുകളിൽനിന്നും പത്തും പതിനഞ്ചും ഇരുപതും സെന്റും ഭൂമി വാങ്ങി വീടുവച്ച് പഞ്ചായത്തിൽ നിന്നും വീട്ടുനമ്പരും വൈദ്യുതി കണക്ഷനും ഇവർക്ക് ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പാവങ്ങൾക്ക് പട്ടയം ലഭിച്ചില്ല എന്നതിന്റെ പേരിൽ അവർക്ക് ഒരാനുകൂല്യവും ലഭ്യമാകുന്നില്ല എന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ പണി നടന്നുകൊണ്ടിരിക്കുന്ന മെഡിക്കൽ കോളേജിന്റെ രണ്ടാം ഘട്ടപണി ആരംഭിക്കുന്നതിന് ഒരുരൂപ പോലും അങ്ങ് വകയിരുത്തിയിട്ടില്ല. അത് പരിഗണിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കോന്നിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു ബൈപ്പാസിനുവേണ്ടി സർവ്വെ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. തുടർന്ന് യാതൊരു നടപടിയുമുണ്ടായില്ല. ഇതുസംബന്ധിച്ച്

ഈ സഭയിൽ പല പ്രാവശ്യം ഞാൻ സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. അന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞ മറുപടി, നേരത്തെ ബഡ്ജറ്റിൽ ഉണ്ടായിരുന്ന ഒരു കാര്യമാണെങ്കിൽ അടുത്ത ബഡ്ജറ്റിൽ തീർച്ചയായും അതുൾപ്പെടുത്തുമെന്നാണ്. ഒരു വർഷം മുമ്പ് പറഞ്ഞ മറുപടിയാണ്. ഈ വർഷവും അക്കാര്യം പരിഗണിച്ചിട്ടില്ല. കോന്നിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ബൈപ്പാസ് എന്ന ആശയം വച്ചിട്ടുള്ളത്. ഫ്ലൈ ഓവറിനോ മറ്റ് കാര്യങ്ങൾക്കുവേണ്ടിയോ ഞാൻ പറഞ്ഞിട്ടില്ല. അവിടത്തെ പാവപ്പെട്ട ആളുകൾക്ക് ആവശ്യമായ ചില കാര്യങ്ങൾക്കുവേണ്ടി മാത്രമാണ് ഞാൻ ആവശ്യം ഉന്നയിച്ചിട്ടുള്ളത്. അങ്ങയുടെ മുന്നിലും ഈ വിഷയം പല പ്രാവശ്യം ഉന്നയിച്ചിട്ടുണ്ട്. ഈ വിഷയം പരിഗണിച്ച് ഇതിനുള്ള തീരുമാനം ഈ ബഡ്ജറ്റിൽ അങ്ങ് പറയുമെന്ന് ഞാൻ കരുതുകയാണ്, ഞാൻ സ്വപ്നം കാണുകയാണ് എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. അങ്ങ് എന്റെ സ്വപ്നം യാഥാർത്ഥ്യമാക്കിത്തരുമെന്ന് വിശ്വസിക്കുന്നു. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഈ ബഡ്ജറ്റിനെ പൂർണ്ണമായി അനുകൂലിക്കുകയാണ്. ഏതൊക്കെ കാലഘട്ടത്തിൽ ഇടതുപക്ഷം അധികാരത്തിൽ എത്തിയിട്ടുണ്ടോ ആ കാലഘട്ടത്തിൽ എല്ലാം ഭരണത്തെ അട്ടിമറിക്കുന്നതിനുള്ള ഗൂഢശ്രമങ്ങൾ എല്ലാതലങ്ങളിലുമുണ്ടായിട്ടുണ്ട്. ഈ കാലഘട്ടങ്ങളിൽ നടന്ന സംഭവവികാസങ്ങളെ എടുത്തുപരിശോധിക്കുമ്പോൾ അതിന്റെ പ്രത്യക്ഷ പ്രതിഫലനമെന്നുള്ള നിലയിൽ മാത്രമാണ് നമുക്കതിനെ കാണാൻ കഴിയുന്നത്. ഇതിൽ ഏറ്റവും ഗുരുതരമായിട്ടുള്ളത് ക്രമസമാധാന പ്രശ്നം ഉണ്ടാക്കാൻ ശ്രമിക്കുന്നുവെന്നതിനെക്കാൾ ഒരു സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കി കേരള ഭരണത്തെ സ്തംഭിപ്പിക്കുന്നതിനുള്ള ഗൂഢാലോചന, അതിന് നേതൃത്വം നൽകിയത് ഒരു ഫെഡറൽ രാജ്യത്തിന്റെ ഭരണാധികാരികളാണ് എന്നുള്ളതാണ് ഏറ്റവും ദുഃഖകരമായ സാഹചര്യം. കേന്ദ്രം നമുക്ക് പ്രളയ പാക്കേജ് നൽകേണ്ടാ. വീണിടത്തുനിന്ന് എഴുന്നേൽക്കാൻ ശ്രമിക്കുമ്പോൾ പിന്നിൽ നിന്ന് ചവിട്ടാതിരിക്കാനുള്ള മാന്യതയെങ്കിലും കാണിക്കേണ്ടതാണ്. അതുപോലും നമുക്ക് യഥാർത്ഥത്തിൽ

ഉണ്ടായിട്ടില്ല. പ്രളയം മൂലമുണ്ടായ നഷ്ടം പരിഹരിക്കാൻ വായ്പാ പരിധി ഉയർത്തുവാൻ അനുവാദമില്ല. ജി.എസ്.ടി. കൗൺസിൽ ഇവിടെ നോക്കുകുത്തിയായി നിൽക്കുകയാണ്. ജി.എസ്.ടി.-യുടെ അനോമലീസ് പരിഹരിച്ച് സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം നൽകുന്നതിന് ഇനിയും നടപടിയായിട്ടില്ല. അതിന് മാസങ്ങൾ കാത്തിരിക്കേണ്ട ഒരു സാഹചര്യം നമ്മുടെ മുമ്പിലുണ്ട്. നോട്ട് നിരോധനം മൂലമുള്ള സാമ്പത്തിക പ്രതിസന്ധിയെ മറികടക്കുന്നതിനുള്ള ഒരു വലിയ പരിശ്രമം നമ്മൾ നടത്തുന്നതിനിടയിൽ ജി.എസ്.ടി. എത്തി. യഥാർത്ഥത്തിൽ അത് രാജ്യത്ത് ഒരു സാമ്പത്തിക അടിയന്തരാവസ്ഥ തന്നെയുണ്ടാക്കി. ആ സാമ്പത്തിക അടിയന്തരാവസ്ഥ നമ്മളെ സാരമായി ബാധിച്ചിട്ടുണ്ട്. ദീർഘവീക്ഷണത്തോടെ സാമ്പത്തിക സുരക്ഷയ്ക്ക് നമ്മൾ സംഭരിച്ച ട്രഷറി സേവിംഗ്സ് പോലും ബാങ്ക് ഡെപ്പോസിറ്റും വായ്പയുമായി കണക്കാക്കി 6000 കോടി രൂപ നമുക്ക് വായ്പയ്ക്ക് അർഹതയുണ്ടായിരുന്നത് 1800 കോടി രൂപയാക്കി ചുരുക്കി എന്നുപറയുന്നത്

കേരളത്തോട് കാണിച്ച ഒരു അനീതി എന്നുള്ള നിലയിൽ മാത്രമാണ് നമുക്ക് കാണാൻ കഴിയുക. എ.ഡി.ബി. വായ്പയാണെങ്കിലും ലോക ബാങ്ക് വായ്പയാണെങ്കിലും മറ്റേത് തരം വായ്പയാണെങ്കിലും നമ്മുടെ വായ്പാ പരിധിയിൽ നിലനിർത്തിക്കൊണ്ട് കേന്ദ്രഗവൺമെന്റ് എടുത്ത നിലപാട് നമുക്ക് പ്രളയ പാക്കേജിന് അപ്പുറം, പ്രളയ പാക്കേജുമായി ബന്ധപ്പെട്ട് നമ്മൾ ചോദിച്ച വായ്പാ പരിധിയിൽ അതിനെ ഉൾപ്പെടുത്തണമെന്ന് പറയുന്ന നമ്മുടെ നിർദ്ദേശം അംഗീകരിക്കാൻ തയ്യാറായില്ല. കേരളജനതയോടുള്ള വെല്ലുവിളി എന്നുള്ള നിലയിൽ മാത്രമാണ് നമുക്കതിനെ കാണാൻ കഴിയുക. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയുടെ താക്കോൽ കോർപ്പറേറ്റുകളെ ഏൽപ്പിക്കുന്ന ഒരു നയത്തോടും നമുക്ക് യോജിപ്പില്ല. കേന്ദ്ര ഭരണത്തിൽ മാറിമാറി വരുന്നവരുടെ നയങ്ങൾ അതാണ്. ആ നയത്തോട് നമുക്കൊരിക്കലും യോജിക്കാനാവില്ല. രാജ്യത്തെ അതിസമ്പന്നന്മാരുടെ പട്ടികയിൽ വലിയ വർദ്ധനവുണ്ടാകുന്നുണ്ട്. നാൾക്കുനാൾ അതിസമ്പന്നന്മാരുടെ പട്ടിക നമ്മുടെ രാജ്യത്ത് വർദ്ധിച്ചുവരുന്നുണ്ട്. ലോകസമ്പന്നന്മാരുടെ പട്ടികയിലേക്ക് അവർ

എത്തിച്ചേരുകയും ചെയ്യുന്നു. പൗരന്റെ യഥാർത്ഥ ആളോഹരി വരുമാനം എന്താണെന്ന് മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ നിജഃസ്ഥിതി മനസ്സിലാക്കുമ്പോൾ മാത്രമാണ് ഒരു രാജ്യത്തിന്റെ യഥാർത്ഥ ആളോഹരി വരുമാനം എന്താണെന്ന് നമുക്ക് ബോദ്ധ്യപ്പെടുന്നത്. മലയാളിയെ എന്നും ലോകം കാണുന്നത് ആഗോളപൗരൻ എന്നുള്ള നിലയിലാണ്. മറ്റ് രാജ്യങ്ങളുടെ വളർച്ചയും മാന്ദ്യവും അത് നമ്മളെയും ബാധിക്കുന്നു. ശ്രീ. സി. കെ. നാണു സംസാരിച്ചപ്പോൾ വിശദമായി അക്കാര്യങ്ങളെക്കുറിച്ച് പറയുകയുണ്ടായി. ലോക രാജ്യങ്ങളിൽ പ്രത്യേകിച്ച്, ഗൾഫ് രാജ്യങ്ങളിൽ ഉണ്ടായ സാമ്പത്തിക മാന്ദ്യം എല്ലാ അർത്ഥത്തിലും കേരളത്തെ ബാധിച്ചിട്ടുണ്ട്. പ്രതിസന്ധിയിൽ നമുക്ക് നേരെ നീട്ടിയ കൈകളിൽ ഒന്ന് പിടിക്കാൻ പോലും യഥാർത്ഥത്തിൽ കേന്ദ്രം നമുക്ക് അനുവാദം നൽകിയില്ല എന്നതാണ് സത്യം. മറ്റൊരുതരം പ്രതിസന്ധി നമ്മുടെ നാട്ടിലുണ്ടാക്കുന്നതിനുള്ള ശ്രമങ്ങളുമുണ്ടായി. പള്ളികളിലും അമ്പലങ്ങളിലും നേർച്ചയിടുന്നതുമായി

ബന്ധപ്പെട്ടാണത്. അമ്പലത്തിൽ വഴിപാടുകൾ നടത്താൻ പാടില്ല എന്ന രൂപത്തിൽ വലിയ പ്രചരണമുണ്ടായി. അമ്പലത്തിൽ വഴിപാട് ഇടുന്നതും ഇടാതിരിക്കുന്നതും ഭക്തരുടെ ഭക്തിയിലും വിശ്വാസത്തിലും അധിഷ്ഠിതമാണ്. അക്കാര്യത്തെ സംബന്ധിച്ച് ഞാൻ ഒരഭിപ്രായവും പറയുന്നില്ല. അത് പൗരസ്വാതന്ത്ര്യമാണ്. വെള്ളപേപ്പറിൽ സ്വാമിശരണമായാലും 2000 രൂപയുടെ നോട്ട് ആയാലും തന്റെ ഭക്തർക്ക് നൽകുന്ന അനുഗ്രഹങ്ങളിൽ വ്യത്യാസമുണ്ടോ എന്ന് എനിക്കറിയില്ല. പക്ഷേ ഒരു കാര്യം ഉറപ്പാണ്. ദേവസ്വം ബോർഡിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് ജീവനക്കാരുടെ നിലനിൽപ്പിനെ അത് ബാധിക്കുന്നു. നവോത്ഥാനം പറയുക മാത്രമല്ല അതിന്റെ സംരക്ഷണത്തിന് ഉതകുംവിധം ഈ ബഡ്ജറ്റിൽ ദേവസ്വം ബോർഡുകളുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട് കാര്യമായി അങ്ങ് ബഡ്ജറ്റ് വിഹിതം നീക്കി വച്ച നടപടിയെ പ്രശംസിക്കുകയാണ്. ഈ മാന്ദ്യകാലത്ത് റവന്യൂ കമ്മിയുടെ പേരിൽ സർക്കാർ ചെലവുകൾ വെട്ടിച്ചുരുക്കുകയാണ്. നമ്മുടെ സാമ്പത്തിക മാന്ദ്യം വർദ്ധിക്കും എന്ന അങ്ങയുടെ നിരീക്ഷണത്തോട് ഞാൻ പൂർണ്ണമായും

യോജിക്കുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 25 പദ്ധതികൾ ഈ മാന്ദ്യത്തിൽ നിന്നും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ കൈപിടിച്ച് ഉയർത്തും എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല.

സാലറി ചലഞ്ച് സാങ്കേതികത്വത്തിന്റെ പേരിൽ പ്രതിപക്ഷം പരാജയപ്പെടുത്താൻ ശ്രമിച്ചപ്പോൾ, കൂട്ടായ ഒരു പരിശ്രമം അതിനുവേണ്ടി ഉണ്ടായപ്പോൾ പരാജയപ്പെട്ടുവെന്ന് നിങ്ങൾ ധരിക്കുന്നത് നിങ്ങൾ ഉൾപ്പെടെയാണ് എന്ന തിരിച്ചറിവുണ്ടാകണം. പ്രതിപക്ഷം അവരുടെ നിഴലിനോടാണ് ഇക്കാര്യത്തിൽ യുദ്ധം ചെയ്തത്. നിങ്ങൾ നിങ്ങളെത്തന്നെയാണ് പരാജയപ്പെടുത്തിയത് എന്ന തിരിച്ചറിവും ഉണ്ടാകണം. ബഡ്ജറ്റ് ചർച്ചകൾ എടുത്തുനോക്കിയാൽ, ബഹുമാന്യനായ കെ. സി. ജോസഫ് വിവിധ പത്രങ്ങൾ ഉദ്ധരിച്ചുപറഞ്ഞു. പ്രളയ സെസ് - എല്ലാ പത്രങ്ങളും പ്രളയ സെസ്-ൽ കുടുങ്ങി നിൽക്കുകയാണ്. നവമാധ്യമങ്ങളാണെങ്കിൽ മദ്യത്തിന്റെ വിലയുമായി ബന്ധപ്പെടുത്തിയാണ്

നമ്മുടെ ബഡ്ജറ്റിനെ ആഘോഷിച്ചത്. ബഹുമാനപ്പെട്ട ധനവകുപ്പുമന്ത്രി അങ്ങയോടുള്ള അഭ്യർത്ഥന അങ്ങ് ചഞ്ചലനാകേണ്ട. കാരണം അങ്ങയുടെ സ്ഥാനം ചരിത്രത്തിന്റെ ഏടുകളിലാണ്. ആപത്തിനെ അവസരമാക്കിയ ഡോ. ടി. എം. തോമസ് ഐസക്-നെപ്പറ്റി പഠിക്കാൻ പിൻതലമുറ എത്തുമെന്ന കാര്യത്തിൽ തർക്കമില്ല. ആപത്തിനെ അവസരമാക്കിയ ഡോ. ടി. എം. തോമസ് ഐസക്-നെപ്പറ്റി പഠിക്കാൻ പിൻതലമുറ എത്തിച്ചേരും. ഈ ഗവൺമെന്റ് വന്നതിനുശേഷം നിരന്തരമായ ഇടപെടലും നിയമനിർമ്മാണവും നടത്തി കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള വലിയ പരിശ്രമമുണ്ടായി. അതിനുവേണ്ടി നമ്മൾ ഒരു നിയമം തന്നെ നിർമ്മിച്ചു. നിയമത്തിൽ ഭേദഗതി വരുത്തി. ലോകമെമ്പാടുമുള്ള മലയാളികളെ കൂട്ടിച്ചേർത്ത് ലോകകേരള സഭ ഉണ്ടാക്കി നിക്ഷേപകരെ ആകർഷിക്കുന്നതിന് നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള വലിയ ഒരു ഇടപെടൽ നടത്തുകയുണ്ടായി.

ഇപ്പോൾ ലോക കേരള സഭയുടെ രണ്ടാംഘട്ടത്തിലേക്ക് നമ്മൾ പോകുകയാണ്. രണ്ടാംഘട്ടത്തിലേയ്ക്ക് എത്തുമ്പോൾ നമ്മൾ ഏറെ പ്രതീക്ഷയോടുകൂടിയാണ് ലോക കേരള സഭയുടെ രണ്ടാം വാർഷികത്തെ കാണുന്നത്. അതിനനുസരിച്ചുള്ള വലിയ നേട്ടം അവിടെ നിന്നുണ്ടാകും എന്ന് ഈ ബഡ്ജറ്റിന്റെ ഒന്നാംഘട്ടം വായിച്ചുകഴിഞ്ഞാൽ മനസ്സിലാകും. ആ ഒരു പ്രതീക്ഷയോടുകൂടിയാണ് ബഡ്ജറ്റിന്റെ പല ഭാഗങ്ങളും മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ബഡ്ജറ്റിനെതിരെ ഉയർന്ന പ്രധാന വിമർശനം 'മലർ പൊടിക്കാരന്റെ സ്വപ്നം' എന്നാണ്. സ്വന്തം അസ്തിത്വം നഷ്ടപ്പെടുത്തുന്നവർക്ക് സ്വപ്നം ആണ് ആദ്യം ഉണ്ടാകേണ്ടത് എന്ന കാര്യത്തിൽ തർക്കമില്ല. ഭക്ഷണം കഴിക്കാനുള്ള അവകാശത്തിന്മേൽ കൈ കടത്തുകയാണ്. ഭക്ഷണത്തിന്റെയും തൊഴിലിന്റെയും പേരിൽ ആളുകളെ തെരുവിൽ കൊല്ലുന്നു. കൊലചെയ്യപ്പെടുന്നു. അഭിപ്രായ സ്വാതന്ത്ര്യം നിഷേധിച്ച് വിമർശനങ്ങൾ ഉന്നയിക്കുന്നവർ കൊല്ലപ്പെടുന്നു. എഴുത്തുകാർ

എഴുത്ത് നിർത്തുന്നു. ഇനി നിങ്ങൾക്ക് ബാക്കിയുള്ളത് ഞങ്ങളുടെ സ്വപ്നങ്ങൾ മാത്രമാണ്. ഇന്ത്യൻ ഭരണഘടന തെരുവിൽ നഗ്നമാക്കപ്പെടുമ്പോൾ അതിന് ചുറ്റും കൂകി വിളിക്കുന്ന ആളുകളോടൊപ്പം കോൺഗ്രസ് കൊടി എടുത്തും കൊടി ഇല്ലാതെയും ഉണ്ടാകരുത് എന്ന അഭ്യർത്ഥനയാണുള്ളത്. നിങ്ങൾ ഒരു വലിയ ചരിത്രത്തിന്റെ പിൻതലമുറക്കാരാണ്. കോൺഗ്രസ്സുകാർ ഒരിക്കലും മറന്നുപോകരുത്. ആ ചരിത്രം ഈ രാജ്യത്തിന്റെ ചരിത്രമാണ്. പറ്റിയ തെറ്റുകളും പാളിച്ചകളും ഉൾക്കൊണ്ടുകൊണ്ട് തിരുത്തിയില്ല എങ്കിൽ നിങ്ങൾക്ക് തിരിച്ചുവരാൻ കഴിയില്ല എന്നതാണ് പ്രശ്നം. നിങ്ങളുടെ തിരിച്ചുവരവ് ഞങ്ങളുടെ പ്രശ്നമല്ല. നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പ് ഞങ്ങളുടെ പ്രശ്നമാണ്. മഹാത്മാഗാന്ധി വീണ്ടും വെടിയേറ്റ് മരിക്കാൻ ഇടയാകരുത്. മഹാത്മാഗാന്ധി വെടിയേറ്റ് മരിച്ച സംഭവം പുനരാവിഷ്കരിച്ചതുമായി ബന്ധപ്പെട്ട് പോയിന്റ് ഓഫ് ഓർഡർ വന്നു. ആ വിഷയത്തിൽ കുറച്ചുകൂടി കർശനമായിട്ടുള്ള പ്രതികരണം ഉണ്ടാകേണ്ടതാണ് എന്ന വ്യക്തിപരമായ അഭിപ്രായം

എനിക്കുണ്ട്. നിങ്ങൾ പ്രതിഷേധിക്കുന്നുണ്ടാകും. പ്രതിപക്ഷനേതാവ് തന്നെ നിയമസഭയിൽ ആ വിഷയം ഉന്നയിച്ചു. വീണ്ടും വീണ്ടും മഹാത്മാഗാന്ധി വെടിയേറ്റ് മരിക്കുന്നതിനുള്ള അവസരമുണ്ടാകാതിരിക്കണമെങ്കിൽ വർഗ്ഗീയ ശക്തികളെ രാജ്യത്തിന്റെ ഭരണത്തിൽ നിന്നും മാറ്റിനിർത്തേണ്ടതുണ്ട്. കേന്ദ്ര ഭരണം എല്ലാ വിഷവും പരസ്യമായി ചീറ്റുന്നതിന്റെ പ്രത്യക്ഷ പ്രതിഫലനം എന്ന നിലയിൽ മാത്രമേ മഹാത്മാഗാന്ധിയുടെ മരണത്തിന്റെ/ കൊലപാതകത്തിന്റെ പുനരാവിഷ്കരണത്തെ നമുക്ക് കാണാൻ കഴിയൂ.

കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ഫലപ്രദമായ ഫണ്ട് വിനിയോഗത്തിന് സംസ്ഥാന സർക്കാർ ഇടപ്പെട്ടിട്ടുണ്ട്. ഏറെ മാതൃകാപരമാണത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കെല്ലാം അർഹമായ തുക സംസ്ഥാന ഗവൺമെന്റ് മാറ്റിവയ്ക്കുന്നതിന് ബഡ്ജറ്റിൽ നിരന്തരമായ ജാഗ്രതകളുണ്ട്. അത് ബഡ്ജറ്റിന്റെ ഏത് പോർഷൻ എടുത്തുനോക്കുമ്പോഴും കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് മാറ്റിവയ്ക്കേണ്ട അർഹമായ തുക മാറ്റിവയ്ക്കുകയും കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് എല്ലാ വകുപ്പുകളുമായി

ബന്ധപ്പെട്ട് കാര്യമായിട്ടുള്ള ഇടപെടൽ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ പലപ്പോഴും നമ്മുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്. നമുക്ക് പലപ്പോഴും അതിലേക്ക് എത്തിച്ചേരാൻ കഴിയാത്തതിന് ഒട്ടനവധി തടസ്സങ്ങൾ ഉണ്ടാകുന്നുണ്ട്. അത് പി.എം.ജി.എസ്.വൈ. ആയാലും ഫുഡ് സേഫ്റ്റി ആക്ടായാലും ഏത് വരുമ്പോഴും ഇതിലൊക്കെ നമ്മൾ എന്നും ഒരു പടി മുമ്പിൽ നിൽക്കുന്ന വെന്നുള്ളതുകൊണ്ട് പലപ്പോഴും നമുക്ക് അതിലേക്ക് എത്തിച്ചേരുന്നതിന്, നിർവ്വഹണഘട്ടത്തിലേക്ക് എത്തിക്കുന്നതിന് ഒരുപാട് തടസ്സങ്ങൾ ഉണ്ടാകുന്നുണ്ട്. പക്ഷേ കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാനവിഹിതം വകയിരുത്തി കേന്ദ്ര ഫണ്ട് നേടിയെടുക്കുവാൻ സംസ്ഥാനഗവൺമെന്റ് നിരന്തരമായി പരിശ്രമിച്ചിട്ടുണ്ട് എന്ന് ബഡ്ജറ്റ് നോക്കുമ്പോൾ നമുക്ക് മനസ്സിലാകും. കൊട്ടും ഘോഷവും ആർപ്പുവിളികളും ഒന്നുമില്ല, ജനസമ്പർക്ക പരിപാടി ഇല്ല, ഖജനാവിൽ നിന്ന് പണം ചെലവാക്കുന്നില്ല. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സമയബന്ധിതമായി

വിതരണം ചെയ്യുന്നതിനുള്ള നടപടി എടുത്തു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള പണം ഗുണഭോക്താവിന്റെ അക്കൗണ്ടുകളിലേക്ക് പോകുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ഫണ്ടിൽ നിന്നുള്ള ധനസഹായം, ആരോഗ്യ വകുപ്പുമന്ത്രിയുടെ ഫണ്ടിൽ നിന്നുള്ള ചികിത്സാ ധനസഹായം ആയാലും റവന്യൂ വകുപ്പുമന്ത്രിയുടെ ഫണ്ടിൽ നിന്നുള്ളതായ ചികിത്സാ ധനസഹായം ആയാലും മറ്റ് സഹായധനങ്ങൾ ഒക്കെയും അതാത് അർഹതപ്പെട്ട ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പോകുന്നു. സാമൂഹ്യ ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട് 40 ലക്ഷം ആളുകൾക്ക് കൊടുക്കുമ്പോൾ അതിൽ നാലിലൊന്ന് ഈ ഗവൺമെന്റിന്റെ കാലത്താണ് എന്നത് എടുത്തുപറയേണ്ട ഒരു പ്രധാന പ്രശ്നം തന്നെയാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, വിദ്യാഭ്യാസ വായ്പ എന്നിവ ഈ കാലഘട്ടം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളാണ്. അവ ഉയർത്തുന്ന വെല്ലുവിളികളെ ഒരിക്കലും നമുക്ക് ചെറുതായി കാണാൻ കഴിയില്ല. വിദ്യാഭ്യാസ വായ്പാ കുടിശ്ശികമൂലം ബാങ്കുകൾ വിദ്യാർത്ഥികൾക്ക് പുതിയ വായ്പ നിഷേധിക്കുന്നതും കർഷക വായ്പകൾ

നൽകാതിരിക്കുന്നതും ഗൗരവമായി കണക്കാക്കണം. സാമൂഹ്യസുരക്ഷാ ഫണ്ട് ബാങ്കുകൾ എങ്ങനെ വിനിയോഗിക്കുന്നുവെന്നത് പരിശോധിക്കാൻ സംവിധാനങ്ങളുണ്ടാകണം. പല ബാങ്കുകളും ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ കൊടുക്കുന്നതിന് മടിക്കുന്നുവെന്ന് മാത്രമല്ല, വായ്പാ കുടിശ്ശികയുടെ പേരു പറഞ്ഞ് വിദ്യാർത്ഥികൾക്ക് വായ്പ നിഷേധിക്കുകയും ചെയ്യുന്നു. സബ്ജക്ട് അഗ്രഗേറ്റീവ് മാർക്ക് 60 ശതമാനമെന്നത് 70 ശതമാനത്തിലേയ്ക്കും 80 ശതമാനത്തിലേയ്ക്കും എത്തിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് വായ്പ നിഷേധിക്കുന്നതിന് കർശനമായ ഇടപെടലുകൾ ബാങ്കുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നു എന്നുള്ളത് ഉന്നത വിദ്യാഭ്യാസരംഗത്ത് ഒരു വലിയ പോരായ്മയാണെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. അതിനുള്ള ഇടപെടലുകളുണ്ടാകണം. പ്രളയക്കെടുതിയിൽ ഉൾപ്പെട്ട കേരളത്തിന് ബാങ്കുകൾ എന്ത് കൈത്താങ്ങാണ് നൽകിയതെന്നുള്ളതിനെ സംബന്ധിച്ച് പ്രസിദ്ധപ്പെടുത്താൻ അങ്ങ് തയ്യാറാകണം.

പ്ലാന്റേഷനുകളുടെ കാര്യം ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി സൂചിപ്പിച്ചിട്ടുണ്ട്. നാലോളം പ്ലാന്റേഷനുകൾ പീരുമേടിൽ മാത്രമായി പൂട്ടിക്കിടക്കുകയാണ്. അത് തുറക്കുന്നതിനുള്ള നിരന്തരമായ ശ്രമങ്ങൾ

ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ട സമയം ഏകദേശം അതിക്രമിച്ചുനിൽക്കുകയാണ്. തോട്ടം മേഖലയുമായി ബന്ധപ്പെട്ട് ലാൻഡ് ബോണ്ട്, ലാൻഡ് പൂളിംഗ് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി പറഞ്ഞിട്ടുണ്ട്. തോട്ടം പാക്കേജ് പ്രഖ്യാപിക്കുകയാണെന്ന് കഴിഞ്ഞ പ്രാവശ്യം ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ അങ്ങ് പറഞ്ഞിരുന്നു. ആ പാക്കേജിന്റെ പ്രൊപ്പോസൽ ഏത് ഏജൻസി വഴിയാണ് തയ്യാറാക്കേണ്ടതെന്നത് സംബന്ധിച്ച് വേണ്ടത്ര വ്യക്തത ഇല്ലാതെ പോയി എന്നുള്ളതുകൊണ്ട് വകുപ്പ് അക്കാര്യത്തിൽ മുന്നോട്ടുപോകാതെ നിൽക്കുന്ന സാഹചര്യമുണ്ട്. പൂട്ടിക്കിടക്കുന്ന 4 തോട്ടങ്ങൾ ഗവൺമെന്റ് ഏറ്റെടുക്കുകയാണോ കമ്പനിയുടെ ഷെയർ വാങ്ങുകയാണോ എന്നത് സംബന്ധിച്ച മറുപടിയുണ്ടാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. മലബാർ കോഫിയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. വയനാടിനുവേണ്ടി അങ്ങ് പറഞ്ഞ ആ പാരഗ്രാഫ് അവസാനിപ്പിക്കുമ്പോൾ, വയനാട് മാതൃകയിൽ ഇടുക്കിയിലും പാക്കേജുകൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇടുക്കിയിലെ ചെറുകിട

തേയില കൃഷിക്കാരുടെ വിഷയത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇടപെട്ടതാണ്. ചെറുകിട തേയില കൃഷിക്കാരടക്കം അനുഭവിക്കുന്ന പ്രതിസന്ധിക്ക് പരിഹാരമുണ്ടാകണമെങ്കിൽ, തേയില ഇലയ്ക്ക് വിലകിട്ടണമെങ്കിൽ കേരള ടീയുടെ ബ്രാൻഡിംഗിനെയും മാർക്കറ്റിംഗിനെയും സംബന്ധിച്ച്, ഒരു പ്രൊഡ്യൂസിംഗ് കമ്പനിയെ സംബന്ധിച്ച് ഗൗരവതരമായ ചിന്തകളുണ്ടാകണം. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ ഇടപെടുന്നതിനുള്ള പാക്കേജുണ്ടാകണം. തോട്ടം മേഖലയിൽ മൂന്ന് ലക്ഷത്തിലധികം തൊഴിലാളികൾ ഡയറക്ടായും ഇൻഡയറക്ടായും പണിയെടുക്കുന്നതാണ്. അതുകൊണ്ട് തോട്ടം മേഖലയ്ക്ക് വേണ്ടത്ര പരിഗണന പലപ്പോഴും ലഭ്യമാകാതെ പോകുന്നുണ്ടോയെന്ന സന്ദേഹം ബഡ്ജറ്റ് പ്രസംഗം ഉടനീളം കേട്ടപ്പോൾ തോന്നി.

പൊതുവിതരണവുമായി ബന്ധപ്പെട്ട ഒരു കാര്യം, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് മൂന്ന് വർഷത്തോളം ഫുഡ് സെക്യൂരിറ്റി ആക്ട് നടപ്പിലാക്കാതെയിരുന്നു. ഒട്ടനവധി പ്രതിസന്ധികൾ അതുമായി ബന്ധപ്പെട്ടുണ്ടായിരുന്നു. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിലും മാർക്കറ്റ് ഇന്റർവെൻഷന്റെ കാര്യത്തിലും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്

മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. ഞാൻ ബഡ്ജറ്റിൽ നോക്കിയപ്പോൾ, ഫുഡ് സെക്യൂരിറ്റി ആക്ട് നടപ്പിലാക്കുന്നതിനുള്ള 23 കോടി രൂപയും പിന്നൊരു 7 കോടി രൂപയുമടക്കം 52 കോടി രൂപയാണ് മാറ്റി വച്ചിരിക്കുന്നതായി കണ്ടത്. പക്ഷെ, മാർക്കറ്റ് ഇന്റർവെൻഷന്റെ ഭാഗമായി കടം കൊടുത്ത് തീർക്കുന്നതിനുതന്നെ വലിയൊരു തുക നിൽക്കുന്നതുകൊണ്ട് കഴിയുമെങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുവേണ്ടി 250 കോടി രൂപ വകയിരുത്താൻ കഴിയുമോ എന്നത് സംബന്ധിച്ച് ആലോചിക്കണം. കാരണം, മാർക്കറ്റ് ഇന്റർവെൻഷൻ എന്ന് പറയുന്നത് ഏറ്റവും മാതൃകാപരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതാണ്. വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, റേഷൻ കട, കൃഷി വകുപ്പ് തുടങ്ങിയവയൊക്കെ ആളുകളുമായി ബന്ധപ്പെട്ടുള്ളതാണ്. വളരെ പെട്ടെന്ന് ആളുകളുടെ ഇടയിൽനിന്നും ഫീഡ് ബാക്ക് വരുന്നതുകൊണ്ട് അവശ്യ സാധനങ്ങളുടെ വിലനിലവാരം ഉയരാതെ പിടിച്ചുനിർത്തേണ്ടതുണ്ട്. പ്രളയ സെസ് വന്നപ്പോൾ ഏറ്റവും വലിയ ആകാംക്ഷയോടെ ആളുകൾ പറഞ്ഞതും പ്രചരിപ്പിച്ചതും വിലക്കയറ്റം ഉണ്ടാകാൻ പോകുന്നുവെന്നതാണ്. അവശ്യ സാധനങ്ങൾക്ക് വിലക്കയറ്റമുണ്ടാകില്ലെന്ന് അങ്ങയുടെ പ്രസംഗത്തോട് കൂട്ടിച്ചേർത്ത്

പറഞ്ഞുവെങ്കിലും അതിനകത്ത് ആളുകൾക്ക് ഉണ്ടായിട്ടുള്ള ആശങ്ക ഒഴിവാക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഇടപെടലുണ്ടാകണം.

കൃഷി കുറച്ചുകൂടി വ്യാപിപ്പിക്കണം. കൃഷിയുമായി ബന്ധപ്പെട്ട് ബഡ്ജറ്റിനകത്ത് കണ്ടതിനേക്കാൾ കൂടുതൽ കാര്യങ്ങൾ കണ്ടത് ഗ്രീൻ ബുക്കിലാണ്. കൃഷി വകുപ്പുമന്ത്രി ആ കാര്യത്തിൽ ഈ സംസ്ഥാനത്തൊട്ടാകെ ഓടിനടന്ന് മാതൃകാപരമായ ഒരിടപെടൽ നടത്തിയിട്ടുണ്ട്. പ്രത്യേകിച്ച്, ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി നടത്തുന്ന ശക്തമായ ഇടപെടലുണ്ട്. രോഗം വന്നതിനുശേഷം ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുകയെന്നുള്ളതാണ്. ആന്തരികാവയവങ്ങൾ അടക്കം നഷ്ടപ്പെട്ടുപോകുന്ന മാരകരോഗങ്ങൾ ഉണ്ടാകുന്നതിന്റെ വർദ്ധനവ് നമുക്ക് സഹിക്കാൻ കഴിയുന്നതിനേക്കാൾ അപ്പുറമാണ്. ഭക്ഷണത്തിലൂടെയാണ് ആളുകൾക്ക് ഈ രോഗങ്ങൾ ഉണ്ടാകുന്നതെങ്കിൽ ഓർഗാനിക് ആഹാരശൈലിയിലേയ്ക്ക് നമ്മളെ എത്തിക്കുന്നതിന് അദ്ദേഹം നടത്തുന്ന പരിശ്രമത്തിന് കുറച്ചുകൂടി തുക മാറ്റി വയ്ക്കാൻ കഴിയുമെങ്കിൽ അതിനുള്ള പരിശ്രമം ഉണ്ടാകണം. ഇപ്രാവശ്യം ഞങ്ങൾക്ക് ജൈവകൃഷിക്കുള്ള അവാർഡിന്റെ ഒന്നാം സമ്മാനമായി ലഭിച്ചത് 15

ലക്ഷം രൂപയാണ്. കഴിഞ്ഞ വർഷം എന്റെ നിയോജകമണ്ഡലത്തിന് മൂന്നാം സ്ഥാനമായിരുന്നു. ജൈവകൃഷിക്കുള്ള അവാർഡിനായി ഞങ്ങൾ വലിയൊരു പരിശ്രമം നടത്തി. കഴിഞ്ഞ വർഷം മൂന്നാം സ്ഥാനത്തിന് ലഭിച്ച 5 ലക്ഷം രൂപയും ഈ വർഷം ഒന്നാം സ്ഥാനത്തിന് ലഭിച്ച 15 ലക്ഷം രൂപയും ചേർത്ത് 20 ലക്ഷം രൂപയ്ക്ക് രണ്ട് വാഹനങ്ങൾ വാങ്ങി രണ്ട് ഹരിതസേനകളെ ഏൽപ്പിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നുണ്ട്. ധനകാര്യ വകുപ്പിൽനിന്നും എസ്.ഡി.എഫ്.-ന്റെ സ്പെഷ്യൽ സാങ്ഷനുവേണ്ടി ശ്രമിച്ചിരുന്നുവെങ്കിലും കിട്ടിയില്ല. എന്നാൽ സമ്മാനത്തുക ഉപയോഗിച്ച് രണ്ട് വാഹനങ്ങൾ വാങ്ങി കൃഷിക്കാരുടെ ഓർഗാനിക് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് വലിയൊരു ശ്രമം ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷി രീതി സംസ്ഥാനത്താകമാനം വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഇടപെടലുണ്ടാകണം.

നമ്മുടെ ഏത് വകുപ്പ് എടുത്താലും അതെല്ലാം നമുക്ക് ഒട്ടനവധി സന്തോഷം നൽകുന്നതാണ്. എന്ത് വിമർശനവും പറയട്ടെ. വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് 141 എം.എൽ.എ.-മാർ എവിടെ ചെന്നാലും അവർക്കൊക്കെയും ആ വകുപ്പുമായി ബന്ധപ്പെട്ട് പറയാൻ എന്തെങ്കിലുമൊക്കെ

ബാക്കിയുണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. അതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും അവാർഡ് കൊടുക്കണം. അദ്ദേഹത്തിന് അവാർഡ് കിട്ടിയതിൽ നമുക്ക് സന്തോഷമുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുള്ള അവാർഡ് കൊടുത്തുകൊണ്ടിരിക്കുന്നത് ജനങ്ങളാണ്. ഏത് സ്ഥലത്ത് ചെല്ലുമ്പോഴും വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർ വളരെ അഭിമാനത്തോടുകൂടി നിവർന്നുനിൽക്കുമ്പോൾ അങ്ങയുടെ മുഖം ഞങ്ങളുടെ മനസ്സിലുണ്ട്. അങ്ങ് നടപ്പിലാക്കിയ, എല്ലാവരും പരിഹസിക്കുകയും അപഹസിക്കുകയും ചെയ്യുന്ന കിഫ്ബിതന്നെയാണ് അതിന്റെ അടിസ്ഥാന ശിലയെന്ന ബോധ്യത്തിൽ നിന്നുകൊണ്ടാണ് ഞങ്ങൾ ആ കാര്യങ്ങളെയൊക്കെ കാണുകയും കേൾക്കുകയും ചെയ്യുന്നത്.

1,03,013 പട്ടയം ഈ ഗവൺമെന്റിന്റെ ഭരണകാലത്ത്, 32 മാസക്കാലത്തിനിടയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. 868-ഓളം പട്ടയങ്ങൾ തയ്യാറായിട്ടുണ്ട്. ശ്രീ. അടൂർ പ്രകാശ് മന്ത്രിയായിരുന്ന സമയത്തും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരുന്ന സമയത്തും ഒൻപതോളം പ്രാവശ്യം മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്ത് പത്ത് ചെയിനിൽ പട്ടയം കൊടുക്കാൻ പോകുന്നുവെന്ന് ആവർത്തിച്ച് പറഞ്ഞതാണ്. അത് ശ്രീ. പി. ടി. തോമസിന്

അറിയാവുന്ന കാര്യമാണല്ലോ; പക്ഷെ കൊടുത്തില്ല. കൊടുക്കാൻ തീരുമാനിച്ചെങ്കിലും കൊടുത്തില്ലായെന്നുള്ളതാണ് സത്യം. അന്ന് ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി ആ കാര്യങ്ങളിൽ തടസ്സം നിന്നു. ഇപ്പോൾ ഇടുക്കിയിൽ നിന്നുള്ള ശ്രീ. എം. എം. മണിയാണ് ഇലക്ട്രിസിറ്റി വകുപ്പ് കൈകാര്യം ചെയ്യുന്നത്. വളരെ അഭിമാനത്തോടുകൂടി പറയുന്നു, പത്ത് ചെയിൻ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ നിർണ്ണായകമായ ഇടപെടലുകളാണ്. ഏഴ് ചെയിനിൽ പട്ടയം കിട്ടി. മൂന്ന് ചെയിനിലെ പട്ടയത്തിനുള്ള ഉത്തരവ് ഏറെ താമസിക്കാതെ എത്തുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അതിനൊരു ക്യാബിനറ്റ് ഓർഡർ ഉണ്ടെങ്കിൽ മാത്രമേ കൊടുക്കാൻ കഴിയുവെന്നാണ് അദ്ദേഹം പറയുന്നത്. ക്യാബിനറ്റ് ഓർഡറിന്റെ അടിസ്ഥാനത്തിലാണ് ഏഴ് ചെയിനിൽ പട്ടയം കൊടുത്തത്. മൂന്ന് ചെയിനിൽക്കൂടി പട്ടയം കൊടുക്കുമ്പോൾ ഒന്നുംരണ്ടും ആളുകളുടെ പ്രശ്നമല്ല, പതിനായിരക്കണക്കിന് കുടുംബങ്ങളുടെ പ്രശ്നമാണ് അവിടെ പരിഹരിക്കപ്പെടുന്നത് എന്ന് പറയുന്നത് ഏറ്റവും സന്തോഷകരമായുള്ള ഒരു കാര്യമാണ്.

അതോടൊപ്പംതന്നെ നമ്മുടെ മറ്റ് വകുപ്പുകളും. ക്ഷീരരംഗത്ത് മന്ത്രി

ശ്രീ. കെ. രാജു അവാർഡ് വാങ്ങി.  ചെറിയൊരു അവാർഡെന്നുള്ളതല്ല, പാൽ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ നമ്മൾ മിച്ച സംസ്ഥാനമായി മാറി നിന്ന ഒരു കാലഘട്ടത്തിലാണ് പ്രളയം ഉണ്ടാകുകയും പശുക്കളെ നഷ്ടമാകുകയും ചെയ്തത്. പക്ഷെ, അതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക കുറച്ച് കുറഞ്ഞുപോയി എന്നെനിക്ക് തോന്നി.  ബഡ്ജറ്റ് പ്രസംഗം വിശദമായി നോക്കിയപ്പോൾ കന്നുകുട്ടികളെ കൊടുക്കുന്നതിനുവേണ്ടിയും അതിന്റെ പരിപാലനവും തീറ്റ വിതരണവും സബ്സിഡിയുമായി ബന്ധപ്പെട്ടും കുറച്ചു തുകകൂടി അനുവദിക്കണം. ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പല യൂണിവേഴ്സിറ്റികൾക്കും പണം വകയിരുത്തിയപ്പോൾ വിട്ടുപോയ ഒരു യൂണിവേഴ്സിറ്റിയാണ് വെറ്ററിനറി യൂണിവേഴ്സിറ്റി.  അവർ ഏകദേശം പതിനേഴോളം പ്രോജക്ടുകൾ വിവിധ ഘട്ടങ്ങളിലായി അങ്ങയുടെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്.  മാതൃകാപരമായ ഒട്ടനവധി പ്രോജക്ടുകൾ അതിന്റെ ഭാഗമായി വന്നിട്ടുണ്ട്.  ദയവായി വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് അർഹതപ്പെട്ട  തുക വകയിരുത്തുന്നതിനുള്ള ശക്തമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് അങ്ങ് പ്രസിദ്ധീകരിച്ച ഗ്രീൻ ബുക്ക് ഈ ബഡ്ജറ്റിനോടൊപ്പം ലഭിച്ചുവെന്നുള്ളത് ഏറെ സന്തോഷകരമാണ്.

ജെൻഡർ ബഡ്ജറ്റിംഗിന് തുക കുറഞ്ഞുപോയോ; കുടുംബശ്രീ പദ്ധതികളുമായി മാത്രം ഒതുങ്ങിപ്പോയോയെന്ന ആശങ്കയിലാണ് ബഡ്ജറ്റിന്റെ പ്രസംഗം വായിച്ചതെങ്കിൽ ഗ്രീൻ ബുക്ക് നോക്കിയപ്പോൾ ഏകദേശം എല്ലാ ഭാഗങ്ങളിലും അതിന് ആനുപാതികമായുള്ള തുക വകയിരുത്തുന്നതിന് ഓരോ ഹെഡ്ഡിലും സെപ്പറേറ്റ് തുക മാറ്റി വച്ചിട്ടുണ്ട്. ഗ്രീൻ ബുക്ക് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി എടുത്തു. ഗ്രീൻ ബുക്കുമായി ബന്ധപ്പെട്ട നിർദ്ദേശമുണ്ട്. പക്ഷെ, അത് ഈ അവസരത്തിൽ പറയുന്നതിനുള്ള സമയക്കുറവ് ഉള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പക്ഷെ ഗ്രീൻ ബുക്കിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. അത് തയ്യാറാക്കുന്നതിന് വലിയൊരു എക്സിക്യൂട്ടീവ് ഗ്രൂപ്പിന്റെ സഹായം ഉണ്ടായിട്ടുണ്ടെന്ന് അറിയാം. അവരെ എല്ലാവരെയും ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ദീർഘവീക്ഷണത്തോടുകൂടി അങ്ങ് നാടിന് സമർപ്പിച്ചിട്ടുള്ള രേഖയാണ് ഗ്രീൻ ബുക്ക്. 28 മാസമെന്ന് ഇവിടെ പറയുന്നുണ്ട്. അങ്ങനെ 28 മാസമൊന്നുമില്ല. ഗ്രീൻ ബുക്ക് പ്രസിദ്ധീകരിച്ചാൽ അതൊരു തുടർച്ച എന്നുള്ള നിലയിൽ മാത്രമായിരിക്കും നമുക്കതിനെ കാണാൻ കഴിയുക. ജെൻഡർ ബഡ്ജറ്റിംഗിന് അങ്ങെടുത്ത താൽപ്പര്യത്തെ

പ്രത്യേകമായി ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്.

മണി ലെൻഡേഴ്സിന് ചില അനോമലികളും ആശങ്കകളുമുണ്ട്. ആക്ടുമായി കോൺഫ്ലിക്ടാകുന്ന ചില വിഷയങ്ങൾ അവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവർക്ക് ചില സന്ദേഹങ്ങളുണ്ട്. വൻകിട ബാങ്കുകളോടാണ് അവർ മത്സരിക്കേണ്ടിവരുന്നത് എന്ന് പറയുന്നത് ഒരു വലിയ പ്രശ്നമായി അവരുടെ മുമ്പിലുള്ളതുകൊണ്ട് മണി ലെൻഡേഴ്സുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് ചൂണ്ടിക്കാണിക്കുകയാണ്. ബഡ്ജറ്റുമായി ബന്ധപ്പെട്ട് അങ്ങ് പ്രയാസപ്പെടേണ്ടതില്ല. ദീർഘവീക്ഷണത്തോടുകൂടി പദ്ധതികൾ ആവിഷ്ക്കരിക്കാൻ 156 പേജുകളിലായി 309 പാരഗ്രാഫായാണ് വിവിധ കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. ഇതെല്ലാം ഒന്ന് ഒന്നിനോട് കോർത്തിണക്കിയ മുത്തുകൾപോലെ, ബഡ്ജറ്റ് ഒരു സ്വപ്നം എന്നുള്ളതിനപ്പുറം യാഥാർത്ഥ്യമാക്കുന്നതിന് അങ്ങയോടൊപ്പം ഞങ്ങളും ഉണ്ടാകും. ഞങ്ങളുടെ പരിശ്രമവും ഉണ്ടാകും. ഈ കൊച്ചു കേരളത്തിന്റെ വലിയ പിന്തുണ അങ്ങയുടെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുമെന്ന് ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, പ്രളയാനന്തര കേരള നവ നിർമ്മിതിക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് പ്രതീക്ഷിച്ചത്. ഈ ബഡ്ജറ്റിലെ പല നിർദ്ദേശങ്ങളും സ്വാഗതാർഹമായിട്ടുള്ളതാണ്. പക്ഷെ പ്രളയാനന്തര കേരളത്തിന്റെ നവ നിർമ്മിതിയിൽ വളരെയേറെ കുറവുകളുണ്ടെന്ന് പറയുവാൻ ആഗ്രഹിക്കുകയാണ്. അത് ഏറ്റവും ബാധിച്ചിട്ടുള്ളത് സംസ്ഥാനത്തെ വീട് നഷ്ടപ്പെട്ട ആളുകളെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ സമയത്ത് വീഡിയോ കോൺഫറൻസ് വഴി എല്ലാ കളക്ടർമാരോടും കാര്യങ്ങൾ പറഞ്ഞുകൊണ്ട് നന്നായി മോണിറ്റർ ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വീഡിയോ കോൺഫറൻസ് ഒരിക്കൽ ഇടുക്കി കളക്ടറേറ്റിൽനിന്നും കേൾക്കുകയുണ്ടായി. അധിവാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കണമെന്നാണ് അദ്ദേഹം വീടുകളെപ്പറ്റി പറഞ്ഞത്. എന്നിട്ട് എന്താണ് ചെയ്തത്? അങ്ങനെയെങ്കിൽ എത്ര വീടുകൾ അധിവാസയോഗ്യമല്ലാതായി തീർന്നിട്ടുണ്ടെന്ന് ഓരോ മേഖലയും

പരിശോധിച്ചാൽ അറിയാം. കുട്ടനാട്ടിൽ ഒരു മാസവും പത്ത് ദിവസവും വെള്ളം കെട്ടിനിന്ന വീടുകൾ എന്ന് നിലംപൊത്തുമെന്ന് അറിയാത്ത അവസ്ഥയിലാണ്. ആ നിലയ്ക്ക് കണക്കെടുത്തതിൽ വലിയ തെറ്റുകൾ വന്നിട്ടുണ്ട്. ആദ്യത്തെ കണക്കുപ്രകാരമാണെങ്കിൽ ഒരു ലക്ഷം വീടുകളെങ്കിലും അധിവാസയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. 1985-ൽ ഞാൻ റവന്യൂവും ഹൗസിംഗും വകുപ്പുമന്ത്രിയായിരുന്ന സമയത്ത് 1,05,000 വീടുകൾ പുനർ നിർമ്മിക്കണമെന്നായിരുന്നു ആവശ്യപ്പെട്ടത്. 1985-ൽ ഒറ്റ വർഷം കൊണ്ട് ഒരു ലക്ഷത്തിൽപ്പരം വീടുകൾ നിർമ്മിച്ചു. ആഗസ്റ്റ് 15, 16, 17 തീയതികളിലെ പ്രളയക്കെടുതിയ്ക്കുശേഷം അഞ്ചുമാസം കഴിഞ്ഞിരിക്കുന്നു. എത്ര വീടുകൾ പൂർണ്ണമായി നിർമ്മിക്കുവാൻ സാധിച്ചു? ഒരു വീടുപോലും പൂർണ്ണമായി നിർമ്മിച്ചിട്ടില്ലെന്ന് പറയുവാൻ ആഗ്രഹിക്കുകയാണ്. അതിന് കാരണം കണക്കെടുപ്പിലെ പ്രശ്നമാണ്. ആദ്യത്തെ കണക്കെടുപ്പ് കഴിഞ്ഞപ്പോൾ വീണ്ടും പല ഏജൻസികളെ പരിശോധനയ്ക്കായി ഏർപ്പെടുത്തി. ആദ്യം വില്ലേജ്

ആഫീസിൽ നിന്നും ഒരു ലിസ്റ്റ് അയച്ചു. അതിനുശേഷം മൊബൈൽ ആപ്പ് കൊണ്ടുവന്നു. എന്റെ നിയോജക മണ്ഡലത്തിലെ ഒരു പ്രദേശത്ത് ഉരുൾപൊട്ടി ഒരു വീട് നടുക്ക് നിൽക്കുകയാണ്. ആ വീട് ഡാമേജ്ഡല്ലെങ്കിലും അതിൽ കയറാൻ കഴിയില്ല. പൂർണ്ണമായും ഡാമേജ്ഡല്ല ഭാഗികമായും ഡാമേജ്ഡല്ല. പക്ഷേ ലിസ്റ്റിൽ ഉൾപ്പെടുന്നുമില്ല. ഫോട്ടോ എടുത്താൽ പണം കിട്ടുത്തുമില്ല. കാരണം വീട് നന്നായിട്ട് ഇരിക്കുകയാണ്. ഇടുക്കിയിൽ ഏതാണ്ട് ഏഴായിരത്തോളം വീടുകൾ അധിവാസയോഗ്യമല്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. കുട്ടനാട്ടിൽ വീടുകളൊന്നും ഇനി നിലനിൽക്കില്ല. അവയെല്ലാം പുനർനിർമ്മിക്കേണ്ടതായിവരും. ഇപ്പോഴും ഗവൺമെന്റ് ഓഫ് ഇന്ത്യയിൽനിന്ന് തൊണ്ണൂറ്റി അയ്യായിരം-ഒരു ലക്ഷം രൂപവരെ മാത്രമേ ലഭിക്കുകയുള്ളൂ. 1985-ൽ 'ഹഡ്കോ'-യിൽ നിന്നും വൻതോതിൽ പണമെടുത്ത് പതിനൊന്നര മാസം കൊണ്ട് സന്നദ്ധ സംഘടനകളുടെയെല്ലാം സഹായത്തോടെ ഒരു ലക്ഷം വീടുകൾ പൂർത്തിയാക്കി. പ്രളയം ഉണ്ടായ

സമയത്ത് കേരളത്തിൽ രാഷ്ട്രീയം നോക്കാതെ എല്ലാവിഭാഗം ജനങ്ങളും സഹകരിച്ചു. പിന്നെ എവിടെയാണ് കുഴപ്പമുണ്ടായത്? അങ്ങനെ മുന്നോട്ട് പോയപ്പോൾ ശബരിമലയിലെ പ്രശ്നം വന്നപ്പോൾ മുഖ്യമന്ത്രിയുടെ ശ്രദ്ധ മുഴുവനും അങ്ങോട്ടേയ്ക്കുപോയി. അന്നുമുതൽ ഈ മേഖല നിശ്ചലമാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വീടുകളുടെ കാര്യത്തിൽ ഞാൻ ഓരോ സ്ഥലത്തേയും കാര്യങ്ങൾ വെരിഫൈ ചെയ്തിട്ടാണ് പറയുന്നത്. ആദ്യത്തെ ലിസ്റ്റെല്ലാം പോയി. പതിനഞ്ച് ശതമാനം, ഇരുപത് ശതമാനം അങ്ങനെ എല്ലാം 74 ശതമാനത്തിൽ നിൽക്കുകയാണ്. 75 ശതമാനമായാൽ മുഴുവനായി കൊടുക്കേണ്ടിവരും. 74 ശതമാനത്തിൽ താഴെയായിട്ടുള്ള കണക്കെടുത്ത് വച്ചിരിക്കുകയാണ്. ഒരു ലക്ഷം വീടെങ്കിലും പൂർത്തിയാക്കേണ്ട സ്ഥാനത്ത് ആദ്യം പതിനേഴായിരം ആയി, ഇപ്പോൾ പതിമൂവായിരമായി. ഈ പതിമൂവായിരം പോലും ഒന്നാം ഗഡുവിൽ നിൽക്കുകയാണ്. ഒന്നാം ഗഡുവിനുശേഷം പണി തുടരേണ്ടതല്ലേ. ഇനി എത്ര മാസം ബാക്കിയുണ്ട്. മേയ്

പകുതിയാകുമ്പോൾ മഴക്കാലമാകും. ഈ സമയംകൊണ്ട് വീട് പൂർത്തിയാക്കാൻ കഴിയുമോ? സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗിക്കാൻ സാധിച്ചോ? അന്ന് 33,000 വീടുകൾ എൻ.എസ്.എസ്. (നാഷണൽ സർവ്വീസ് സ്കീം)-ലെ കുട്ടികളാണ് മോണിറ്റർ ചെയ്തത്. എസ്.എൻ.ഡി.പി., എൻ.എസ്.എസ്, ക്രിസ്റ്റ്യൻ മാനേജ്മെന്റ് ഇവരെയെല്ലാം അതിലുൾപ്പെടുത്തി ആവശ്യത്തിനുള്ള പണം നൽകിയപ്പോൾ അവർ വേഗം പണി പൂർത്തീകരിച്ചു. അങ്ങനെയുള്ള ഏജൻസികളെയെല്ലാം ഇപ്പോൾ ഒഴിവാക്കിയിരിക്കുകയാണ്. ഈ മഴക്കാലത്തിനുള്ളിൽ വീടുപണി തീർക്കാൻ കഴിയാതെ നെടുങ്കണ്ടത്ത് ഒരു സ്ത്രീ ആത്മഹത്യക്ക് ശ്രമിച്ചു. ആത്മഹത്യക്ക് ശ്രമിച്ചപ്പോൾ പിറ്റേ ദിവസം ഒന്നാം ഗഡു കൊടുത്തു. പരിശോധനകൾ തുടരുകയാണ്. മൊബൈൽ ആപ്പ്, എഞ്ചിനീയേഴ്സ്, മാദ്ധ്യമ കോ-ഓർഡിനേഷൻ എല്ലാം കുറച്ചു. പരിശോധിച്ചുകൊണ്ടിരിക്കുകയാണ് എന്ന മറുപടിയാണ് നിയമസഭയിൽ കിട്ടിയിരിക്കുന്നത്. ലിസ്റ്റ് ഫൈനലൈസ് ചെയ്യാതെ എങ്ങനെ പണം

കൊടുക്കുവാൻ കഴിയും? ഞാൻ ഇപ്പോഴും പറയുന്ന ഹഡ്കോയിൽനിന്നും ആവശ്യപ്പെട്ടാൽ പണം ലഭിക്കും. അന്ന് ഹഡ്കോയിൽനിന്നും വൻതോതിൽ പണം കടമെടുത്തിട്ടാണ് ചെയ്തത്. നാല് ലക്ഷം രൂപ വച്ച് ഒരു ലക്ഷം വീടുകൾ പൂർത്തിയാക്കണമെങ്കിൽ എത്ര കോടി രൂപ ആവശ്യമായി വരും? അതിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ തരുന്ന തൊണ്ണൂറ്റിയഞ്ച് ലക്ഷമുണ്ട്. ഈ പാർഷ്യാലിറ്റി കൊണ്ട് കളഞ്ഞത് അങ്ങേയറ്റത്തെ തെറ്റായിപ്പോയി. അന്നും ഈ ശ്രമം നടത്തിയതാണ്. അധിവാസയോഗ്യമല്ലാത്ത വീടുകളെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശത്തെ അവഗണിച്ചുകൊണ്ട് ഉദ്യോഗസ്ഥർ ലിസ്റ്റ് തയ്യാറാക്കി ഒരു ലക്ഷമെന്നത് പതിമൂവായിരമായി മാറിയിരിക്കുകയാണ്. അടുത്ത മഴക്കാലം തുടങ്ങുമ്പോൾ ഈ ആളുകളുടെ അവസ്ഥ എന്തായിരിക്കും? ഇടുക്കി ജില്ലയിൽ സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ? സ്ഥലം നഷ്ടപ്പെട്ട ആളുകൾക്ക് സ്ഥലം കണ്ട് പിടിക്കാൻ സാധിച്ചിട്ടുണ്ടോ? സ്ഥലം ലൊക്കേറ്റ് ചെയ്യാതെ എങ്ങനെ വീട് പണിയുവാൻ സാധിക്കും? സ്വന്തക്കാരുടെ വീടുകളിൽ

താമസിച്ചുകൊണ്ട് അവർ കരയുകയാണ്. മൂന്നുനാല് മാസത്തേയ്ക്ക് താമസിക്കാനാണ് സൗകര്യം കൊടുത്തത്. അതിനിടയിൽ വീടുകളുടെ പണി തീരാൻ പോകുന്നില്ല. ഇത് അങ്ങേയറ്റത്തെ കൃത്യവിലോപമാണ്. കണക്കെടുക്കുമ്പോൾ മൊബൈൽ ആപ്പ് വഴി പടമെടുത്താൽ വീടിന് കുഴപ്പമില്ല എന്നാണ് കാണുന്നത്. കുന്നിന്റെ മുകളിൽ ഒരു വീട് നിൽപ്പുണ്ട്. ആ വീട്ടിൽ കയറണമെങ്കിൽ കോണി വച്ച് കയറണം. അത് ഡാമേജ്ഡ് ഹൗസല്ല. വീടിന്റെ പടം ഫോട്ടോയിലൂടെ കാണുമ്പോൾ ഒരു കുഴപ്പവുമില്ല. വില്ലേജ് ആഫീസർമാർ ആദ്യമെടുത്ത കണക്കായിരുന്നു ശരി. ആ കണക്കനുസരിച്ച് ഒരു ലക്ഷം വീടുകളുണ്ടായിരുന്നു. ഒരു ലക്ഷം വീടുകൾ നിർമ്മിക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകണമെന്നുമാത്രമേ ഇപ്പോൾ ഇതിനെ സംബന്ധിച്ച് പറയുന്നുള്ളൂ. മഴക്കാലമായാൽ അവർക്ക് വീട് വിട്ടിറങ്ങേണ്ടതായിവരും. ഒരു വീടെങ്കിലും പൂർണ്ണമായി ഗവൺമെന്റിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ? ഒന്നോ രണ്ടോ ഗഡു കൊടുത്തെന്നുപറഞ്ഞാൽ വീടുകളുടെ

പണി പൂർത്തിയാക്കാൻ കഴിയില്ല. ഒരു വീടുപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏതെങ്കിലും വോളന്റിയർ ഏജൻസികൾ പണിത് കൊടുത്തിട്ടുണ്ടെങ്കിൽ മാത്രമേയുള്ളൂ. അതുകൊണ്ട് ഈ പുനരധിവാസം, റീ ബിൾഡിംഗ് കേരള എന്നത് വീടുകളുടെ കാര്യത്തിൽ അങ്ങേയറ്റത്തെ വീഴ്ച വരുത്തിയിരിക്കുന്നു.

മറ്റൊന്ന് നോംസുമായി ബന്ധപ്പെട്ടാണ്. മുപ്പതിനായിരം കിലോമീറ്റർ റോഡ് നിർമ്മിക്കുവാൻ നോംസ് അനുസരിച്ച് ഒരു ലക്ഷവും അറുപതിനായിരവുമൊക്കെയാണ്. എങ്കിലും നമ്മൾ എത്ര തുകയാണ് റോഡുകൾക്ക് വേണ്ടി ആവശ്യപ്പെട്ടത്. മൂവായിരം കോടി രൂപയെങ്കിലും ആവശ്യപ്പെടേണ്ടതായിരുന്നു. അങ്ങനെ ചെയ്തില്ല. 5700 കോടി രൂപയാണ് ആദ്യത്തെ മെമ്മോറാണ്ടമായി കൊടുത്തത്. അഡീഷണൽ മെമ്മോറാണ്ടം കൊടുക്കാൻ ആവശ്യപ്പെട്ടിട്ട് കൊടുത്തില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യക്ക് പറഞ്ഞു നിൽക്കാൻ കഴിയും, കാരണം 5700 കോടി രൂപ ചോദിച്ചതിൽ 3000 കോടി

രൂപ അനുവദിച്ചിരിക്കുന്നു. അൻപത് ശതമാനം തന്നു. എന്തുകൊണ്ട് ആവശ്യപ്പെട്ടില്ല? ഈ നോംസെല്ലാം വച്ച് പരിശോധിച്ചാൽ നമുക്ക് ചോദിക്കാമായിരുന്നു. ചോദിച്ചിട്ട് കിട്ടിയില്ലെങ്കിൽ അത് വേറെ കാര്യം. ഇടുക്കി ജില്ലയിലെ റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ എത്ര തുക വേണ്ടിവരും എന്നതുസംബന്ധിച്ച് എസ്റ്റിമേറ്റുണ്ടാക്കാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയും ഞങ്ങളും അവിടത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടു. 3,000 കോടി രൂപയെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. 3,000 കോടി രൂപയിൽ ഇപ്പോൾ 1,000 കോടി രൂപ വച്ച് ഓർഡർ ഇറക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് എനിക്ക് പറയുവാനുള്ളത്, ഇപ്പോൾ അഞ്ച് മാസം കഴിഞ്ഞിട്ടും എ.എസ്. കൊടുത്തിട്ടില്ല. ഇത് ഇടുക്കി ജില്ലയിലെ റോഡുകളുടെ സ്ഥിതി മാത്രമല്ല. എ.എസ്. കൊടുത്തതിനുശേഷം ടി.എസ്. കൊടുക്കണം. പണി ചെയ്യേണ്ട സമയമായിരുന്ന ഈ വേനൽക്കാലം മുഴുവൻ കളഞ്ഞു. കുളമാവ് മുതൽ ഇടുക്കി വരെയുള്ള ഭാഗത്ത് 150 സ്ഥലങ്ങളിൽ മണ്ണിടിച്ചിൽ നടന്നിട്ടുണ്ട്. അവിടെ കെട്ടിയെടുക്കേണ്ടേ. മുകളിലൂടെ മണ്ണിട്ട് വൺവേ

ട്രാഫിക്കുണ്ട്. അതെല്ലാം കെട്ടിയെടുക്കാൻ സമയം വേണ്ടേ; ഈ മാസം മുഴുവൻ കളഞ്ഞു. ഇവിടെ കുറച്ചു സ്ഥലത്ത് എ.എസ്. കൊടുത്തു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് പറയുവാനുള്ളത്, അതിന് ടി.എസ്. കൊടുക്കണം. എ.എസ്.ഉം ടി.എസ്.ഉം നൽകി ടെണ്ടർ ചെയ്ത് പണി തുടങ്ങേണ്ട സമയമാണ്. ഒരിടത്തും പണികൾ ആരംഭിച്ചിട്ടില്ല. ടി.എസ്. കൊടുത്തിട്ടില്ല. 30 കോടി രൂപ തൊടുപുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ട് ഇതുവരെ എ.എസ്. കൊടുത്തിട്ടില്ല. എ.എസ്.ഉം ഇല്ല, ടി.എസ്.ഉം ഇല്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പക്ഷത്ത് 6,000 കോടി രൂപയുണ്ട്. 1,700 കോടി രൂപയേ കൊടുത്തിട്ടുള്ളൂ. ബാക്കി ഏതാണ്ട് 4,800 കോടി രൂപ ഇപ്പോഴും കയ്യിലുണ്ട്. ഇത് കയ്യിൽ വച്ചുകൊണ്ടാണ് ഈ വീടുകളൊന്നും തീർക്കാതിരിക്കുന്നതും ഫണ്ട് കൊടുക്കാതിരിക്കുന്നതും. വീടുകളുടെ കാര്യത്തിൽ പരിശോധനയാണ്. പശുക്കൾ കൊല്ലപ്പെട്ടവർക്ക് 30,000/- രൂപ വീതം മൂന്ന് പശുക്കൾക്ക് കൊടുക്കാം എന്നാണ്. 15 ലിറ്റർ പാലുള്ള പശുവിന് ഏതാണ്ട് 75,000/- രൂപ നൽകണം. ഇവിടെ 30,000/- രൂപയായി ലിമിറ്റ് ചെയ്തിരിക്കുന്നു. 10 പശുക്കളെവരെ വാങ്ങാൻ ലോൺ നൽകുന്നുണ്ട്. അഞ്ചും

പത്തും പശുക്കളെ വാങ്ങിയ പാവപ്പെട്ട ആളുകളുണ്ട്. മൂന്ന് പശുക്കളിൽ കൂടുതൽ കൊടുക്കാൻ പാടില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യ സാങ്ഷൻ ചെയ്ത 42 കോടി രൂപയിൽ 17 കോടി രൂപ ഇപ്പോൾ തിരിച്ചുകൊടുക്കേണ്ടി വന്നിരിക്കുകയാണ്. അനിമൽ ഹസ്ബന്ററി രംഗത്ത് വലിയ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇരുപത്തിഅയ്യായിരവും അൻപതിനായിരവും കോഴികൾ വരെ നഷ്ടപ്പെട്ടവർക്ക് 5,000/- രൂപയിൽ കൂടുതൽ കൊടുക്കാൻ പാടില്ല എന്നാണ്. ഇങ്ങനെ ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് നോംസ് ഉള്ളപ്പോൾത്തന്നെ അഡീഷണൽ മെമ്മോറാണ്ടം കൊടുക്കാം. കേരളത്തിന്റെ പ്രത്യേക പരിതസ്ഥിതിയിൽ അനുവദിക്കണമെന്ന് പറഞ്ഞുകൊണ്ട് 1985-ൽ മൂന്ന് അഡീഷണൽ മെമ്മോറാണ്ടം കൊടുത്തിരുന്നു. അത് സാങ്ഷൻ ചെയ്തു. ഇപ്പോൾ അങ്ങനെ അഡീഷണൽ മെമ്മോറാണ്ടം കൊടുത്തോ? ഈ പ്രത്യേക പരിതസ്ഥിതിയിൽ കേരളത്തിൽ മൂന്ന് പശുക്കൾക്കല്ല, 10 പശുക്കൾക്ക് വരെ ലോണുള്ള പാവപ്പെട്ടവരുണ്ട്. കൊടുക്കാൻ ആവശ്യപ്പെടാൻ പാടില്ലേ. ആവശ്യപ്പെട്ടില്ല എന്നുള്ളതാണ് വസ്തുത. ഗവൺമെന്റ് ഓഫ് ഇന്ത്യ പറയുന്നത് അക്ഷരാർത്ഥത്തിൽ പാലിക്കുക എന്ന അനുസരണയുള്ള ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിൽ ഗംഭീരമായി

പരാജയപ്പെട്ടിരിക്കുന്നു.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. പി. ജെ. ജോസഫ്: സർ, അങ്ങ് തോട്ടപ്പള്ളി സ്പിൽവേയെക്കുറിച്ച് പറഞ്ഞു. പമ്പ, അച്ചൻകോവിൽ ആറുകളിലെ വെള്ളം മുഴുവൻ പോകേണ്ടത് തോട്ടപ്പള്ളി സ്പിൽവേയിലൂടെയാണ്. എന്താണ് അവിടത്തെ സ്ഥിതി; തോട്ടപ്പള്ളി സ്പിൽവേയ്ക്ക് 365 മീറ്റർ വീതിയുണ്ട്. എന്നാൽ വിയ്യപുരത്തെ വീതി 80 മീറ്ററാണ്. അതിലൂടെ വെള്ളം പോകുമോ; അടഞ്ഞു കിടക്കുകയാണ്. 300 മീറ്ററെങ്കിലും അവിടെ അഡീഷണലായി എടുത്ത് വെള്ളം ഒഴുക്കുവാൻ ഏതാണ്ട് 750 കോടി രൂപ വേണം. അങ്ങിവിടെ ഏതാണ്ട് 60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അത് നടക്കില്ല. അതില്ലെങ്കിൽ വീണ്ടും കുട്ടനാട്ടിൽ വെള്ളപ്പൊക്കമാണ്. പമ്പ, അച്ചൻകോവിൽ നദികളിലെ വെള്ളം മുഴുവൻ തോട്ടപ്പള്ളി സ്പിൽവേയിൽ വരേണ്ടതാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ അവസാനിപ്പിക്കാം. അതിന്റെ അഴിമുഖം തുറക്കുന്നിടത്ത് മണ്ണ് വന്നടിഞ്ഞ സ്ഥലത്ത് സോഷ്യൽ ഫോറസ്ട്രിക്കാർ മരം വച്ച് പിടിപ്പിച്ചിരിക്കുകയാണ്. അതിനാൽ വെള്ളം

അങ്ങോട്ട് ഒഴുകില്ല. കൃത്രിമമായി ഉണ്ടാക്കിയ വെള്ളപ്പൊക്കമാണ്. തോട്ടപ്പള്ളി സ്പിൽവേ വഴി വെള്ളമൊഴുകാൻ കഴിയാത്ത സ്ഥിതിയുണ്ടായി. 300 മീറ്റർ വീതി വേണ്ട സ്ഥലത്ത് പകുതിയോളം സോഷ്യൽ ഫോറസ്ട്രിക്കാർ മരം വച്ചിരിക്കുകയാണ്. ഐ.ആർ.ഇ. ലിമിറ്റഡ് ആ മണൽ മുഴുവൻ വാങ്ങാൻ സമ്മതിച്ചതാണ്. ഗവൺമെന്റിന് പണവും ലഭിക്കും. അങ്ങനെ വാങ്ങി അവിടെ തുറന്നിട്ടാൽ അടുത്ത വർഷത്തേയ്ക്ക് വെള്ളപ്പൊക്കം ഉണ്ടാകാതിരിക്കും.

സെപ്റ്റേജിനെ കുറിച്ച് അങ്ങ് പറഞ്ഞത് സ്വാഗതാർഹമാണ്. ഈ നാട്ടിലെ മലിന്യ സംസ്കരണത്തെക്കുറിച്ച് പറയുകയാണെങ്കിൽ എറണാകുളത്തുമാത്രം ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുണ്ട്. അതുകൊണ്ട് വല്ലതുമായോ; നൂറുകണക്കിന് വാഹനങ്ങൾ കക്കൂസ് മാലിന്യങ്ങളുമായി പോയി പെരിയാറിലേയ്ക്ക് തട്ടുകയാണ്. ആ കുടിവെള്ളമാണ് നമ്മൾ കുടിക്കുന്നത്. കേരളം മുഴുവൻ അടിയന്തരമായി നടപ്പാക്കേണ്ട ഈ മാലിന്യ സംസ്കരണത്തെ കുറിച്ച് ആലോചിക്കുമ്പോൾ സെപ്റ്റേജ് ട്രീറ്റ്മെന്റ് അടിയന്തരമായി നടപ്പാക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ജെ. ജോസഫ്: സർ, പല നല്ല കാര്യങ്ങളുമുണ്ട്. അതിനെ ഞാൻ

സ്വാഗതം ചെയ്യുന്നു. മുംബൈ-കന്യാകുമാരി ഹൈസ്പീഡ് റെയിൽ കോറിഡോറിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി കൊല്ലത്തുവന്ന് അനൗൺസ് ചെയ്തു. ഞാൻ ഒരു മെമ്മോറാണ്ടംകൂടി കേന്ദ്രത്തിലേയ്ക്ക് കൊടുത്തതാണ്. അലഹബാദ്-മുംബൈ-അഹമ്മദാബാദ് 500 കിലോമീറ്റർ ചെയ്യുകയാണ്. അതിന് എത്രയാണ് ചെലവ്. ഹൈസ്പീഡിന് ഒരു കിലോമീറ്ററിന് 200 കോടി രൂപ ചെലവാകും. നമ്മുടെ സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് സാധിക്കുമോ? അങ്ങ് ആ ഖണ്ഡിക മാറ്റിവച്ചിട്ട് ഗവൺമെന്റ് ഓഫ് ഇന്ത്യയോട് ഹൈസ്പീഡ് റെയിൽ കോറിഡോർ സംബന്ധിച്ച് ശക്തമായി ആവശ്യപ്പെടണം. ഇവിടെ ഈ പ്രൊവിഷൻ ആവശ്യമില്ല. ബഹുമാനപ്പെട്ട പ്രധാനമന്ത്രി അനൗൺസ് ചെയ്ത കാര്യത്തെ നമ്മൾ സ്വാഗതം ചെയ്യണം. ഹൈസ്പീഡ് റെയിൽ കോറിഡോർ കേരളത്തിന് ലഭിക്കുന്ന ഏറ്റവും വലിയ സംഭാവനയായിരിക്കും. സംസ്ഥാന ഗവൺമെന്റിന് ഒരു കാരണവശാലും അത് ഏറ്റെടുക്കാൻ കഴിയുന്ന കാര്യമല്ല. ഒരു കിലോമീറ്ററിന് 200 കോടി രൂപയാണ് ചെലവ്. അവർ ജാപ്പനീസ് ഗവൺമെന്റിന്റെ സഹായത്തോടുകൂടിയാണ് ചെയ്തിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് വിചാരിച്ചാൽ എഗ്രിമെന്റ് ഉണ്ടാക്കാൻ സാധിക്കുമോ; അതുകൊണ്ട്

ഹൈസ്പീഡ് റെയിൽ കോറിഡോർ നമുക്ക് വേണം. അക്കാര്യം ഗവൺമെന്റ് ഓഫ് ഇന്ത്യ അടിയന്തരമായി നടപ്പാക്കണം എന്നുള്ള ആവശ്യം ഉന്നയിക്കണം.

ഇതിലെ നല്ല കാര്യങ്ങളോട് ഞാൻ യോജിക്കുന്നു. കുറവുകൾ നികത്തി ഇതൊരു ഡിസാസ്റ്റർ മാനേജ്മെന്റ് അല്ലെങ്കിൽ റീബിൽഡ് കേരള എന്നുള്ള കാര്യത്തിൽ, വീടുകളുടെ കാര്യത്തിൽ, അടിയന്തരമായി യുദ്ധകാലാടിസ്ഥാനത്തിൽ ഇടപെട്ട് മഴക്കാലത്തിന് മുൻപ് വീടുകളുടെ നിർമ്മാണം പൂർത്തിയാക്കണം എന്നുള്ള കാര്യം ഒരിക്കൽക്കൂടി ഉന്നയിക്കുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, കേരളത്തിന്റെ സമഗ്രമായ വികസനത്തിന് ഉതകുന്ന ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. പ്രളയാനന്തര പ്രതിസന്ധികളെ പ്രതിരോധിക്കാനും നവകേരള നിർമ്മിതിക്ക് ഉതകുന്ന സമഗ്രമായ കർമ്മ പദ്ധതികൾ ആവിഷ്കരിക്കാനും ലക്ഷ്യം വയ്ക്കുന്ന ഈ ബഡ്ജറ്റ് അങ്ങേയറ്റം അഭിനന്ദനാർഹമാണ്.

ബഡ്ജറ്റിന്റെ ഉള്ളടക്കത്തെയും പ്രതിപക്ഷത്തിന്റെ വിമർശനത്തെയും കുറിച്ചൊക്കെ പരാമർശിക്കുന്നതിന് മുൻപായി ഒന്നുരണ്ട് നിർദ്ദേശങ്ങൾ പറയാം. ഒന്ന്, സർവ്വീസ് ടാക്സ് സംബന്ധിച്ചാണ്. 01-03-2015 മുതൽ ഗവൺമെന്റ് ബിൽഡിംഗ് വർക്കുകൾക്ക് കേന്ദ്ര ഗവൺമെന്റ് സർവ്വീസ് ടാക്സ്

പ്രാബല്യത്തിലാക്കി. എന്നാൽ സ്റ്റേറ്റ് ഗവൺമെന്റ് 26-02-2016-ലാണ് സർവ്വീസ് ടാക്സ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത്. അതിനാൽ 01-03-2015 മുതൽ 25-02-2016 വരെ ടെണ്ടർ ചെയ്തിട്ടുള്ള വർക്കുകളുടെ സർവ്വീസ് ടാക്സ് സംബന്ധിച്ച് ഒരു പരിശോധന നടത്തി കരാറുകാർക്ക് അത് നിമിത്തമുണ്ടാകുന്ന അധിക ബാധ്യത ഒഴിവാക്കാൻ ആവശ്യമായ നിർദ്ദേശം ഉണ്ടാകണം എന്നുള്ളതാണ് പൊതുവിൽ വന്നിട്ടുള്ളൊരു നിർദ്ദേശം.

രണ്ടാമതായി പറയുവാനുള്ളത് എ.ഡി.എഫ്.ഉം ആയി ബന്ധപ്പെട്ടുള്ളതാണ്. എ.ഡി.എഫ്.ൽ ഇപ്പോൾ മൂന്നും നാലും തവണ ടെണ്ടർ ചെയ്തിട്ടും ടെണ്ടറെടുക്കാൻ കരാറുകാർ വരാത്ത കുറേ പദ്ധതികളുണ്ട്. വിവിധ വർഷങ്ങളായി കിടക്കുന്നതാണ്. അത് ലോക്കൽ മാർക്കറ്റിംഗ് റേറ്റുമായി (LMR) ബന്ധപ്പെട്ട് കരാറുകാർ എടുക്കാൻ തയ്യാറാകാത്തതാണ്. പലതിന്റെയും വില നിശ്ചയിക്കുന്നത് പ്രായോഗികതയുടെ അടിസ്ഥാനത്തിലല്ല. അതുകൊണ്ടുതന്നെ പല വർക്കുകളും ടെണ്ടർ ചെയ്തിട്ട് പോകാതെ കിടക്കുന്നതായി കാണുന്നു. അത്തരം വർക്കുകളുടെ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകണം. അല്ലെങ്കിൽ ആ ഫണ്ട് ലാപ്സായിപ്പോകും. അതുകൊണ്ട് മൂന്നോ നാലോ തവണ ടെണ്ടർ ചെയ്തിട്ടും എടുക്കാത്ത വർക്കുകൾക്ക് പകരം പദ്ധതികൾ

നിർദ്ദേശിക്കാനുള്ള അനുവാദം നൽകണം.

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പദ്ധതികളുടെ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് സോഷ്യൽ ഇംപാക്ട് സ്റ്റഡി, എൺവയോൺമെന്റൽ ഇംപാക്ട് സ്റ്റഡി തുടങ്ങിയ കാര്യങ്ങളൊക്കെയുണ്ട്. അതിനൊക്കെ അഞ്ചോ ആറോ ലക്ഷം രൂപയുടെ ചെലവേ വരുന്നുള്ളൂ. പക്ഷേ അതിന്റെ എ.എസ്. കിട്ടുന്നതിനുവേണ്ടിയുള്ള ഫയൽ ഫിനാൻസിൽ വന്ന് രണ്ടുമൂന്ന് മാസം കറങ്ങുകയാണ്. ടി.എസ്.നൽകുന്ന വകുപ്പുതന്നെ അതിനുള്ള അനുവാദം കൊടുത്താൽ നന്നായിരിക്കും. ബഡ്ജറ്റിൽ വകയിരുത്തിയ പണമാണ്. അഞ്ചോ ആറോ ലക്ഷം രൂപയ്ക്കുവേണ്ടി മാസങ്ങളോളം ഇവിടെ കിടന്ന് കറങ്ങുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയണം എന്നുള്ളതാണ്.

മറ്റൊരു ആവശ്യം എന്റെ മണ്ഡലവുമായി ബന്ധപ്പെട്ടുള്ളതാണ്. സംസ്കൃത സർവ്വകലാശാലയ്ക്ക് ഒരു കെട്ടിടം എന്നുള്ളത് 13 വർഷമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ്. ഇത്തവണയും ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്നു. 15 കോടി രൂപയുണ്ടെങ്കിൽ അവിടെ നല്ലൊരു കെട്ടിടം നിർമ്മിക്കാൻ സാധിക്കും. ഒരുപാട് കോഴ്സുകളുള്ള സ്ഥാപനമാണ്. അതിനാവശ്യമായ സഹായം ചെയ്തുതരണം എന്നുള്ളതാണ്. അടയ്ക്കാ കർഷകരുടെയും മറ്റും

കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുള്ളതിനാൽ ഞാനത് ആവർത്തിക്കുന്നില്ല.

ശ്രീ. കെ. സി. ജോസഫും ശ്രീ. മഞ്ഞളാംകുഴി അലിയും പറഞ്ഞ കാര്യങ്ങളിലേയ്ക്ക് വരാം. ശ്രീ. മഞ്ഞളാംകുഴി അലി ഒരു ശാപവചനമൊക്കെ ചൊരിഞ്ഞിട്ടാണ് പോയത്. 2006-ൽ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ ഗവൺമെന്റിനെക്കുറിച്ചും ഇനി ഈ ഗവൺമെന്റ് ഒരിക്കലും വരില്ലെന്നുമുള്ള ശാപവചനം ചൊരിഞ്ഞിട്ടാണ് അദ്ദേഹം പോയത്. എന്തായാലും അദ്ദേഹം എപ്പോൾ ശപിച്ചോ അപ്പോഴെല്ലാം വർദ്ധിത വീര്യത്തോടുകൂടി എൽ.ഡി.എഫ്. അധികാരത്തിൽ വരുന്ന കാഴ്ചയാണ് കാണുന്നത്. ഈ ഗവൺമെന്റ് 100 ദിവസംകൊണ്ട് ആളുകളെ പിണക്കി, ആളുകളെയെല്ലാം ശത്രുക്കളാക്കി എന്നൊക്കെയുള്ള പ്രസംഗം കേട്ടപ്പോൾ അദ്ദേഹം ഇവിടെയല്ലേ ജീവിക്കുന്നത് എന്നാണ് എനിക്ക് സംശയം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും ഒടുവിൽ നടന്നതാണ് ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ്. ഞങ്ങൾ പത്തിരുപത്തിയഞ്ച് വർഷക്കാലമായി തോറ്റുകൊണ്ടിരുന്ന അവിടെ സഖാവ് രാമചന്ദ്രൻ നായർ ജയിച്ചു. എന്നാൽ അദ്ദേഹം മരിച്ചു. അദ്ദേഹം 7,000 വോട്ടിന് ജയിച്ച ആ സ്ഥലത്താണ് ഇപ്പോൾ 21,000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ചത്. അങ്ങ് ഇതൊന്നും കാണുന്നില്ലേ; അങ്ങയുടെ കാഴ്ച

മങ്ങിപ്പോയോ എന്നുള്ളതാണ് എന്റെ സംശയം. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ശബരിമല വിഷയം കത്തിക്കാളിച്ച് നിങ്ങൾ തീ പിടിപ്പിച്ച നിർത്തിയിരിക്കുന്ന സമയത്തല്ലേ ഇവിടെ ത്രിതല പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പുകൾ നടന്നത്. ഒരു അസംബ്ലി മണ്ഡലത്തിന്റെ ഏതാണ്ട് നല്ലൊരു ഭാഗം വരുന്നതാണ് ജില്ലാ പഞ്ചായത്ത്. ആ ജില്ലാ പഞ്ചായത്ത് ഡിവിഷനിലേക്കടക്കം ഉപതെരഞ്ഞെടുപ്പ് നടന്നില്ലേ; നിങ്ങളുടെ കൈവശമിരിക്കുന്ന സീറ്റുകളല്ലേ ഞങ്ങൾ പിടിച്ചെടുത്ത് ഗംഭീരമായി ജയിച്ചത്? ഇതെല്ലാം കാണാതെ ചുമ്മാ അങ്ങ് ശാപവചനങ്ങൾ ചൊരിഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ, ഇതെല്ലാം നമ്മൾ ഗംഭീരമായി വിജയിച്ചുകൊണ്ടിരിക്കുകയല്ലേ. ശ്രീ. കെ.സി. ജോസഫിന്റെ പ്രസംഗം കേട്ടപ്പോൾ ഇതൊന്നും നടപ്പിലാക്കാൻ..., 21-04-2016-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3175, ശ്രീ. കെ. കെ. ജയചന്ദ്രൻ അന്ന് ഉണ്ടായിരുന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയോട് ചോദിച്ചതാണ്, 'ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തേയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും എന്നാൽ നടപ്പിലാക്കാൻ കഴിയാതെ പോയതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?' എന്നതാണ് ചോദ്യം. ആ

ചോദ്യത്തിന് മറുപടി, 'ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ബഡ്ജറ്റുകളിൽ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്, അവയിൽ ഒട്ടു മിക്ക സുപ്രധാന പദ്ധതികളും ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്' എന്നുപറഞ്ഞിട്ട് 'ഭരണാനുമതി, സാങ്കേതികാനുമതി, പാരിസ്ഥിതികാനുമതി, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കാരണങ്ങളാൽ ചില പദ്ധതികൾ ഇതുവരേയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.' എന്നുപറഞ്ഞ്, 101 പദ്ധതികളാണ് നടപ്പിലാക്കാതെ പോയത്. അത് വായിക്കണമെങ്കിൽ തന്നെ 25 മിനിറ്റ് സമയമെടുക്കും. പറച്ചിൽ കേട്ടാൽ തോന്നും ഞങ്ങൾ ഇതൊക്കെ  ഗംഭീരമായി, അടിപൊളിയാക്കി നടത്തുന്ന പാർട്ടിയാണെന്ന്. എന്റെ അടുത്തിരിക്കുന്ന ശ്രീ. എസ്. രാജേന്ദ്രൻ 16-02-2016-ൽ ചോദിച്ച 1833-ാമത്തെ ചോദ്യം, '2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഏതെല്ലാം ഹെഡ്ഡുകളിലായി വകയിരുത്തിയ വിഹിതമാണ് 100 ശതമാനം ചെലവഴിക്കപ്പെടാതെ ഇപ്പോൾ ബാക്കി നിൽക്കുന്നതെന്ന് വെളിപ്പെടുത്താമോ?' അത് വായിക്കണമെങ്കിൽ അരമണിക്കൂർ സമയം വേണം. ഇത് കേട്ടാൽ തോന്നും ഞങ്ങൾ ഇതെല്ലാം വളരെ പെർഫെക്ടായി ചെയ്തതാണ്, നിങ്ങൾ വന്ന് ആകെ കുളമാക്കി എന്നുള്ളതാണ്.  നമുക്ക് ഇപ്പോഴുള്ള പ്രശ്നങ്ങൾ

നേരത്തെയുള്ളതുപോലെ തന്നെയാണ്. ചില കാര്യങ്ങളിൽ - ചില ഭൂമി ഏറ്റെടുക്കൽ, പാരിസ്ഥിതികാനുമതി ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ വൈകുന്നുണ്ട്, പക്ഷെ മുൻകാലങ്ങളെ അപേക്ഷിച്ച് ഏറ്റവും മെച്ചപ്പെട്ട നിലയിൽ നടക്കുന്നുവെന്നുള്ളതാണ് സത്യം. അതിന്റെ പ്രതിഫലനം നാട്ടിലാകെ കാണാൻ കഴിയുന്നുമുണ്ട്. പൊതുമരാമത്ത് വകുപ്പിലായാലും മറ്റു വകുപ്പുകളിലായാലും അത് പ്രതിഫലിക്കുന്നുമുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലിയോട് ഒരു ചോദ്യം ചോദിക്കാൻ വിട്ടുപോയി, ഒരു ലക്ഷം രൂപ, മൃതശരീരം ഗൾഫിൽനിന്ന് കൊണ്ടുവരുന്നതിനെ അതിനിശിതമായി വിമർശിക്കുന്നത് കേട്ടു, ഇതുതന്നെയാണോ ലീഗിലെ മറ്റ് അംഗങ്ങൾക്കുമുള്ള അഭിപ്രായം; കഷ്ടമാണ് കേട്ടോ, അതിനെ അങ്ങ് എന്തിനാണ് എതിർക്കുന്നത്? മൃതദേഹം കൊണ്ടുവരുന്നതിന് ഇൻഷ്വറൻസ് കമ്പനികൾ കൊടുത്തുകൊള്ളും എന്നൊക്കെ പറഞ്ഞ് അങ്ങ് നല്ലകാര്യങ്ങളെ എതിർക്കരുത്, അങ്ങ് ഒരു ദോഷൈകദൃക്കായി മാറിപ്പോകുന്നുവെന്നുള്ളതാണ് എനിക്കുള്ള ദുഃഖം. പ്രവാസികളുടെ മൃതദേഹം ഇവിടെ എത്തിക്കാൻപോലും അങ്ങ് തയ്യാറാകുന്നില്ലെന്ന് പറഞ്ഞാൽ വലിയ കഷ്ടമാണ്.

പ്രളയത്തെക്കുറിച്ച് ഞാൻ പറയുന്നില്ല, കാരണം പ്രളയം വന്നയുടനെ

നമ്മുടെ പ്രതിപക്ഷ നേതാവ്, നാടോടിക്കാറ്റ് സിനിമയിൽ തിലകൻ (അനന്തൻ നമ്പ്യാർ) പറഞ്ഞതുപോലെ എല്ലാം സൈന്യത്തെ ഏൽപ്പിച്ചിട്ട്, എസ്കേപ്പ്....എസ്കേപ്പ്.... എന്നു പറഞ്ഞതുപോലെയാണ്. ഏതായാലും ഞാൻ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. പ്രളയത്തെ നമ്മൾ ശക്തമായി, ധൈര്യമായി നേരിട്ട് അതിനെയെല്ലാം അതിജീവിച്ചു. ഇപ്പോൾ പ്രളയത്തെക്കുറിച്ച് പറയാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല.

ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ് കിഫ്ബിയെക്കുറിച്ച് എന്താണ് പറഞ്ഞത്, budget minus KIIFB is equal to big zero എന്നാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞത്. കിഫ്ബിയെക്കുറിച്ച് ഇവിടെ എന്തെല്ലാമായിരുന്നു ഉപമ? കിഫ്ബിയെക്കുറിച്ച് ഇവർ എന്തെല്ലാം ആക്ഷേപങ്ങൾ പറഞ്ഞുകൊണ്ടിരുന്നതാണ്. കിഫ്ബിയെക്കുറിച്ചുള്ള വിമർശനം ഉന്നയിക്കാൻ ഈ സഭയുടെ ഏതാണ്ട് നല്ലൊരു സമയം അപഹരിച്ചതാണ്. അതിനകത്ത് ഉപമയും ഉൽപ്രേക്ഷയും ചമയങ്ങളും അലങ്കാരങ്ങളും ആക്ഷേപങ്ങളുമെല്ലാംകൂടി പൊതിഞ്ഞുപറഞ്ഞു. അവസാനം കഴിഞ്ഞ അസംബ്ലി സമയത്ത് ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു, കിഫ്ബി ഞങ്ങളുടേതല്ലേ; ഞങ്ങൾ കൊണ്ടുവന്നതല്ലേ, അത് ഡോ. ടി. എം. തോമസ്

ഐസക് എടുത്തു നടപ്പിലാക്കിയതല്ലേ? ഞങ്ങളാണ് അത് കൊണ്ടുവന്നതെന്ന്. അതോടുകൂടി അത്രയും സമയംപാഴാക്കിയ ആളുകൾ വാസ്തവത്തിൽ പിന്നെയൊരക്ഷരം മിണ്ടിയിട്ടില്ല, ഇപ്പോഴും ശ്രീ. കെ. സി. ജോസഫ് കിഫ്ബിയും പിടിച്ച നടക്കുകയാണ്. മറ്റെന്തെല്ലാം കാര്യങ്ങളുണ്ട് നമ്മുടെ നാട്ടിൽ. ഏറ്റവും കൂടുതൽ തുക മേടിച്ചെടുത്തവരാണ് ഏറ്റവും കൂടുതൽ വിമർശനം നടത്തുന്നത്. ഈ ഗവൺമെന്റ് കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികളെല്ലാം സ്വന്തം മണ്ഡലത്തിൽ കൊണ്ടുപോയി, വാസ്തവത്തിൽ അതെല്ലാം നേടിയെടുത്തതിനുശേഷം യാതൊരു നാണവുമില്ലാതെ അതിനെക്കുറിച്ച് വിമർശനം നടത്തുകയാണ്. നമ്മൾ ജനുവരി 31-ാം തീയതി ഇവിടെയും ഫെബ്രുവരി 1-ന് കേന്ദ്രത്തിലും ബഡ്ജറ്റ് അവതരിപ്പിച്ചു. ആ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളും ലക്ഷ്യങ്ങളും ഒന്നു നോക്കണം. ആ ബഡ്ജറ്റിലെ പ്രഖ്യാപനം 6000 രൂപ കർഷകർക്ക് കൊടുക്കും, നമ്മൾ ഇപ്പോൾ വർദ്ധിപ്പിച്ചതനുസരിച്ച് പ്രതിമാസം 1300 രൂപ കർഷകർക്ക് കൊടുക്കുകയാണ്. അവിടെ 6000 രൂപ കൊടുക്കുമ്പോൾ ഇവിടെ പ്രതിമാസം 1300 രൂപവച്ച് കൊടുക്കുകയാണ്. ഇത് പ്രഖ്യാപനമാണ്, ഇപ്പോൾ പ്രഖ്യാപനത്തിന്റെ കാലയളവാണല്ലോ, ശ്രീ. രാഹുൽ ഗാന്ധി വന്ന് എന്തെല്ലാം

പ്രഖ്യാപിച്ചു. അദ്ദേഹം പാവങ്ങളെക്കുറിച്ച്.., ഞാൻ പറയാൻ പോകുന്നില്ല, ശ്രീമതി ഇന്ദിരാ ഗാന്ധിയുടെ 'ഗരീബി ഹഠാവോ', ശ്രീ. രാജീവ് ഗാന്ധിയുടെ 'ബേക്കാരി ഹഠാവോ', ഇങ്ങനെ ഹഠാവോകൾ എത്രയോ നമ്മൾ കണ്ടതാണ്. പാവങ്ങളെ ചൊല്ലിയുള്ളതെല്ലാം ഒത്തിരി നമ്മൾ കണ്ടതാണ്. എന്തായാലും രാഹുൽ ഗാന്ധിക്ക് പ്രസംഗം എഴുതികൊടുക്കുന്ന ആളുകൾ..., ബഹുമാനപ്പെട്ട വി. ഡി. സതീശൻ കേൾക്കുന്നില്ല.... കേൾക്കുന്നില്ല.... കമ്പളിപ്പുതപ്പ് .... കമ്പളിപ്പുതപ്പ്.. എന്നുപറഞ്ഞത് എന്തുകൊണ്ടാണ്? വാസ്തവത്തിൽ എന്താണ് അങ്ങനെ പറയാൻ കാരണം? ഇവിടെ വന്ന വിദ്യാലയങ്ങൾ എവിടെ, ആശുപത്രികൾ എവിടെ എന്നൊക്കെ ചോദിച്ചപ്പോൾ ശ്രീ. വി.ഡി. സതീശന് അത് ചോദിക്കാനും വിവർത്തനം ചെയ്യാനും പറ്റുകയില്ല, അത് ശ്രീ. വി.ഡി. സതീശൻ മനസ്സിലാക്കി, ഇവിടെ താമസിക്കുന്ന ഒരാൾക്ക് അത് പറയാൻ പറ്റുന്ന കാര്യമല്ലല്ലോ, അതുകൊണ്ട് ശ്രീ. വി.ഡി. സതീശൻ പറഞ്ഞു, കേൾക്കുന്നില്ല.... മൈക്ക് ചീത്തയായി..... കേൾക്കാൻ പറ്റുന്നില്ല.... എന്നു പറഞ്ഞു, ശ്രീ. രാഹുൽ ഗാന്ധിയെക്കൊണ്ട് അങ്ങനെ പറയിപ്പിക്കാമോ? നമ്മളല്ലേ ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും നല്ല മുന്നേറ്റം നടത്തിയിട്ടുള്ളത്. എന്തായാലും ഇക്കാര്യങ്ങളിലെല്ലാം നമ്മൾ കേരളം

കൈവരിച്ച വലിയ മുന്നേറ്റവും പുരോഗതിയും അഭിവൃദ്ധിയുമൊക്കെ കണ്ട് അഭിമാനം കൊള്ളുകയല്ലേ വേണ്ടത്. മറ്റു സംസ്ഥാനങ്ങളെല്ലാം നഷ്ടപ്പെട്ടതോടുകൂടി ശ്രീ. നരേന്ദ്രമോദി ഇടയ്ക്കിടക്ക് കേരളത്തിലേക്ക് വച്ചു പിടിക്കുകയാണ്. ഇവിടെ വന്ന് നമ്മുടെ സംസ്കാരത്തെക്കുറിച്ച് വല്ലാതെ പ്രസംഗിക്കുകയാണ്, എന്താണ് പ്രസംഗിക്കുന്നത്; ഇന്ന് ഇന്ത്യയിൽ ഏറ്റവും മെച്ചപ്പെട്ട മതസൗഹാർദ്ദവും, മതേതരത്വവുമൊക്കെ നിലകൊള്ളുന്ന ഈ കേരളത്തെ അവഹേളിക്കാൻ ശ്രീ. നരേന്ദ്രമോദി വേറെയെങ്ങും രക്ഷയില്ലാത്തതുകൊണ്ട് ഇടയ്ക്കിടക്ക് ഇങ്ങോട്ട് വരികയാണ്. ശ്രീ. രാഹുൽ ഗാന്ധി ഇവിടെ വന്ന് കേരളത്തെ ഇകഴ്ത്താൻ വേണ്ടി ശ്രമിക്കുമ്പോൾ നിങ്ങളിലൊരാളെങ്കിലും എഴുന്നേറ്റ് നിന്ന് പറയേണ്ടതല്ലേ, അങ്ങനെ പറയരുത്, അങ്ങനെ പറയരുത് ആളുകൾ നിങ്ങളെ 'പപ്പു' എന്നു വിളിച്ച് ആക്ഷേപിച്ചത് മാറ്റിക്കൊണ്ടു വരികയാണ്, അതിനാൽ വീണ്ടും നിങ്ങളെ 'പപ്പു' എന്നു വിളിപ്പിക്കാൻ ഇടകൊടുക്കരുതെന്നൊക്കെ പറഞ്ഞുകൊടുക്കേണ്ടതല്ലേ. ആ സാഹചര്യത്തിൽ നിങ്ങൾ പറഞ്ഞു കൊടുക്കാതിരുന്നതാണ് നിങ്ങൾക്ക് പറ്റിയ ഏറ്റവും വലിയ അബദ്ധം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.. സമയം കഴിഞ്ഞു...

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ശ്രീ. പി. ജെ. ജോസഫിന് നാലു മിനിറ്റ് നൽകി, എനിക്ക് രണ്ടു മിനിറ്റ് നൽകിയാൽ മതി. അദ്ദേഹം ബഡ്ജറ്റിൽ കുറേ നല്ല കാര്യങ്ങളുണ്ടെന്നും അതിനെ സ്വാഗതം ചെയ്യണമെന്നും പോസിറ്റീവായിട്ടാണ് പറഞ്ഞത്, അല്ലാതെ അപ്പുറത്ത് എല്ലാപേരും ചെയ്യുന്നതുപോലെ നിശിതമായ വിമർശനം അദ്ദേഹം നടത്തിയില്ല, അതുകൊണ്ട് അദ്ദേഹത്തിന് നാലു മിനിറ്റ് കൊടുത്തത് പാഴായില്ല, എന്തായാലും ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. ശ്രീ. രമേശ് ചെന്നിത്തലയുടെ ഇന്നലത്തെ പ്രസംഗം ഞാൻ ടി.വി.യിൽ കേട്ടു, അദ്ദേഹം പറയുന്നത് 'കോൺഗ്രസ്സിനെ നിങ്ങൾ ഇവിടെ തോൽപ്പിച്ചിട്ട് ഇടതുപക്ഷം അവിടെപ്പോയി ഞങ്ങളെ പിൻതുണയ്ക്കുമെന്ന് പറയുന്നത് എന്ത് ശുദ്ധ അബദ്ധമാണ്', അത് മനുഷ്യനെ പറ്റിക്കലല്ലേ? ഞാൻ ഇപ്പോഴും ഓർക്കുക 2004-ലെ തെരഞ്ഞെടുപ്പ് കാലമാണ്. 2004-ലെ തെരഞ്ഞെടുപ്പ് സമയത്ത് ഉത്തരേന്ത്യയിലെവിടെയോ ഒരു പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട ഞങ്ങളുടെ പാർട്ടി സെക്രട്ടറി സഖാവ് ഹർകിഷൻ സിംഗ് സുർജിത്തിനോട് അന്ന് ഉയർന്നുവന്ന പ്രധാനപ്പെട്ട ഒരു ചോദ്യമായിരുന്നു, ഇന്ത്യ ആകെ തിളങ്ങുന്നു, ഇന്ത്യ ആകെ തിളങ്ങുന്ന പരുവത്തിലാക്കിയ ശ്രീ. അടൽ ബിഹാരി

വാജ്പേയിയ്ക്ക് പകരമായി ഒരു പ്രധാനമന്ത്രി അപ്പുറത്ത് പ്രതിപക്ഷത്തുണ്ടോ, എന്നുള്ള ചോദ്യം സഖാവ് ഹർക്കിഷൻ സിംഗ് സുർജിത്തിനോട് ചോദിച്ചു, ആ സമയത്ത് സഖാവ് സുർജിത്ത് നൽകിയ മറുപടി, 'വേണ്ടിവന്നാൽ ഞങ്ങൾ ശ്രീമതി സോണിയാ ഗാന്ധിയെ പിൻതുണയ്ക്കാനും തയ്യാറാണ്' എന്ന നിലയിൽ അന്ന് പറഞ്ഞു. ആ പ്രസംഗം കേട്ടിട്ട് മലയാള മനോരമ പത്രം പിറ്റേദിവസം എഡിറ്റോറിയൽ എഴുതി ശ്രീമതി സോണിയാ ഗാന്ധിയെ പ്രധാനമന്ത്രിയാക്കാൻ ഇടതുപക്ഷം എന്തിനാണ് പരിശ്രമിക്കുന്നത്. ഇടതുപക്ഷത്തെ അംഗങ്ങൾ പോയിട്ടെന്തു കാര്യമെന്ന് ചോദിച്ചുകൊണ്ട് അവർ മുഖപ്രസംഗം എഴുതി. ആ മുഖപ്രസംഗം വായിച്ചിട്ട് 2004-ലെ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ വോട്ടുചെയ്തപ്പോൾ ഇരുപതിൽ പതിനെട്ട് സീറ്റിലും ഇടതുപക്ഷ ജനാധിപത്യമുന്നണി സ്ഥാനാർത്ഥികളെ ജയിപ്പിച്ചുകൊണ്ടാണ് ആ മുഖപ്രസംഗത്തിന് മറുപടി കൊടുത്തത്. കാരണം ഇന്ത്യയെ വർഗ്ഗീയ വിപത്തിൽ നിന്ന് രക്ഷിക്കാൻ ഇടതുപക്ഷത്തിന്റെ അംഗങ്ങൾ എത്രയുണ്ടോ അത്രയും തന്നെ പോകുന്നതാണ് നല്ലതെന്ന് തിരിച്ചറിഞ്ഞത് കേരളത്തിലെ ജനതയാണ്. ആ വികാരം ശ്രീ. രമേശ് ചെന്നിത്തല മനസ്സിലാക്കണം, ജനങ്ങൾ അത്തരത്തിലാണ് കാണുന്നതെന്നുകൂടി പറഞ്ഞു കൊണ്ട് ഈ

ബഡ്ജറ്റിനെ സർവ്വാത്മനാ പിൻതുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി: സർ, പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതിക്കായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2019-2020 വർഷത്തേയ്ക്ക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷി ദിനത്തിൽ ഹിന്ദു തീവ്രവാദികൾ പ്രതീകാത്മകമായി അദ്ദേഹത്തെ വെടിവയ്ക്കുകയും ഗോഡ്സെയ്ക്ക് മുദ്രാവാക്യം വിളിക്കുകയും ചെയ്ത സംഭവം നമ്മുടെ നാട്ടിൽ ഉണ്ടായപ്പോൾ ഒരു കോൺഗ്രസുകാരനും അതിൽ പ്രതിഷേധിച്ചില്ല എന്ന് ഇവിടെ കുറച്ചുമുൻപ് സംസാരിച്ച ശ്രീ. വി. ജോയി എം.എൽ.എ സൂചിപ്പിച്ചപ്പോൾ അതിന് മറുപടിയായി ശ്രീ. എം. വിൻസെന്റ് എം.എൽ.എ പറഞ്ഞത്, ഇന്നാണ് ആ സംഭവത്തിലുള്ള പ്രതിഷേധം സംഘടിപ്പിക്കുന്നത് എന്നാണ്. ആൾ മരിച്ച് പതിനാറടിയന്തിരവും കഴിഞ്ഞിട്ടാണ് പ്രതിഷേധിക്കുന്നത്, ഇപ്പോഴെങ്കിലും ചെയ്തത് നന്നായി.

നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ നിശ്ചയദാർഢ്യം വ്യക്തമാക്കുന്ന പദ്ധതികളാണ് ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റ്. കേരളത്തിന്റെ പുനർനിർമ്മാണത്തെ ഉൾക്കൊണ്ടുകൊണ്ടുള്ള വികസനോന്മുഖമായ ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. കാലവർഷക്കെടുതി സൃഷ്ടിച്ച പ്രതിസന്ധികൾക്കും കേന്ദ്ര സർക്കാരിന്റെ തെറ്റായ നടപടികൾക്കും ഇടയിൽ നിന്നുകൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. സാധാരണക്കാർക്ക് കൂടുതൽ പരിഗണന നൽകുന്ന ഈ ബഡ്ജറ്റ് നവ കേരള നിർമ്മിതിക്കായി 25 പദ്ധതികളാണ് തയ്യാറാക്കിയത്. പുനർനിർമ്മാണത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച ഇരുപത്തഞ്ചിന പദ്ധതികൾ ഓരോന്നും പ്രത്യേകം ചർച്ച ചെയ്യേണ്ടതാണ്. കേരളത്തിന്റെ സകല മേഖലകളെയും എല്ലാ വിഭാഗങ്ങളെയും പരിഗണിച്ച പദ്ധതികളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. കേരളം കണ്ട ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തിൽ ലക്ഷക്കണക്കിനാളുകളുടെ സ്വത്തും ഉപജീവനമാർഗ്ഗങ്ങളുമെല്ലാം നഷ്ടപ്പെട്ടു. പതിനയ്യായിരം കോടിയിലധികം രൂപയുടെ വരുമാന നഷ്ടമുണ്ടായി. എന്നിട്ടും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിടുന്ന ഒട്ടേറെ പുതുമയാർന്ന പദ്ധതികളാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ

പ്രഖ്യാപിച്ചിട്ടുള്ളത്. 42 ലക്ഷം കുടുംബങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുവാനുള്ള തീരുമാനം ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. ക്ഷേമ പെൻഷനുകൾ 100 രൂപ വർദ്ധിപ്പിക്കുവാനുള്ള തീരുമാനം പാവങ്ങളോടുള്ള സർക്കാരിന്റെ കരുതലിന്റെ തെളിവാണ്. സ്ത്രീ ശാക്തീകരണത്തിന് 1420 കോടി രൂപയും കുടുംബശ്രീയ്ക്ക് 100 കോടി രൂപയും വകയിരുത്തിയത് വനിതാ മുന്നേറ്റത്തിന് കരുത്ത് പകരും. ശബരിമല വികസനത്തിനായി 739 കോടി രൂപ വകയിരുത്തിയത് കള്ളപ്രചാരകർക്കുള്ള ശക്തമായ മറുപടിയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് 100 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് 1000 കോടി രൂപയും നീക്കി വച്ചത് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. സാധാരണക്കാരുടെ മേൽ നികുതിഭാരം അടിച്ചേൽപ്പിക്കാതെയാണ് വിഭവ സമാഹരണത്തിന് ബഡ്ജറ്റ് ലക്ഷ്യമിടുന്നത്. സർക്കാരിന്റെ ശ്രദ്ധാപൂർവ്വമായ പ്രവർത്തനങ്ങൾ എല്ലാ മേഖലയിലും നടന്നുവരുന്ന സന്ദർഭത്തിലാണ് ഇന്ത്യയുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ ശബരിമല വിഷയവുമായി ബന്ധപ്പെട്ടുള്ള ശ്രദ്ധേയമായ വിധി വന്നത്. പ്രസ്തുത വിധി നടപ്പിലാക്കുന്നത് ഈ സർക്കാരിന്റെ നിയമപരമായ ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വം

നടപ്പിലാക്കാതിരിക്കാൻ ബി.ജെ.പി.-യും ഒപ്പമുള്ള തീവ്രവാദ സംഘടനകളും പ്രത്യേകിച്ച് യു.ഡിഎഫ്-ഉം കൂട്ടുനിന്നുകൊണ്ട് പ്രവർത്തിക്കുന്നത് നാം കണ്ടതാണ്. ഇതിനെതിരെ പ്രതിരോധം തീർത്ത വനിതാ മതിൽ ലോകറെക്കോർഡുകളുടെ ഭാഗമായി എന്നും എടുത്തുപറയേണ്ട ഒന്നാണ്. സംസ്ഥാനത്തിന്റെ പൊതുസാമ്പത്തിക മേഖലയിലും സമ്പദ്ഘടനയിലും ഏറെ പ്രത്യാഘാതമുണ്ടാക്കിയ നടപടിയാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ടു നിരോധനവും അതോടൊപ്പം കോൺഗ്രസ് നേതൃത്വത്തിലുള്ള മുൻ യു.പി.എ സർക്കാർ നടപ്പിലാക്കാൻ ശ്രമിച്ച് പരാജയപ്പെട്ടതും തുടർന്നുവന്ന ബി.ജെ.പി. സർക്കാർ നടപ്പിലാക്കിയതുമായ ജി.എസ്.ടി.യും സംസ്ഥാന സമ്പദ്ഘടനയെ ബാധിച്ചു. ജി.എസ്.ടി.-യുടെ നേട്ടം പൊതുജനങ്ങൾക്കല്ല, മറിച്ച് കോർപ്പറേറ്റുകൾക്കാണ്. ചെറുകിട സ്ഥാപനങ്ങൾക്ക് ജി.എസ്.ടി ബാധകമായത് ആ മേഖലയ്ക്ക് തിരിച്ചടിയായി മാറി. കയറ്റുമതി അവതാളത്തിലായി, നികുതി വെട്ടിപ്പ് തടയാനായില്ല. ചെക്ക് പോസ്റ്റുകൾ ഇല്ലാതായി. ഇതിൽനിന്നും കരകയറാൻ ഈ സർക്കാർ കൊണ്ടുവന്ന കിഫ്ബിയുടെ പ്രവർത്തനം ശ്രദ്ധേയമായി. ഒപ്പംതന്നെ ബഡ്ജറ്റിലൂടെ കൊണ്ടുവന്ന സമ്പൂർണ്ണ സാമൂഹ്യസുരക്ഷ വിഭാവന ചെയ്ത എല്ലാവർക്കും വീട്,

നല്ല ഭക്ഷണം, മെച്ചപ്പെട്ട വിദ്യാഭ്യാസം, സൗജന്യ ചികിത്സ, സാമൂഹ്യ ക്ഷേമ പെൻഷനുകൾ തുടങ്ങിയവ ഏറെ ശ്രദ്ധേയമായി. കേരളത്തിന്റെ സ്വന്തം സൈന്യമെന്ന് വിശേഷിപ്പിക്കാവുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് തീരദേശത്തിനായി 2000 കോടി രൂപയുടെ പാക്കേജ് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഈ ബഡ്ജറ്റിൽ അനുവദിച്ച 1000 കോടി രൂപയുംകൂടി ചേരുമ്പോൾ 3000 കോടി രൂപയുടെ ഒരു സമഗ്രവികസനമായിരിക്കും 2019-2020 കാലയളവിൽ തീരദേശത്തിനുണ്ടാകാൻ പോകുന്നത്. ഇത് തീരദേശ നിവാസികൾക്ക് സ്വീകാര്യമാകുമെന്നതിൽ തർക്കമില്ല.

ഈ ബഡ്ജറ്റിൽ എടുത്തുപറയേണ്ട ഒന്നാണ് പൊതുമേഖല വ്യവസായങ്ങളുടെ വളർച്ച. ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം 8-ൽനിന്ന് നിന്നും 20 എണ്ണത്തിലേക്ക് മാറിയിരിക്കുകയാണ്. 2800 കോടിയുടെ വിറ്റുവരവുണ്ടായി. ആകെ 1800 കോടി രൂപയുടെ ലാഭമുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുന്നത് ഏറെ ശ്രദ്ധേയമാണ്.

കേരളത്തിൽ പ്രതിവർഷം ആവശ്യമായി വരുന്ന വൈദ്യുതി ഉപഭോഗത്തിന്റെ ഏകദേശം 31.5% മാത്രമാണ് സംസ്ഥാനത്ത്

ഉത്പാദിപ്പിക്കുന്നത്. ബാക്കി പുറമെനിന്നും വാങ്ങി വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുമെന്ന ബഡ്ജറ്റിലെ നിർദ്ദേശവും സംസ്ഥാനത്തെ മുഴുവൻ വീടുകളിലും എൽ.ഇ.ഡി. ബൾബുകൾ എന്ന നിർദ്ദേശവും വളരെയധികം സ്വാഗതാർഹമാണ്. ഈ മണ്ഡലമാസക്കാലത്ത് പമ്പയിൽനിന്നും ആരംഭിച്ച കെ.എസ്.ആർ.ടി.സി.യുടെ വൈദ്യുതി ബസുകൾ ലാഭകരമായിരുന്നു. ഇത് കണക്കിലെടുത്ത് ഒരു വാഹന നയത്തിലേയ്ക്കും ഈ ബഡ്ജറ്റിലൂടെ മാറുകയാണ്. 2022 ആകുമ്പോഴേയ്ക്കും ഇലക്ട്രിസിറ്റി ബസുകളുടെ എണ്ണം 10 ലക്ഷം ആക്കുവാനുള്ള നടപടി കെ.എസ്.ആർ.ടി.സി. സ്വീകരിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്.

കേരളത്തിലെ തുറമുഖ നഗരങ്ങളെയെല്ലാം ബന്ധിപ്പിച്ചുകൊണ്ട് 6000 കോടിരൂപ കിഫ്ബി ധനസഹായത്തോടെ സൈക്കിൾ ട്രാക്കോടുകൂടിയ തീരദേശ ഹൈവേയുടെ നിർമ്മാണം സ്പൈസസ് റൂട്ടിന് വലിയ ഉത്തേജനമായിരിക്കുകയാണ്.

ഗൾഫ് രാജ്യങ്ങളിലെ മലയാളികൾ മരണപ്പെട്ടാൽ മൃതദേഹം വീട്ടിലെത്തിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുമെന്നത് ഈ ബഡ്ജറ്റിൽ എടുത്തു പറയാവുന്ന ഏറ്റവും വലിയ നിർദ്ദേശങ്ങളിലൊന്നാണ്.

ഈ സാമ്പത്തിക വർഷത്തിലെ ഏറ്റവും നിർണ്ണായകമായ സംഭവമാണ് കേരള ബാങ്ക് രൂപീകരണം. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ ബാങ്ക്, അവയുടെ എണ്ണൂറിലധികം വരുന്ന ശാഖകൾ തുടങ്ങിയവ കൂട്ടിച്ചേർത്ത് കേരളത്തിലെ ഏറ്റവും വലിയ ബാങ്കിംഗ് ശൃംഖല രൂപംകൊള്ളുകയാണ്. ഇന്ത്യയിലെ സഹകരണ മേഖലയിലെ ആദ്യത്തെ ഷെഡ്യൂൾഡ് ബാങ്കായിരിക്കും കേരള സഹകരണ ബാങ്ക്. 65000 അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്ക് 3500 കോടി രൂപയുടെ ബാങ്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതി സ്ത്രീശാക്തികരണത്തിന് ശക്തി പകരുന്ന ഒന്നാണ്. ലൈഫ് മിഷന്റെ പ്രവർത്തനങ്ങളും പൊതു വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങളും വളരെയധികം ഉണർവ്വോടുകൂടിയാണ് കേരള ജനത കാണുന്നത്.

3656 തസ്തികകളാണ് വിദ്യാഭ്യാസ മേഖലയിൽ പുതിയതായി ഈ സർക്കാർ സൃഷ്ടിച്ചത്. അതുപോലെതന്നെ ആരോഗ്യ മേഖലയിൽ 4217 തസ്തികകൾ സൃഷ്ടിച്ചത് തൊഴിലവസരങ്ങൾ തേടുന്നവർക്ക് ഏറെ ആശ്വാസകരമാണ്. പ്രളയബാധിതരായ വ്യാപാരികൾ മാർച്ച് 31-നകം എടുക്കുന്ന വായ്പകളുടെ പലിശ ഒരു വർഷക്കാലത്തേക്ക് സർക്കാർ വഹിക്കുമെന്നതും ക്ഷേമനിധി അംഗങ്ങളായ 1130 പേർക്ക് ക്ഷേമനിധിയിൽ

നിന്നും നഷ്ടപരിഹാരം നൽകുമെന്നതും ബഡ്ജറ്റിലെ വളരെ ശുഭകരമായ തീരുമാനങ്ങളാണ്. സാമൂഹ്യ ക്ഷേമപെൻഷൻ വർദ്ധനവ്, വയോജന അയൽക്കൂട്ടം ആരംഭിക്കാനുള്ള തീരുമാനം, ആശുപത്രികളിൽ വയോജന സൗഹൃദത്തിനുള്ള നടപടികൾ ഇവയെല്ലാം അഭിമാനകരമായ കാര്യങ്ങളാണ്. ഇവയെല്ലാം മറ്റൊരു സർക്കാരിനും ചെയ്യാൻ പറ്റാത്ത കാര്യങ്ങളാണ്. ലൈബ്രേറിയന്മാരുടെ അലവൻസ് 20% വർദ്ധിപ്പിക്കാനുള്ള ബഡ്ജറ്റ് തീരുമാനം ആ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് വളരെ സഹായകരമായിരിക്കുകയാണ്. ഈ ബഡ്ജറ്റിലെ ഏറ്റവും വലിയ അടങ്കൽ തുകയായ 1406 കോടി രൂപ നൽകിക്കൊണ്ട് ആരോഗ്യമേഖലയ്ക്ക് ഒരു കാലത്തുമില്ലാത്ത പിന്തുണ നൽകിയിരിക്കുകയാണ്. നമ്മുടെ ആരോഗ്യമേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളിലൂടെ മികച്ച നേട്ടമാണ് കൈവരിക്കാനാകുന്നത്.

സംസ്ഥാനങ്ങൾക്ക് നിലവിൽ ലഭിക്കുന്ന വിഹിതംപോലും വെട്ടിക്കുറയ്ക്കുന്ന ജനദ്രോഹ ബഡ്ജറ്റാണ് കേന്ദ്ര ബഡ്ജറ്റ്. പ്രളയക്കെടുതിയെ അതിജീവിക്കുവാനും പുനർനിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും കേരളത്തിന് പ്രത്യേക പാക്കേജ് ലഭ്യമാക്കിയിട്ടില്ല. സംസ്ഥാനത്തെ

സംബന്ധിച്ചിടത്തോളം കേന്ദ്ര ബഡ്ജറ്റ് നിരാശാജനകമാണ്.

ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി 372 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നതിൽ മാർക്കറ്റിംഗ് മേഖലയ്ക്ക് മാത്രമായി 82 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. നമ്മുടെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 132 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലോക ഭൂപടത്തിൽ ടൂറിസം മേഖലയിൽ കേരളത്തിന് പ്രത്യേകമായൊരു സ്ഥാനമുണ്ട്. വരും നാളുകളിൽ ടൂറിസം മേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ നമുക്ക് സാധിക്കും. കേരളത്തിന്റെ ഭാഗ്യക്കുറിയിൽ നിന്നുമുള്ള വരുമാനം പൂർണ്ണമായും നീക്കിവച്ചുകൊണ്ട് കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുവാൻ സമഗ്രമായ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് സർക്കാർ തുടക്കമിട്ടിരിക്കുന്നു. അതിനായി സർക്കാർ ഭാഗ്യക്കുറി നറുക്കെടുപ്പിൽ സമ്മാനർഹരായവരുടെ ടിക്കറ്റ് ഹാജരാകാത്തതിന്റെ പേരിൽ വിതരണം ചെയ്യാത്ത 325 കോടി രൂപ വരുന്ന തുക ഇതിനായി വിനിയോഗിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പൊതു ഖജനാവിന്റെ 922 കോടി രൂപയാണ് മൊത്തത്തിൽ വകയിരുത്തിയിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസത്തിന് 695 കോടി രൂപയും

സാങ്കേതിക വിദ്യാഭ്യാസ മേഖലയ്ക്ക് 249 കോടി രൂപയും നീക്കിവച്ചിരിക്കുന്നു. ഉന്നതനിലവാരം ഉയർത്തുന്നതിനായി ആവിഷ്കകരിച്ചിട്ടുള്ള പദ്ധതികളും വിദ്യാഭ്യാസ മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിക്കുന്നു. കേരളത്തിന്റെ വ്യവസായ നഗരമായ എറണാകുളം ജില്ലയ്ക്ക് ഈ ബഡ്ജറ്റിൽ പ്രത്യേക പരിഗണന നൽകിയതിന് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്-നെ പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്-നെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർപോലും അദ്ദേഹം അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ പിൻതാങ്ങുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം അത്രയും വലിയ ക്രൂരതയാണ് അദ്ദേഹം സാധാരണക്കാരോടും പാവപ്പെട്ടവരോടും ചെയ്തത്. ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. എം മാണി കൊണ്ടുവന്ന കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം വേണ്ടെന്നുവച്ചതോടുകൂടി ആയിരക്കണക്കിന് പാവപ്പെട്ട കിഡ്നി രോഗികളും ഹൃദയ രോഗികളും കാൻസർ രോഗികളുമൊക്കെ വിദഗ്ദ്ധ ചികിത്സ കിട്ടാതെ

മരിക്കുന്ന അവസ്ഥയിലേയ്ക്ക് പോകുകയാണ്.

കേരളത്തിലെ ആറിൽ ഒന്ന് പേരെ പ്രളയം ബാധിച്ചുവെന്നാണ് ലോകബാങ്ക് കണക്കാക്കിയിരിക്കുന്നത്. അത്രയും ആളുകളുടെ ജീവനോപാധിയും പ്രളയത്തിൽ ഒലിച്ചുപോയി. അവർക്ക് പ്രളയത്തിന്റെ ഒരു ആശ്വാസവും ലഭിച്ചില്ല എന്നുമാത്രമല്ല ഈ ബഡ്ജറ്റിൽ പ്രളയബാധിതരുടെമേൽ ഒരു ശതമാനം സെസ് ഏർപ്പെടുത്തിയിരിക്കുകയുമാണ്. കച്ചവടക്കാർ താങ്കളുടെമേൽ വലിയ പ്രതീക്ഷയാണ് അർപ്പിച്ചിരുന്നത്, പ്രത്യേകിച്ച് ഞങ്ങളുടെ നാട്ടിലുള്ള പ്രളയംബാധിച്ച കച്ചവടക്കാർ. അവർക്കൊന്നും ഈ ബഡ്ജറ്റിൽ ഒന്നും അനുവദിച്ചിട്ടില്ല. അവരെല്ലാം വളരെ നിരാശയിലാണ്. ചെറുകിട വ്യവസായികൾക്ക് നഷ്ടപരിഹാരം കൊടുക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയും താലൂക്ക് ഇൻഡസ്ട്രീസ് സെന്റർ വഴി അവരുടെ നഷ്ടപരിഹാരം തിട്ടപ്പെടുത്താനുള്ള ശ്രമങ്ങൾ പ്രളയം കഴിഞ്ഞ ഉടനെ ആരംഭിക്കുകയും ചെയ്തു. പക്ഷെ ഈ ബഡ്ജറ്റിൽ അവർക്ക് ഒന്നും കിട്ടിയിട്ടില്ല. ബഡ്ജറ്റിൽ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ചത് കൃഷി, മൃഗസംരക്ഷണം, കച്ചവടം,

മത്സ്യബന്ധനം, ഗ്രാമവികസനം, വ്യവസായം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ സെക്ടറുകളിലാണ്. അങ്ങയുടെ നിലവിലുള്ള ബഡ്ജറ്റും പുതിയതായി അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റും തമ്മിലുള്ള അന്തരം നോക്കുമ്പോൾ പ്രളയം ബാധിച്ച ഈ സംസ്ഥാനത്തെ എങ്ങനെയാണ് പുനരുജ്ജീവിപ്പിക്കുന്നത്, പുനഃസംഘടിപ്പിക്കുന്നത് എന്നെനിക്ക് സംശയം തോന്നുകയാണ്. കൃഷിക്ക് നിലവിലുള്ള ബഡ്ജറ്റിൽ 714.82 കോടി രൂപയാണ് വകയിരുത്തിയത്. ഇത്തവണ കൃഷിക്ക് 741.27 കോടി രൂപയും മണ്ണ്-ജല സംരക്ഷണത്തിന് 120.2 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. മൃഗസംരക്ഷണത്തിന് കഴിഞ്ഞ തവണ 330.35 കോടി രൂപയായിരുന്നത് 314.7 കോടി രൂപയാണ് ഈ വർഷം വകയിരുത്തിയിട്ടുള്ളത്. മത്സ്യബന്ധനത്തിന് 240.5 കോടി രൂപയായിരുന്നത് ഈ വർഷം 236.1 കോടി രൂപയും ഗ്രാമവികസനത്തിന് നിലവിലെ ബഡ്ജറ്റിൽ 669.81 കോടി രൂപയായിരുന്നത് പുതിയ ബഡ്ജറ്റിൽ 600 കോടി രൂപയും വ്യവസായത്തിന് കഴിഞ്ഞ തവണ 1567.4 കോടി രൂപയായിരുന്നത് ഇത്തവണ 1553.7 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. റോഡുകൾക്കും പാലങ്ങൾക്കും അങ്ങ് തുക കുറച്ചാണ്

വകകൊള്ളിച്ചിട്ടുള്ളത്. കഴിഞ്ഞ തവണ 1454.32 കോടി രൂപയായിരുന്നത് ഇത്തവണ 1367.13 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പതിനായിരം കോടി രൂപയുടെ നാശനഷ്ടമാണ് അഗ്രിക്കൾച്ചറൽ സെക്ടറിൽ സംഭവിച്ചതെന്നാണ് ഗവൺമെന്റിന്റെ കണക്ക്. അടുത്ത വർഷത്തേയ്ക്ക് കൂടുതൽ വച്ചിട്ടുള്ളത് 26.45 കോടി രൂപ മാത്രമാണ്. കേരളത്തിലെ മുഴുവൻ ഡാമുകളും ഒന്നിച്ച് തുറന്നുവിട്ടതുമൂലം നദികൾ തന്നെ ഗതിമാറി ഒഴുകിയ മേഖലയാണ് മണ്ണ്-ജല സംരക്ഷണം. ആ മേഖലയ്ക്ക് ഒരു രൂപപോലും അധികം വച്ചിട്ടില്ല. ലക്ഷക്കണക്കിന് മൃഗങ്ങൾ ചത്തൊടുങ്ങിയ മേഖലയ്ക്ക് ഒരു നയാപൈസപോലും അധികം വച്ചിട്ടില്ലെന്നു മാത്രമല്ല പ്ലാൻ വെട്ടിച്ചുരുക്കിയിരിക്കുകയാണ്. 15.65 കോടി രൂപയാണ് കറണ്ട് ബഡ്ജറ്റിൽനിന്നും ധനകാര്യ വകുപ്പുമന്ത്രി കുറവ് ചെയ്തിട്ടുള്ളത്. മത്സ്യത്തൊഴിലാളികളാണ് ഇന്നത്തെ കേരളത്തിന്റെ താരങ്ങൾ. നമ്മൾ എല്ലാപേരും അവരെ പാടിപുകഴ്ത്തിയതാണ്. അവരാണ് നമ്മളെല്ലാപേരെയും രക്ഷിച്ചതെന്ന് പറഞ്ഞു. ഗവൺമെന്റും വിവിധ സംഘടനകളും അവർക്ക് സ്വീകരണങ്ങൾ നൽകി വീർപ്പുമുട്ടിച്ചു. മനോരമ ന്യൂസ്മേക്കർ ഓഫ് ദ ഇയർ ആയി മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുത്തപ്പോൾ ഇവിടെ ധനകാര്യ

വകുപ്പുമന്ത്രി ആ മേഖലയ്ക്ക് ഒന്നും കൊടുത്തില്ലെന്ന് മാത്രമല്ല നാല് കോടി രൂപയോളം കുറവ് ചെയ്യുകയും ചെയ്തു. ഗ്രാമവികസനത്തിനും വ്യവസായത്തിനും റോഡുകളുടേയും പാലങ്ങളുടേയും വികസനത്തിനും ഒക്കെയുള്ള കറന്റ് ബഡ്ജറ്റിനെക്കാളും കുറഞ്ഞ പ്രൊവിഷനാണ് ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിലുള്ളത്. നമ്മുടെ നവകേരള സൃഷ്ടിയുടെ ഒരു വലിയ മോഡലായിട്ടാണ് അങ്ങ് ഈ ബഡ്ജറ്റിനെ പറയുന്നത്. എങ്ങനെയാണ് നവകേരളം നമ്മൾ സൃഷ്ടിക്കുന്നത്; മൂന്ന് ദശാബ്ദങ്ങളായി കേരളത്തിന്റെ സാമ്പത്തിക മേഖലയുടെ ചാലകശക്തിയായ നിർമ്മാണ മേഖലയെ ഈ ബഡ്ജറ്റ് തകർക്കും. നിരവധി ആളുകൾ തൊഴിൽരഹിതരാകും. കേരളത്തിലെ ഇക്കണോമിക് ബൂമിന്റെ അന്ത്യം കുറിക്കുന്ന ബഡ്ജറ്റാണിത്. വീട് ഒലിച്ചുപോയ പാവപ്പെട്ടവർക്ക് നൽകുന്ന 4 ലക്ഷം രൂപകൊണ്ട് കട്ടിളപ്പൊക്കംപോലും തീർക്കാൻ വിലക്കയറ്റംമൂലം സാധിക്കില്ല. ധനകമ്മി 3 ശതമാനമായും റവന്യൂകമ്മി ഒരു ശതമാനമായും കുറയ്ക്കുമെന്നാണ് അങ്ങ് അവകാശവാദം ഉന്നയിച്ചിട്ടുള്ളത്. ഇവിടെ പറഞ്ഞതുപോലെ, ജി.എസ്.ടി. 30 ശതമാനം വർദ്ധിക്കുമെന്നുള്ള പ്രതീക്ഷയാണ് അങ്ങേയ്ക്കുള്ളത്. നിലവിൽ ജി.എസ്.ടി. വളർച്ചാനിരക്ക് 10 ശതമാനം മാത്രമാണ്. 30 ശതമാനം

എന്നത് അങ്ങയുടെ ഒരു ഉട്ടോപ്യൻ ആശയമാണ്. ധനകമ്മിയും റവന്യൂകമ്മിയും ഒരു പരിധിവിട്ട് വർദ്ധിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. വഖഫ് ബോർഡിന് കേവലം 72 ലക്ഷം രൂപയാണ് കറണ്ട് ബഡ്ജറ്റിലുള്ളത്. അതിൽ 32 ലക്ഷം രൂപമാത്രമാണ് റിലീസ് ചെയ്തത്. സാമൂഹ്യക്ഷേമ ഗ്രാന്റായി 8 കോടി രൂപയെങ്കിലും പ്രതിവർഷം ആവശ്യമുണ്ട്. അത് അനുവദിക്കണമെന്ന് ഞാനവശ്യപ്പെടുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലെ എല്ലാ പ്രൊപ്പോസലും ഞാൻ തള്ളിപറയുന്നില്ല. ഏറ്റവും ഹൃദ്യമായ ഒരു സംഗതി വിശപ്പുരഹിത കേരളം പദ്ധതിയാണ്. അങ്ങ് ബഡ്ജറ്റിലൂടെ ഡി.വൈ.എഫ്.ഐ.-യെ ഈ സഭയിൽ അഭിനന്ദിച്ചിരിക്കുകയാണ്. വളരെയധികം സന്തോഷം തോന്നി. അത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ ആളുകളേയും ആ രീതിയിൽ കണക്കാക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഉദാഹരണമായി സൗജന്യമായി ഡയാലിസിസ് നടത്തുന്ന സി.എച്ച്. സെന്റർ ഉൾപ്പടെയുള്ള ഒരുപാട് കേന്ദ്രങ്ങളുണ്ട്. എല്ലാ പാർട്ടികൾക്കും എല്ലാ സമുദായങ്ങൾക്കും അത്തരത്തിലുള്ള സംഘടനകളുണ്ട്. സൗജന്യ ഡയാലിസിസ് നടത്തുന്ന

അത്തരം സ്ഥാപനങ്ങളുടെ വെള്ളക്കരവും വൈദ്യുതി ചാർജ്ജുമായി ലക്ഷക്കണക്കിന് രൂപ പ്രതിമാസം കൊടുക്കണം. അതൊക്കെ അവരുടെ ചാരിറ്റിയുടെ ഭാഗമാണ്. ചാരിറ്റി നിർവ്വഹിക്കുന്ന, ഒരു നയാപൈസ പ്രതിഫലം കൂടാതെ ഡയാലിസിസ് ചെയ്യുന്ന സംഘടനകളുടെ വെള്ളക്കരവും വൈദ്യുതിചാർജ്ജും ഒഴിവാക്കി കൊടുക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ഡി.വൈ.എഫ്.ഐ.യുടെ കാര്യം പറഞ്ഞപ്പോൾ അങ്ങ് 20 കോടി രൂപ ഗ്രാന്റ് കൊടുക്കുന്ന കാര്യം സൂചിപ്പിച്ചു. അതിൽ ഇത്തരം സംഘടനകളെ കൂടി ഉൾപ്പെടുത്തണമെന്ന് ഞാനാവശ്യപ്പെടുകയാണ്.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോൾ സൗജന്യ ഡയാലിസിസിനെക്കുറിച്ച് പറയുകയുണ്ടായി. കേരളത്തിൽ ഡയാലിസിസ് സെന്ററുകൾ നടത്തുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് തന്നെ അതിന് ഉദാഹരണമായിട്ടെടുക്കാം. മഞ്ചേരി മെഡിക്കൽ കോളേജിൽ ഗവൺമെന്റ് നടത്തുന്ന ഡയാലിസിസ് സെന്ററിൽ 400 രൂപ കൊടുക്കണം. എച്ച്.എം.സി. ആണ് ആ ചെലവ് വഹിക്കുന്നത്. ആകെ 3 മെഷീനുകളാണുള്ളത്.

തൊട്ടടുത്ത സി.എച്ച്. സെന്ററിൽ 12 മെഷീനുണ്ട്. അവിടെ 72 ആളുകൾക്ക് ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഡയാലിസിസ് ചെയ്തുകൊടുക്കുന്നുണ്ട്. ഒരു നയാപൈസ അവർ വാങ്ങുന്നില്ല. അതിന്റെ അവസ്ഥ പോവർട്ടി മാത്രമാണെന്നത് ബഹുമാനപ്പെട്ട മന്ത്രിക്ക് ആരെവിട്ട് പരിശോധിച്ചാലും മനസ്സിലാകും. അങ്ങനെ കേരളത്തിലുടനീളം ഡയാലിസിസ് സെന്റർ നടത്തപ്പെടുന്ന സി.എച്ച്. സെന്റർ അടക്കമുള്ള സംഘടനകളുണ്ട്. അവർക്ക് ഒരു സഹായം ചെയ്യാൻ അങ്ങ് വിശാലമനസ്കത കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ആ കാര്യംകൂടിയാണ് പറഞ്ഞ് വന്നതെന്ന് ഞാൻ വിചാരിക്കുന്നു.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, തീർച്ചയായും ഞാൻ ആ കാര്യം തന്നെയാണ് പറഞ്ഞത്. അതിനകത്ത് രാഷ്ട്രീയമോ മതമോ ജാതിയോ സംഘടനയോ നോക്കേണ്ട ആവശ്യമില്ല. ക്രൈസ്തവ സംഘടനകൾ, ഹൈന്ദവ സംഘടനകൾ എന്നിവ ഒരു പിടി ഡയാലിസിസ് നടത്തുന്നുണ്ട്. രാഷ്ട്രീയപ്പാർട്ടികൾ തന്നെ മുൻകൈയെടുത്ത് നടത്തുന്നുണ്ട്. സി. എച്ച്. സെന്റർ ഇക്കാര്യത്തിൽ വളരെ ഉന്നത നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. അങ്ങ് പ്രഖ്യാപിച്ച ഇരുപത് കോടിയുടെ കൂട്ടത്തിൽ

കുറച്ചുകൂടി ഫണ്ട് അനുവദിച്ചുകൊണ്ട്, അതിൽ നിന്ന് കൊടുക്കണമെന്ന് ഞാൻ പറയുന്നില്ല, അത്തരത്തിലുള്ള സംഘടനകൾക്ക് നൂറ് ശതമാനം ചാരിറ്റിയിൽ പ്രവർത്തിക്കുന്ന, ഡയാലിസിസ് പോലുള്ളവ സൗജന്യമായി ചെയ്യുന്ന സംഘടകൾക്ക് കൂടി ഗ്രാന്റ് അനുവദിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങ് ഒരു കാരുണ്യം അവസാനിപ്പിച്ചുകൊണ്ട് മറ്റൊരു കാരുണ്യം തുടങ്ങിയിരിക്കുകയാണ്. അക്കാര്യത്തിൽ വളരെ സന്തോഷവുമുണ്ട്. മറ്റേ കാരുണ്യം കൂടി നിലനിർത്തണം - കാരുണ്യ ബെനവലന്റ് ഫണ്ട്, അത് ശ്രീ. കെ. എം. മാണി സാർ കൊണ്ടുവന്നതാണെന്ന ധാരണയിൽ അത് ഒഴിവാക്കിക്കളയരുത്. എല്ലാത്തിനുമതീതമായി കഷ്ടപ്പെടുന്ന, പാവപ്പെട്ട രോഗികൾക്ക് പ്രത്യേകിച്ച് ഹൃദ്രോഗികൾക്കും ക്യാൻസർ രോഗികൾക്കും കിഡ്നി രോഗികൾക്കും വളരെയധികം പ്രയോജനപ്പെടുന്ന ഒരു സംഗതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. അതേപോലെ, അങ്ങ് ഇപ്പോൾ തുടങ്ങിവച്ച പദ്ധതിയിൽ ഇരുപത് കോടി രൂപ വകയിരുത്തിയിരിക്കുന്നു. അങ്ങയുടെ പേരും ചരിത്രത്തിന്റെ ഭാഗമാകുകയാണ്. അതിൽ കുറച്ചുകൂടി ഫണ്ട് അനുവദിച്ചുകൊണ്ട് ഞാൻ നേരത്തേ സൂചിപ്പിച്ച സംഘടനകൾക്കും

സംരംഭങ്ങൾക്കും കൂടി ഗ്രാന്റ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഉണ്ണി: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2019-20-ലെ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. ഈ ബഡ്ജറ്റ് ക്രൂരതയാണെന്നാണ് ഇവിടെ കുറച്ച് മുമ്പ് സംസാരിച്ച ബഹുമാന്യനായ വി. കെ. ഇബ്രാഹിം കുഞ്ഞ് പറഞ്ഞത്. ഈ അടുത്ത ദിവസം എന്റെ ജില്ലയിലെ ഒരു പ്രദേശമായ അട്ടപ്പാടിയിൽ സ്ഥലം എം.എൽ.എ.-യും ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലനും പങ്കെടുത്ത ഒരു പരിപാടി ഉണ്ടായിരുന്നു. പിറ്റേന്നാണ് ഞാൻ അട്ടപ്പാടിയിൽ പോയത്. അവിടെ ഏറ്റവും വലിയ കട്ട്-ഔട്ട് അതായത് ഫ്ലക്സ് ബോർഡ് ഞാൻ കണ്ടത് അട്ടപ്പാടിയിലാണ്. വീടുകളിൽ നെല്ല് ഉണക്കുന്ന പരമ്പ് പോലുള്ള നിരവധി വലിയ ഫ്ലക്സുകളാണ് വച്ചിരുന്നത്. അതിൽ ഏറ്റവും വലിയ വലിപ്പത്തിൽ അവിടത്തെ എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീന്റെ ചിത്രമാണ്. അദ്ദേഹത്തിന്റെ ചിത്രത്തിന്റെ താഴെ ഒരു പപ്പടവട്ടത്തിൽ വകുപ്പുമന്ത്രിയുടെ ചിത്രവുമുണ്ട്. ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന വികസന

പ്രവർത്തനങ്ങളിൽ പൂർണ്ണ സംതൃപ്തി പ്രകടിപ്പിച്ചുകൊണ്ടാണ് അവിടത്തെ എം.എൽ.എ. അത് വച്ചിട്ടുള്ളത്. പക്ഷേ, ലീഗിലെ എല്ലാ എം.എൽ.എ.-മാരും ഗവൺമെന്റ് പരിപാടിയെ സംബന്ധിച്ചും വികസനത്തെക്കുറിച്ചും ഏകാഭിപ്രായക്കാരല്ല എന്ന് ആ ഫ്ലക്സും ഇപ്പോൾ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ പ്രയോഗവും കണ്ടപ്പോൾ എനിക്ക് തോന്നി. അതുകൊണ്ടാണ് ഞാൻ എടുത്ത് പറഞ്ഞത്. ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്താങ്ങുകയാണ്. ഒരു പുതിയ കേരളത്തെ നിർമ്മിക്കുക എന്നുള്ളതാണ് നമ്മൾ ലക്ഷ്യമിടുന്നത്. ഒരുപാട് ദുരന്തങ്ങൾ ഈ അടുത്ത കാലത്ത് കേരളത്തിൽ നമ്മൾ അനുഭവിക്കേണ്ടി വന്നു. അതിലൊന്നായിരുന്നു മാരകമായ 'നിപ' വൈറസ്. ആളുകളെ ഭീതിപ്പെടുത്തുന്ന ഒരവസ്ഥ കേരളത്തിലുടനീളമുണ്ടായി. അതിനേക്കാൾ വലിയ ദുരന്തമാണ് പ്രളയംമൂലം നമുക്ക് അനുഭവപ്പെട്ടത്. നൂറ് വർഷങ്ങൾക്കപ്പുറം കേരളത്തിൽ പ്രളയമുണ്ടായി എന്ന് പറഞ്ഞാലും ഈ പ്രളയം ഒന്ന് പ്രത്യേകമായി കാണേണ്ടതാണ്. നൂറ് വർഷങ്ങൾക്കപ്പുറമുണ്ടായിരുന്ന കേരളമല്ല ഇന്നത്തെ കേരളം. ജനവാസത്തിന്റെ കാര്യത്തിലായാലും വീടുകൾ, ഫാക്ടറികൾ, വ്യവസായങ്ങൾ തുടങ്ങിയവയുടെ കാര്യത്തിലായാലും ഒരുപാട് മാറ്റങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്. നൂറ്

വർഷങ്ങൾക്കപ്പുറം പ്രളയമുണ്ടായി എന്നത് ഒരു ആശ്വാസ വാക്കല്ല എന്നാണ് ഞാൻ പറഞ്ഞത്. അത്രയും ഗുരുതരമായ പ്രളയമാണ് കേരളത്തിലുണ്ടായത്. ആഗസ്റ്റ് 8-ാം തീയതി മുതൽ രണ്ടാഴ്ചയിലധികം കേരളത്തിലെ പല പ്രദേശങ്ങളും വെള്ളത്തിനടിയിലായിരുന്നു. ആ ദുരന്തത്തിന് പുറകേയാണ് ശബരിമല ചുഴലിക്കാറ്റടിച്ചത്. കേരളത്തിൽ പ്രളയകാലത്തുണ്ടായ, മനുഷ്യന്റെ മാനസികമായ ഐക്യത്തെ വ്രണപ്പെടുത്തുകയും മുറിവേൽപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരുപാട് സംഭവങ്ങൾ ശബരിമല വിഷയത്തിന്റെ പേരിൽ വർഗ്ഗീയവാദികൾ കൊലവിളിയും അട്ടഹാസവും നടത്തിയതുമൂലമുണ്ടായി. അതും ഒരു ദുരന്തമായിരുന്നു. അങ്ങനെ ഒരവസ്ഥയിലൂടെയാണ് നമ്മുടെ കേരളം മുന്നോട്ടുപോയത്. ഈ നിലയിൽ, ഇപ്പോൾ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജറ്റിലൂടെ, ഇടക്കാലത്ത് വച്ച് നഷ്ടപ്പെട്ടുപോയ, മുറിവേൽപ്പിച്ച മനസ്സുകളെ വീണ്ടെടുക്കാനും ഐക്യത്തോടുകൂടി കേരള പുനർനിർമ്മിതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ എല്ലാ ജനങ്ങളെയും ഒരുപോലെ അണിനിരത്താനും നമുക്ക് കഴിയേണ്ടതുണ്ട്. ഈ ബഡ്ജറ്റും ബഡ്ജറ്റിന്റെ നടത്തിപ്പും അതിന് സഹായകരമായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ ദുരന്തങ്ങളെല്ലാം ഏൽപ്പിച്ച ആഘാതത്തിൽ നിന്നും

കരകയറാൻ വളരെ ദുഷ്കരമാണെങ്കിൽപ്പോലും നമുക്ക് സാധ്യമാകേണ്ടതുണ്ട്. വളരെ മെയ്‌വഴക്കത്തോടും പുത്തൻ പ്രതീക്ഷകളോടും കൂടിയ സ്വപ്നസമാനമായ പദ്ധതി നിർദ്ദേശങ്ങളുമായി നമ്മുടെ മനസ്സിൽ പ്രത്യാശ നിറയ്ക്കുന്ന കാഴ്ച അത്യധികം ആഹ്ലാദത്തോടുകൂടിയാണ് നാം അറിയുന്നത്. സൃഷ്ടിപരമായ ഭാവനയുള്ള ഒരു ഭരണാധികാരിക്ക് മാത്രം സാധ്യമാകുന്ന ഒന്നാണ് പ്രതിസന്ധികൾക്കിടയിലും പ്രതീക്ഷകളോടെ ജനങ്ങൾക്ക് ആശ്വാസം പകരുന്ന ഈ ബഡ്ജറ്റ്. പതറാത്ത, നെഞ്ചുറപ്പുള്ള ഭരണാധികാരിയായ മുഖ്യമന്ത്രിയെ പ്രളയക്കെടുതിയിൽ നാം കണ്ടു. തുടർന്ന്, നവകേരളം പടുത്തുയർത്താൻ നാം ബാധ്യസ്ഥരാണെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടുള്ള ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ മന്ത്രിയെയും നാം കണ്ടു. ഞാൻ സൂചിപ്പിച്ചതുപോലെ, നവകേരള നിർമ്മാണമാണ് ഈ ബഡ്ജറ്റിന്റെ പരമപ്രധാനമായ ലക്ഷ്യം. പ്രളയം തകർത്തെറിഞ്ഞ കേരളത്തെ നവീന മാതൃകയിൽ സൃഷ്ടിച്ചെടുക്കുക എന്ന വെല്ലുവിളിയാണ് ഈ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏറ്റെടുത്തിരിക്കുന്നത്. അദ്ദേഹത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. നവകേരള നിർമ്മിതിക്കായി ഇരുപത്തിയഞ്ച് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനായി ഒരു ഫ്രെയിം

തന്നെ ഈ ബഡ്ജറ്റിൽ ഒരുക്കി വച്ചിരിക്കുന്നു. പ്രളയം ബാധിച്ച പഞ്ചായത്തുകൾക്ക് കൈത്താങ്ങായി ഇരുപത്തിയഞ്ച് കോടി രൂപ പ്രഖ്യാപിച്ചിരിക്കുന്നത് വളരെ ഉയർന്ന കാഴ്ചപ്പാടോടുകൂടിയാണ്. ധനകാര്യ വകുപ്പുമന്ത്രി വളരെ വിദഗ്ധമായാണ് ഇതിനെ കൈകാര്യം ചെയ്തിരിക്കുന്നത്. അത്യന്തം പ്രത്യാശയ്ക്ക് വക നൽകുന്നതാണ് ആ സമീപനം. വാർഷിക പദ്ധതിയിൽ നീക്കിവച്ച തുക അപര്യാപ്തമായാൽ ഇനിയും തുക അനുവദിക്കാമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് ആശ്വാസകരമായ ഒരു പ്രഖ്യാപനമാണ്. തികച്ചും ഇടതുപക്ഷ കാഴ്ചപ്പാടുള്ള ബഡ്ജറ്റാണ് ഈ ബഡ്ജറ്റിൽ കണ്ടത്. ഈ വർഷം ഇരുപത് വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലായി എന്നത് സർക്കാരിന്റെ മുഖമുദ്രയാണ്. സത്യത്തിൽ നമ്മുടെ കേരളത്തിന്റെ വ്യവസായം ശ്മശാന തുല്യമായി കിടന്നിരുന്ന ഒരു മേഖലയാണ്. ആ വ്യവസായ മേഖലയെ തൊട്ടുണർത്താനും ഇരുപതോളം വ്യവസായ ശാലകൾ ലാഭകരമാക്കി കൊണ്ടുപോകുന്നതിനും ഗവൺമെന്റിന് കുറഞ്ഞ കാലത്തെ നയംകൊണ്ട് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വ്യവസായ വകുപ്പിന്റെ ഒരു പ്രത്യേക വിജയമായി ഞാൻ കാണുകയാണ്. പ്രളയം തകർത്തെറിഞ്ഞ കേരളത്തിന് കേന്ദ്രത്തിൽ നിന്നും തുച്ഛമായ സഹായമാണ് ലഭിച്ചത്. ഒരുപാട്

പ്രതീക്ഷകൾ ഉണ്ടാക്കിക്കൊണ്ട്, എല്ലാംതന്നെ തിരസ്കരിക്കുന്ന, നിഷേധിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. കാർഷിക മേഖലയ്ക്ക് മാത്രമായി 2500 കോടി രൂപയാണ് ഈ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. അതിൽ നെൽകൃഷിക്ക് മാത്രമായി 91 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന പാലക്കാട് ജില്ല നെൽകൃഷിക്ക് വളരെ പ്രാമുഖ്യമുള്ള ഒരു ജില്ലയാണ്. ബഡ്ജറ്റിൽ നെൽകൃഷിക്ക് നൽകിയ പ്രാധാന്യം കണ്ടുകൊണ്ടാണ് ഇവിടെ ഈ സന്ദർഭത്തിൽ ഇതെടുത്ത് പറയുന്നത്. നെൽകൃഷി മേഖല അഭിമുഖീകരിച്ചിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫണ്ട് അധികമനുവദിക്കണമെന്ന് ഞാൻ ധനകാര്യ മന്ത്രിയോട് അപേക്ഷിക്കുകയാണ്. കേരള പുനർനിർമ്മാണമെന്നാൽ, പദ്ധതികളെ ഒന്നിച്ചുകൊണ്ടുപോകുന്ന കാഴ്ചപ്പാടാണ് വളരെ സമർത്ഥമായി ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെതന്നെ ഫണ്ട് വിലയിരുത്താനും വകയിരുത്താനും ഈ ബഡ്ജറ്റിൽ കഴിഞ്ഞിട്ടുണ്ട്. ഫ്ലക്സ് ബോർഡുകളും അതുപോലെയുള്ള പ്രചരണ ഉപാധികളുമല്ല വിഷയം. ജനങ്ങൾ ഈ ബഡ്ജറ്റിന്റെ ഗുണഫലങ്ങൾ എങ്ങനെ അനുഭവിക്കുകയും കാണുകയും ചെയ്യുന്നു എന്നതാണ് കാണേണ്ടത്. പ്രളയം

തകർത്തെറിഞ്ഞത് സംസ്ഥാനത്തെ പാലങ്ങളും റോഡുകളുമാണെന്ന വസ്തുത നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. തകർന്ന റോഡുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ജി. സുധാകരന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുന്നതിനുവേണ്ടി ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രളയത്തിൽ തകർന്ന റോഡുകൾ, പാലങ്ങൾ എന്നിവ പുനർനിർമ്മിക്കുന്നതിനായി 1191 കോടി രൂപയുടെ ഭരണാനുമതിയാണ് 20-12-2018-ൽ സർക്കാർ പുറപ്പെടുവിച്ചത്. അതിനുപുറമേ ഈ ബഡ്ജറ്റിൽ 1367 കോടി രൂപ പ്രഖ്യാപിച്ചിരിക്കുന്നു. 6000 കിലോമീറ്റർ ദൂരം റോഡ് നിർമ്മിക്കുമെന്ന പ്രഖ്യാപനം നാം വളരെ ഗൗരവത്തിൽ തന്നെയാണ് കാണേണ്ടത്. കേരളത്തെ പുനർനിർമ്മിക്കുന്നതിനായി ഇരുപത്തിയഞ്ച് പദ്ധതികൾ എന്നത് എടുത്തുപറയേണ്ട കാര്യമാണ്. 1.42 ലക്ഷം കോടി രൂപ പ്രതീക്ഷിത ചെലവാണ് ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിരിക്കുന്നത്. 2018-19 വർഷത്തിൽ നിന്നും 7243 കോടി രൂപയാണ് 2019-20 വർഷത്തിൽ ചെലവ് പ്രതീക്ഷിക്കുന്നത്. വാർഷിക പദ്ധതി, പുനർനിർമ്മാണ പദ്ധതി, കിഫ്ബി ഇവ സംയോജിപ്പിച്ചാണ് ഓരോ

പദ്ധതിയും യാഥാർത്ഥ്യമാക്കാൻ പോകുന്നത്. പ്രളയാനന്തര കേരളത്തെ പുനർനിർമ്മിക്കുക എന്നതും നവകേരളം പടുത്തുയർത്തുക എന്നതും ലക്ഷ്യബോധത്തോടെയുള്ള ഭാവനാപൂർണ്ണമായ നടപടികളാണ്. എൽ. ഡി. എഫ്.-ന്റെ ഭരണകാലത്താണ് വ്യവസായ മേഖല ലാഭത്തിൽ പ്രവർത്തിച്ചിട്ടുള്ളത്. നിലവിൽ ഇരുപത് വ്യവസായങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കുന്നുവെന്നത് തൊഴിലാളികൾക്കും തൊഴിലാളി കുടുംബങ്ങൾക്കും പ്രതീക്ഷ നൽകുന്ന ഒന്നാണ്. വ്യവസായ വകുപ്പ് കൈകാര്യം ചെയ്യുന്ന, ശക്തമായ ഇടപെടൽ നടത്തുന്ന വ്യവസായ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നതിനുവേണ്ടി ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ക്ഷേമ പെൻഷനിലും 100 രൂപ വർദ്ധനവുണ്ടായി. ഇത് എൽ.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. പഞ്ചായത്തുകളിൽ വയോജനങ്ങൾക്ക് പകൽവീട്, പ്രളയബാധിത പഞ്ചായത്തുകൾക്ക് ധനസഹായം, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് 75 കോടി രൂപ, പതിനായിരം കോടി രൂപയുടെ പാലങ്ങളും റോഡുകളും ഇങ്ങനെ പോകുന്നു പ്രതീക്ഷ നൽകുന്ന ബഡ്ജറ്റിന്റെ ഉള്ളടക്കങ്ങൾ. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ മാത്രമല്ല, ഇതര സംസ്ഥാനങ്ങളിലെ ഭരണാധികാരികളും ജനങ്ങളും ഈ കേരളത്തിലെ

ഗവൺമെന്റിനെയും അതിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിയെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ഇവിടെ ബഹുമാന്യനായ കെ. സി. ജോസഫ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ ചില പത്രങ്ങളെല്ലാം നിവർത്തിപ്പിടിച്ചുകൊണ്ട് അദ്ദേഹം പത്രവാർത്തകൾ വായിക്കുകയുണ്ടായി. അദ്ദേഹം ചില പത്രങ്ങൾ മാത്രമേ വായിക്കാറുള്ളോ എന്നതാണ് എന്റെ സംശയം. മലയാളത്തിൽ ഇന്നലെ പ്രസിദ്ധീകരിച്ച പ്രമുഖ പത്രമാണ് എന്റെ കൈയ്യിലുള്ളത്. ഇതിൽ കേരളത്തിലെ മുഖ്യമന്ത്രിയെക്കുറിച്ചും അദ്ദേഹത്തിന്റെ സമീപനത്തെക്കുറിച്ചും ഒരുപാട് കാര്യങ്ങൾ എഴുതിയിട്ടുണ്ട്. സമയമില്ലാത്തതുകൊണ്ട് വായിക്കുന്നില്ല. എല്ലാവർക്കും വായിക്കാൻ വേണ്ടി ഞാനിത് സാധാരണ മന്ത്രിമാർ പറയുന്നതുപോലെ മേശപ്പുറത്ത് വയ്ക്കാനേ സമയമുള്ളൂ എന്നതുകൊണ്ട് മേശപ്പുറത്ത് വയ്ക്കുകയാണ്. ശ്രീ. കെ. സി. ജോസഫ് ഇത് വായിക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. ഈ ബഡ്ജറ്റിനെ പിൻതാങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ

കേരളത്തിന്റെ മണ്ണും ജലവും കൃഷിയും പ്രകൃതിയും വ്യവസായവും നവോത്ഥാന പാരമ്പര്യവും സംരക്ഷിച്ച് നാടിനെ മുന്നോട്ടുകൊണ്ടുപോകാൻ ദീർഘവീക്ഷണത്തോടെയാണ് അദ്ദേഹം ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെയാണ് ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കാൻ ഞങ്ങൾ മുന്നോട്ടുവരുന്നത്. ഈ ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം കേരളത്തിലെ ദൃശ്യ-പത്ര മാധ്യമങ്ങളിലെല്ലാം ഡിബേറ്റുകൾ സംഘടിപ്പിച്ചപ്പോൾ അതിൽ യു.ഡി.എഫ്.-കാരും പങ്കെടുത്തിരുന്നു. യു.ഡി.എഫ്.-കാർ ആരും തന്നെ ബഡ്ജറ്റിനെ കുറ്റപ്പെടുത്തിയില്ല. നിങ്ങൾ എവിടെനിന്നാണ് റിസോഴ്സ് കണ്ടെത്തുകയെന്ന് അവർ ചോദിച്ചു. അതിന് മറുപടിയായി നികുതി ചോർച്ച തടയുന്നതുവഴി റിസോഴ്സ് കണ്ടെത്തുമെന്ന് ഡോ. ടി. എം. തോമസ് ഐസക് തന്നെ ടിവി ഡിബേറ്റിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു. ഈ കേരളത്തിൽ ഏറ്റവും വലിയ നികുതി ചോർച്ചയുണ്ടാകുന്നത് സ്വർണ്ണ വ്യാപാരവുമായി ബന്ധപ്പെട്ടാണ്. ഇങ്ങനെ കേരളത്തിന്റെ ഓരോ മേഖലയിലുമുള്ള നികുതി ചോർച്ച തടഞ്ഞുകൊണ്ട് കേരളത്തെ ഏറ്റവും മികച്ച നികുതി പിരിക്കുന്ന സംസ്ഥാനമാക്കി മാറ്റി റിസോഴ്സ് കണ്ടെത്തുമെന്നാണ് സഖാവ് ഡോ. ടി. എം. തോമസ് ഐസക് അന്ന് ടിവിയിലൂടെ പറഞ്ഞത്. ഇവിടെ കേരളം

എന്നുപറയുന്നത്, നിങ്ങൾക്കറിയാം മഹാദുരന്തങ്ങൾ അതിജീവിച്ച നാടാണ്. മഹാദുരന്തങ്ങൾ എന്നുപറയുമ്പോൾ നൂറ്റാണ്ടിലെ പ്രളയത്തെയാണ് ഞാൻ സൂചിപ്പിച്ചത്. അതിനെ നമുക്ക് അതിജീവിക്കാൻ കഴിഞ്ഞു. കേരളത്തിലെ മുഖ്യമന്ത്രിയുടെ പത്രസമ്മേളനം വൈകുന്നേരങ്ങളിൽ ഒരു ടിവി സീരിയൽ കാണുന്നതുപോലെ കേരളത്തിലെ ജനങ്ങൾ കണ്ടു. കാരണം, ആ പത്രസമ്മേളനങ്ങളിലെല്ലാം ജനങ്ങൾക്ക് ആത്മവിശ്വാസം പകരുന്ന വർത്തമാനങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഇവിടെ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനകത്ത് 25 പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നു. ഇതെല്ലാം കേരളത്തെ പുതിയ കേരളമാക്കി മാറ്റാനുള്ള പ്രക്രിയയ്ക്ക് വേണ്ടിയാണ്. ഇവിടെ നേരത്തെ ശ്രീ. പി. ഉണ്ണി സൂചിപ്പിച്ച, ഇവിടെ മറുഭാഗത്തിരിക്കുന്ന യു.ഡി.എഫ്. അംഗങ്ങൾ നിയമസഭയിൽ ബഡ്ജറ്റിനെ വിമർശിക്കുന്നതുപോലെ അവരവരുടെ മണ്ഡലങ്ങളിൽ പോയി വിമർശിക്കാൻ ധൈര്യമുണ്ടോ? നിങ്ങൾ എല്ലാ ആളുകളും ബോർഡ് വച്ചിട്ടുണ്ടല്ലോ ഞങ്ങൾക്ക് ഇത്ര കോടി രൂപ കിട്ടി എന്നൊക്കെ; തെങ്ങിന്റെ മുകളിൽ നിന്ന് പലരും അഭിവാദ്യം ചെയ്യുന്നുണ്ടല്ലോ; ഞങ്ങൾക്ക് ഇത്ര കോടി രൂപ കിട്ടി എന്ന്. ഈ സ്കൂളിൽ ഞങ്ങൾ ഫണ്ട് അനുവദിച്ചിരിക്കുന്നു; ഇന്ന

ആശുപത്രിക്ക് ഞങ്ങൾ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിരിക്കുന്നു; കിട്ടാത്തവർ ആരാണുള്ളതെന്ന് ചോദിക്കുന്നുണ്ടല്ലോ? ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തിൽ ഈ ഗവൺമെന്റിന്റെ ആനുകൂല്യം കിട്ടാത്ത ഏതെങ്കിലും നിയമസഭാ സാമാജികരുണ്ടോ? ഇതിനെ കുറ്റപ്പെടുത്തുന്നവരാരാണ്? റിയാലിറ്റി ഷോയിലെ ജൂറിമാരെപ്പോലെയാണ് കുറ്റപ്പെടുത്തുന്നത്. റിയാലിറ്റി ഷോകൾ നിങ്ങൾ കണ്ടിട്ടുണ്ടാകും. റിയാലിറ്റി ഷോയിൽ എത്ര നന്നായി പാടിയാലും 'കുട്ടീ ആ വരി കുറച്ചു നീട്ടണം, മറ്റേ വരി കുറച്ച് കുറയ്ക്കണം' ജൂറിമാർ ഇങ്ങനെ പറയും. അതുപോലെ റിയാലിറ്റി ഷോയിലെ ജൂറിമാരെപ്പോലെ കുറ്റം പറയുന്നതിനപ്പുറത്തേക്ക് ആത്മാർത്ഥമായി ഈ സർക്കാരിനെയും ഈ സർക്കാരിന്റെ ബഡ്ജറ്റിനെയും വിമർശിക്കാൻ ഇവർക്കാർക്കെങ്കിലും സാധിക്കുമോയെന്ന ചോദ്യമാണ് വളരെ വിനയത്തോടെ ഞങ്ങൾ ചോദിക്കുന്നത്. ഈ സർക്കാർ അവതരിപ്പിച്ച പദ്ധതികളിൽ സാമൂഹ്യസുരക്ഷാ പെൻഷൻ 1200/- രൂപ ആക്കി. സമഗ്രപശ്ചാത്തല സൗകര്യ വികസനത്തിനായിരുന്നു ഈ സർക്കാർ ഊന്നൽ കൊടുത്തത്. ദേശീയ പാത നവീകരണം കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടപ്പാക്കും. എന്തായിരുന്നു കേരളത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്, ഒന്നും നടക്കില്ല ഇവിടെ;

കേരളത്തിൽ ഒന്നും നടക്കില്ല എന്ന സന്ദേശം മാറിയില്ലേ; കേരളത്തിന്റെ ദേശീയപാതകൾ നവീകരിക്കപ്പെടാൻ തുടങ്ങിയില്ലേ. തലശ്ശേരി-മാഹി ബൈപ്പാസ് ഞാൻ ജനിക്കുന്നതിനേക്കാൾ മുൻപുള്ളതാണ്. അതിന്റെ പ്രവൃത്തി ആരംഭിച്ചില്ലേ? നിങ്ങൾ പറയുന്ന 80% പണി നിങ്ങൾ കണ്ണൂർ എയർപോർട്ടിൽ പൂർത്തിയാക്കിയെന്നാണ്. നിങ്ങൾ ഇറക്കിയ ഒരു 5 1/2 ടൺ ഭാരമുള്ള വിമാനമല്ല ഞങ്ങൾ കണ്ണൂർ എയർപോർട്ടിൽ ഇറക്കിയത്. കണ്ണൂർ വിമാനത്താവളം നിങ്ങൾക്കുകൂടി സഞ്ചരിക്കാൻ സാധിക്കുന്ന രീതിയിലേക്ക് ഉദ്ഘാടനം ചെയ്തപ്പോൾ നിങ്ങളുടെ ഒരു നിയമസഭാസാമാജികൻ 'മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ. മാരും സൗജന്യ യാത്ര നടത്തിയെന്ന്' പറഞ്ഞ് ആക്ഷേപിച്ചു. ഇത് ശരിയാണോ? കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമായിരിക്കുന്നു. അതുമാത്രമല്ല, പൊതുമേഖലാ വ്യവസായങ്ങൾ ലാഭത്തിൽ വന്നിരിക്കുന്നു. പൊതുമേഖലാ വ്യവസായങ്ങളെ പൂർണ്ണമായും ലാഭത്തിൽ കൊണ്ടുവരാൻ ഈ സർക്കാരിനായി. അതോടൊപ്പംതന്നെ, പുനർനിർമ്മാണം എന്നുപറയുമ്പോൾ റോഡ് തകർന്നത് ഇടതുപക്ഷത്തിന്റെ എം.എൽ.എ.-മാർ ജീവിക്കുന്ന പ്രദേശത്ത് മാത്രമാണോ? പുതിയ പാലം നിർമ്മിക്കുമ്പോൾ ആ പാലത്തിലൂടെ കമ്മ്യൂണിസ്റ്റുകാർ മാത്രമേ പോകാൻ

പാട്ടുള്ളൂയെന്ന് ഞങ്ങൾ എവിടെയും പറയുന്നില്ല. വീടുകൾ തകർന്നത് കമ്മ്യൂണിസ്റ്റുകാരുടെ മാത്രമല്ലല്ലോ. പ്രളയം വന്നപ്പോൾ ഒരു പ്രദേശത്തെ എല്ലാ ജനങ്ങൾക്കും വീടുകളും റോഡുകളും പാലങ്ങളും തകർന്നിട്ടുണ്ട്. ഈ സർക്കാർ അഭ്യർത്ഥിച്ചത് പ്രളയം ബാധിച്ച നാടിനെ രക്ഷിക്കാനായിരുന്നു. നിങ്ങൾ എന്താണ് ചെയ്തത്? നിങ്ങൾ കോൺഗ്രസും ബി.ജെ.പി.യും സയാമീസ് സഹോദരങ്ങളാണ്. സാലറി ചലഞ്ച് പൊളിക്കാൻ യു.ഡി.എഫ്. പാരവച്ചപ്പോൾ വിദേശസഹായം തടയാൻ ബി.ജെ.പി. പാരവച്ചു, ഇതല്ലേ ഉണ്ടായത്? കേരളത്തെ രക്ഷിക്കാൻ ആർജ്ജവത്തോടുകൂടി ഈ ഗവൺമെന്റ് മുന്നിട്ടിറങ്ങിയപ്പോൾ നിങ്ങൾ കോൺഗ്രസും ബി.ജെ.പി.യും അതിന് പാരവയ്ക്കുന്ന കാഴ്ചയായിരുന്നു പിന്നീട് കേരളം കണ്ടത്. ഇവിടെ ഓരോ മേഖലയിലും കേരളത്തിന്റെ മുഖം മാറി. 1000 കോടി രൂപയുടെ കുട്ടനാട് പാക്കേജ്, കൃഷിവികസനം, റബ്ബർ പാർക്കുകൾ ഇങ്ങനെ ഓരോ കാര്യങ്ങളും എനിക്ക് മുൻപ് സംസാരിച്ച സഖാക്കൾ ഇവിടെ സൂചിപ്പിച്ചു എന്നുള്ളതുകൊണ്ട് ഞാൻ ആ ഭാഗങ്ങളിലേയ്ക്കൊന്നും വീണ്ടും വീണ്ടും കടന്നുപോകാനുദ്ദേശിക്കുന്നില്ല. വലിയ രീതിയിൽ ഇവിടെ കേരള ബാങ്ക് യാഥാർത്ഥ്യമാകാൻ പോകുന്നു. അതിലും നിങ്ങൾ പാരവയ്ക്കുകയല്ലേ? കേരള

ബാങ്ക് യാഥാർത്ഥ്യമാകുമ്പോൾ അതിലൂടെ നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ഫണ്ട് വിനിയോഗിച്ചുകൂടേ? അതിനെയും നിങ്ങൾ പാരവയ്ക്കാൻ ശ്രമിക്കുന്നു. എന്തും ഏതും പാരവച്ച് കേരളത്തിന്റെ വികസനത്തിന് തുരങ്കം വയ്ക്കുക എന്ന സമീപനവുമായിട്ടാണ് നിങ്ങൾ മുന്നോട്ടുപോകുന്നത്. വ്യാവസായിക മേഖലയ്ക്ക് ഈ സർക്കാർ ഊന്നൽ കൊടുക്കുന്നു. കണ്ണൂരിൽ ഉൾപ്പെടെ പുതിയ വ്യാവസായിക പാർക്കുകൾ വരുന്നു. ബഹുമാനപ്പെട്ട എം. കെ. മുനീറിന് കണ്ണൂരിനോട് എന്തോ വെറുപ്പാണ്. അതുകൊണ്ടാണോ രാവിലെ പറഞ്ഞത്, നിങ്ങൾ കണ്ണൂർ എയർപോർട്ടിനെ മാത്രം ഇങ്ങനെ രക്ഷിക്കാൻ ശ്രമിക്കുന്നുവെന്നുള്ളത്. എന്തിനാണ് ഒരു കണ്ണൂർ വിരോധം? എന്തിനാണ് ഈ parochialism? അത് ഉപേക്ഷിക്കണം. അതുമാത്രമല്ല പുതിയ റോഡുകളുണ്ടാകുന്നു. പുതിയ പാലങ്ങളുണ്ടാകുന്നു. കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് വലിയ ഊന്നൽ കൊടുക്കുന്ന സമീപനങ്ങൾ സ്വീകരിച്ചുകൊണ്ടുതന്നെയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. വനിതാ ശാക്തീകരണത്തിനും ഈ സർക്കാർ പ്രാമുഖ്യവും പരിഗണനയും കൊടുക്കുന്നു. കേരളത്തിലെമ്പാടും സംഘികൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന കാര്യം ശബരിമലയിലെയും ഹിന്ദു

അമ്പലങ്ങളിലെയും ഫണ്ട് സർക്കാർ എടുത്തുകൊണ്ടുപോകുന്നു എന്നുള്ളതാണ്. അത് പൂർണ്ണമായും തെറ്റാണെന്ന് ഞങ്ങൾ ഓരോ കാലത്തും പറഞ്ഞിട്ടുണ്ട്. 739 കോടി രൂപ ശബരിമല പാക്കേജ് പ്രഖ്യാപിച്ചിരിക്കുന്നു. അതിനെയും നിങ്ങൾ പരിഹസിച്ചില്ലേ. എന്തിനെയും ഏതിനെയും പരിഹസിക്കുന്ന രീതി ഉത്തരവാദിത്തപ്പെട്ട രാഷ്ട്രീയ പ്രവർത്തകർക്ക് യോജിച്ചതാണോയെന്ന് യു.ഡി.എഫ്. നേതൃത്വം നല്ലതുപോലെ ചിന്തിക്കണം എന്നതാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. കോൺഗ്രസ് ഇപ്പോൾ ഐ.സി.യു.-ൽ നിന്നും സെമി ഐ.സി.യു. -ലേയ്ക്ക് മാറിയിട്ടുണ്ട്. അല്ലാതെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യൻ രാഷ്ട്രീയത്തിലേയ്ക്ക് തിരിച്ചുവന്നുവെന്ന് നിങ്ങൾ വീമ്പടിക്കുകയൊന്നും വേണ്ട. ഇന്ത്യൻ രാഷ്ട്രീയത്തിൽ കോൺഗ്രസിന് തിരിച്ചുവരാൻ സാധിക്കുന്ന സാഹചര്യം ഇപ്പോഴില്ല. ആരാണ് ശ്രീ. ദീപക് തൽവാർ. കഴിഞ്ഞ ദിവസം ശ്രീ. രാഹുൽ ഗാന്ധി ദുബായിൽ പോയല്ലോ. അവിടെവച്ച് എന്തിനായിരുന്നു ദീപക് തൽവാറുമായി രഹസ്യചർച്ച നടത്തിയത്. ദീപക് തൽവാർ അഗസ്റ്റാവെസ്റ്റ് ലാൻഡിലെ 3600 കോടി ഹെലികോപ്റ്റർ ഡീലിന്റെ ഫിക്സ്ചറാണ്. അദ്ദേഹം ഇപ്പോൾ expedite ചെയ്ത് ഇന്ത്യയിലെത്തി. ഗാന്ധി ഫാമിലിയുമായി ദീപക് തൽവാറിനുള്ള

ബന്ധത്തെക്കുറിച്ച് അന്വേഷിക്കണം. ആ അന്വേഷണം പുറത്തുവരുമ്പോൾ കോൺഗ്രസും ഗാന്ധി കുടുംബവും അഴിമതിയുടെ ഭാഗമാണെന്ന കാര്യം നമുക്ക് ഒരിക്കൽകൂടി ഉറപ്പുവരുത്താൻ കഴിയും. ഇവിടെ അഴിമതി നടത്തുന്ന കാര്യത്തിൽ കോൺഗ്രസും ബി.ജെ.പി.-യും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. നിങ്ങൾ ആലോചിക്കണം ഇവിടെ കോൺഗ്രസിനെക്കുറിച്ച് വളരെ വിഖ്യാതമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. Virginia University-ലെ പ്രൊഫസ്സർ John Echeverri-Gent കോൺഗ്രസിനകത്ത് ജനാധിപത്യമില്ലാതാകുന്നു എന്ന് പറഞ്ഞു. എന്തുകൊണ്ടാണ്? കോൺഗ്രസിന്റെ ക്യാമ്പയിൻ ഫണ്ടുകൾ/ കോൺഗ്രസിന്റെ പൊളിറ്റിക്കൽ ഫണ്ടുകൾ ഒരു കുടുംബം കൈകാര്യം ചെയ്യുന്നു. ആ കുടുംബം മഹത്തരമുള്ള കുടുംബമാണെന്ന് സ്ഥാപിച്ചെടുക്കാൻ നിങ്ങൾ ശ്രമിക്കുമ്പോൾ നിങ്ങൾ സ്വയം ചെറുതാകുന്നു എന്ന് മാത്രമേ ഞങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളൂ. ഇവിടെ നിങ്ങൾ ആലോചിക്കേണ്ടത് കോൺഗ്രസിന്റെ സോഫ്റ്റ് ഹിന്ദുത്വത്തെക്കുറിച്ചാണ്. ഇവിടെ ലോകം ആദരിക്കുന്ന ഒരു രാഷ്ട്രീയ ചിന്തകനായ ഹർഷ് മന്ദർ പറഞ്ഞത്, "Muslims are becoming invisible in Congress party" കോൺഗ്രസിന്റെ മുസ്ലീം മുഖങ്ങൾ എവിടെപ്പോയി.

എവിടെപ്പോയി ഗുലാം നബി ആസാദ്? എവിടെപ്പോയി അഹമ്മദ് പട്ടേൽ? കോൺഗ്രസിൽ ശ്രീമതി സോണിയാ ഗാന്ധിയുടെ രാഷ്ട്രീയ ഉപദേശകനായിരുന്ന ശ്രീ. അഹമ്മദ് പട്ടേൽ. ഗുജറാത്ത് തെരഞ്ഞെടുപ്പിൽ നിങ്ങൾ ഗുലാം നബി ആസാദിനെ ഇറക്കിയോ? ഗുജറാത്ത് തെരഞ്ഞെടുപ്പിൽ നിങ്ങൾ അഹമ്മദ് പട്ടേലിനെ ഇറക്കിയോ? കോൺഗ്രസിന്റെ ഓരോ സംസ്ഥാനങ്ങളിലെയും മുസ്ലീം മുഖങ്ങളെ നിങ്ങൾ പൂർണ്ണമായും സൈഡ്ലൈൻ ചെയ്തില്ലേ? എന്താണ് കാരണം? കാരണം മുസ്ലീങ്ങളെ തെരഞ്ഞെടുപ്പിന്റെ ക്യാംമ്പയിന്റെ മുന്നിൽ നിർത്തിയാൽ ഹിന്ദുവോട്ടുകൾ കേന്ദ്രീകരിപ്പിക്കാൻ സാധിച്ചില്ലെങ്കിലോ എന്ന ആശങ്കയാണ് മുസ്ലീം മുഖങ്ങളെ കോൺഗ്രസിൽ നിന്നും മാറ്റി നിർത്താൻ അവരെ പ്രേരിപ്പിക്കുന്നത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോഴും പറയാം 1984-ലാണല്ലോ single largest party-യായി മൃഗീയ ഭൂരിപക്ഷത്തോടെ കോൺഗ്രസ് അധികാരത്തിലേയ്ക്ക് വന്നത്. 1991-ൽ പ്രണോയ് റോയ് അന്നത്തെ പാർട്ടി സെക്രട്ടറി ഹർക്കിഷൻ സിംഗ് സുർജിത്തിനോട് അഭിമുഖത്തിൽ ചോദിച്ചു. അന്ന് single largest party കോൺഗ്രസായിരുന്നു. സുർജിത്ത് പറഞ്ഞു "Let the Congress being a single largest party, let Congress form the Government." അന്ന് അത്

ഇന്ത്യയിലെ കോൺഗ്രസ് പ്രവർത്തകൻമാരുടെ കാതുകൾക്ക് സംഗീതമായിരുന്നു. 2004-ൽ 'India Shining' എന്ന ക്യാംമ്പയിൻ മുന്നോട്ടുവച്ചു. ആ ക്യാംമ്പയിനുമായി മുന്നോട്ടുപോയപ്പോഴും ഞങ്ങൾ സ്വീകരിച്ചത് single largest party കോൺഗ്രസ്സ്, കോൺഗ്രസ്സ് ഭരിക്കട്ടെ എന്നാണ്. എന്നാൽ നിങ്ങളുടെ സ്വഭാവമെന്താണ് 2004-ൽ വെന്റിലേറ്ററിലായിരുന്ന കോൺഗ്രസിന് കരുത്ത് കിട്ടിയപ്പോൾ ആ കരുത്തുകൊണ്ട് ആദ്യം ചവിട്ടിയത് ഇടതുപക്ഷത്തിന്റെ തലയ്ക്കായിരുന്നു. ഞങ്ങൾ ഒന്നേ കോൺഗ്രസിനോട് പറയുന്നുള്ളൂ നിങ്ങൾ കോൺഗ്രസാകണം കോൺഗ്രസ് Cong-RSS ആകരുത്. കോൺഗ്രസ് Cong-RSS ആയതുകൊണ്ടാണ് ശബരിമല സമരത്തിന്റെ പിറകെ നിങ്ങൾ ഓടിയത്. കോൺഗ്രസ് കോൺഗ്രസിന്റെ മതേതര സ്വഭാവം വീണ്ടെടുക്കണമെന്നേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരോ കാര്യങ്ങൾക്കും ബി.ജെ.പിയുടെ പിറകെ ഓടുന്ന കാഴ്ചയാണ് ഇപ്പോഴുള്ളത്. ഇപ്പോൾ നിങ്ങൾ ശ്രീ. നരേന്ദ്ര മോദിയെ വിമർശിക്കുന്നു. ആരാ ശ്രീ. മോദിയുടെ ഐക്കൺ? ശ്രീ. മോദിയുടെ ഐക്കൺ ശ്രീമതി ഇന്ദിരാ ഗാന്ധിയാണ്. ആരാ ശ്രീമതി ഇന്ദിരാ ഗാന്ധി? ശ്രീമതി ഇന്ദിരാ ഗാന്ധി

ഡിക്റ്റേറ്ററായിരുന്നു. ജനാധിപത്യ കശാപ്പിന് നേതൃത്വം കൊടുത്ത വ്യക്തിയായിരുന്നു. ആ ഇന്ദിരാ ഗാന്ധിക്ക് സമമാണ് ശ്രീ. നരേന്ദ്ര മോദി. ശ്രീമതി ഇന്ദിരാ ഗാന്ധി എമർജൻസി പ്രഖ്യാപിച്ചുവെങ്കിൽ ഇന്ന് എല്ലാ ഇൻസ്റ്റിറ്റ്യൂഷനുകളും ശ്രീ. നരേന്ദ്ര മോദി വ്യഭിചരിക്കുന്ന കാഴ്ചകളാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇന്ന് ശ്രീ. നരേന്ദ്ര മോദിയ്ക്കെതിരെ വിമർശിക്കാൻ കോൺഗ്രസിന് അവകാശമില്ല. ശ്രീ. നരേന്ദ്ര മോദിയെ വിമർശിക്കാൻ ഇന്ത്യയിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് മാത്രമേ അവകാശമുള്ളൂ എന്നതാണ് അതുമായി ബന്ധപ്പെട്ട് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ശ്രീ. അരുൺ ജെയ്റ്റ്ലി പറഞ്ഞു, ഒരു ശരിയായ ഹിന്ദുത്വ പാർട്ടിയുള്ളപ്പോൾ പിന്നെ എന്തിനാണ് കോൺഗ്രസിന്റെ ആവശ്യം; ഞങ്ങളാണല്ലോ ശരിയായ ഹിന്ദുത്വ പാർട്ടി ഞങ്ങളാണല്ലോ ശരിയായ ഹിന്ദു ലൈൻ സ്വീകരിക്കുന്നത്. ആ ഒരു ലൈൻ സ്വീകരിച്ച് ഞങ്ങൾ മുന്നോട്ടുപോകുമ്പോൾ പിന്നെ കോൺഗ്രസിന്റെ പ്രസക്തിയെന്താണ്? ഇവിടെ ശബരിമലയുടെ പേരിൽ നിങ്ങൾ ആരുടെ കൂടെയായിരുന്നു? കൊടി മാറ്റിവച്ച് നാമജപ ഘോഷയാത്രയിൽ പങ്കെടുക്കണമെന്ന് നിങ്ങൾ പറഞ്ഞപ്പോൾ കോൺഗ്രസ് തള്ളിപ്പറഞ്ഞത് കോൺഗ്രസിന്റെ പൈതൃകമായിരുന്നു.

കോൺഗ്രസിന് മതേതര സ്വഭാവമുണ്ടായിരുന്നില്ലേ; ഗാന്ധിയുടെ പൈതൃകമുണ്ടായിരുന്നില്ലേ. അത് തള്ളിപ്പറഞ്ഞ് കോൺഗ്രസ് മൃദുഹിന്ദുത്വ സമീപനം സ്വീകരിച്ച് മുന്നോട്ടുപോകുന്ന കാഴ്ചയാണ് പിന്നീട് നാം രാജ്യത്ത് കണ്ടത്. അതുകൊണ്ട് ഇപ്പോഴും ഞാൻ പറയുന്നത് 106 ലോകസഭാ മണ്ഡലങ്ങളിലേ കോൺഗ്രസ് ബി.ജെ.പി. ഡയറക്ട് ഫൈറ്റുള്ളൂ. 437 നിയമസഭാമണ്ഡലങ്ങളിൽ മൾട്ടി പോളാർ ഫൈറ്റാണ്. കോൺഗ്രസിനിപ്പോഴും മൂന്ന് ഡിജിറ്റിലേയ്ക്ക് എത്താൻ സാധിക്കുന്ന അവസ്ഥപോലുമില്ല. അന്ന് 400 പാർലമെന്ററി അംഗങ്ങളുള്ള പാർട്ടിയായിരുന്നു, ഇന്ന് കേവലം 44 അംഗങ്ങളിലേയ്ക്ക് നിങ്ങൾ എത്തിയെങ്കിൽ നിങ്ങൾ ചെയ്തുകൂട്ടിയ കർമ്മത്തിന്റെ ഭാഗമാണ്. നിങ്ങൾ ഈ നാട്ടിൽ നടപ്പിലാക്കിയ നിയോ -ലിബറൽ പോളിസി തിരുത്താൻ തയ്യാറുണ്ടോ? വർഗ്ഗീയതയുള്ള കോൺഗ്രസിന്റെ സമീപനം തിരുത്താൻ കോൺഗ്രസ് തയ്യാറുണ്ടോ? നവ-ലിബറൽ നയങ്ങളിൽ ഞങ്ങൾക്ക് പാളിച്ച പറ്റിയിട്ടില്ല എന്ന് ഇപ്പോഴും കോൺഗ്രസ് പറയുന്നില്ല. വർഗ്ഗീയതയുടെ സോഫ്റ്റ് ലൈൻ ഇപ്പോഴും കോൺഗ്രസ് ഉപേക്ഷിക്കുന്നില്ല. ലീഗ് ഇപ്പോൾ വല്ലാതെ കോൺഗ്രസ്സിനെ താങ്ങി നടക്കുകയല്ലേ. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം അവർക്ക് കരുത്തുകിട്ടുന്ന ഒരു സാഹചര്യമുണ്ടായാൽ

അവർ ലീഗിനെയും തള്ളിപ്പറയും. അതുകൊണ്ട് ഞങ്ങൾ ഉറപ്പിച്ച പറയുന്നത് ഈ രാജ്യത്തൊരു തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഈ രാജ്യത്തൊരു മതനിരപേക്ഷ സർക്കാർ ഉയർന്നുവരും, അതിൽ ഇടതുപക്ഷം നിർണ്ണായക പങ്ക് വഹിക്കുമെന്നുള്ളതാണ്. ഇവിടെ ഭാരത രത്നം കൊടുത്താദരിച്ച മൂന്നുപേരിൽ ഒരാൾ ശ്രീ. നാനാജി ദേശ്മുഖ്, ആർ.എസ്.എസ്.-ആണ്. മറ്റൊരാൾ നിങ്ങൾക്കറിയാം സംഗീതജ്ഞൻ അദ്ദേഹവും ആർ.എസ്.എസ്-നുവേണ്ടി മത്സരിച്ച ഒരാളാണ്. മൂന്നാമത്തെയാൾ ശ്രീ. പ്രണബ് മുഖർജി അദ്ദേഹം പകുതിയിൽ നിൽക്കുകയാണ് അപ്പുറത്ത് പോണോ ഇപ്പുറത്ത് പോണോ എന്ന ശങ്കയാണ്. ബി.ജെ.പി-യിലേയ്ക്ക് പോകണോ അല്ലെങ്കിൽ കോൺഗ്രസ്സിലേയ്ക്ക് ഉറച്ചുനിൽക്കണോ എന്ന ശങ്കയുള്ള ശ്രീ. പ്രണബ് മുഖർജിയാണ് ഒരു ഭാഗത്തുള്ളത്. അതുകൊണ്ട് കോൺഗ്രസ് കൂട്ടത്തോടെ ബി.ജെ.പി. വത്ക്കരിക്കുന്ന കാലത്ത് ഈ രാജ്യത്ത് വിശ്വസിക്കാൻ സാധിക്കുന്നത് ഇടതുപക്ഷത്തെയാണ്. ഞങ്ങൾ ജയിച്ചുപോയാൽ റിസോർട്ടുകൾ ആവശ്യമില്ല, റിസോർട്ടുകൾക്കു ചുറ്റും ഇലക്ട്രിക് വേലികെട്ടേണ്ട ആവശ്യമില്ല. ഞങ്ങൾ ജയിച്ചുപോകുന്നവർ ഈ രാജ്യത്തെ മതനിരപേക്ഷ സർക്കാരിനുപിന്നിൽ അടിയുറച്ചുനിൽക്കും എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ

**സഖാവ് ഡോ. ടി. എം. തോമസ് ഐസകിന്റെ ബഡ്ജറ്റിനെ പിൻതുണയ്ക്കുന്നു.**